സെപ്റ്റംബർ 2016

# മണിയും പതിരും

MANIYUM PATHIRUM

Vol. 3

No. 09



"വീശുമുറം അവന്റെ കൈയിൽ ഉണ്ട്; അവൻ കളത്തെ മുറ്റും വെടിപ്പാക്കി കോതമ്പു കളപ്പുരയിൽ കൂട്ടിവെക്കയും പതിർ കെടാത്ത തീയിൽ ഇട്ടു ചുട്ടുകളകയും ചെയ്യും." മത്തായി. 3:12

# മണിയും പതിരും

Vol. 3 2016 SEPTEMBER No. 9

**ദൈവജനത്തിന് ഒരു യഥാർത്ഥ ആത്മിക മടങ്ങിവരവ് ആഗ്രഹിക്കുന്ന വ്യക്തിയാണ് നിങ്ങൾ എങ്കിൽ ഈ മാസികാ പ്രവർത്തനത്തിൽ പങ്കാളിയാവുക**

## ഈ മാസികാ പ്രവർത്തനത്തിന്റെ ഉദ്ദേശ്യം

1. ദുരുപദേശങ്ങളെ എതിർക്കുക
2. അനാത്മിക പ്രവണതകളെ നിരുത്സാഹപ്പെടുത്തുക

## ഈ ലക്കത്തിലെ വിഷയ വിവരം


1 എഡിറ്റോറിയൽ 3
2. വായനക്കാർ എഴുതുന്നു 4
3 സഭാസത്യങ്ങൾ 5
4 അധികാരത്തിനായുള്ളഅഭിനിവേശം-7
5 ദൈവത്തിന്റെ മനുഷ്യൻ 8
6 ദൈവം ഏകനാണ് ത്രിയേകൻ 11
7 ആത്മാവും അഭിഷേകവും ദഹിക്കാത്തതോ?12
8 ദൈവകരങ്ങളിൽ വിശ്വാസിയുടെ....... 15
9 സംഘടനകളിൽനിന്ന്..... 17
10 സഭയിൽ സഹോദരിമാരുടെ .... 18
11 നമ്മുടെ പ്രാർത്ഥന 21
12. ഒരു സംഘടന ജനിക്കുന്നു 23
10 അന്യഭാഷ എന്തല്ല 23
11 ചെമ്മീൻ കെട്ടും ദുരുപദേശവും 24
12 യേശുവിന്റെ ഫോട്ടോ 25
13 പരിശുദ്ധാത്മസ്നാനവും അന്യഭാഷ.. 26
14. വാക്കും വചനവും 26
15. ചിന്താധാര 27


**വാർഷിക വരിസംഖ്യ Rs. 150/- (മുൻകൂർ)**

**മാസികാസംബന്ധമായ കത്തിടപാടുകളും വരി സംഖ്യയും അഭിപ്രായങ്ങളും എഴുതേണ്ട വിലാസം**


P. James Samuel
Thondiyathu Veettil
Kallissery P.O., Chengannur 689124
Mob: 8592019064, Tel: 04792426402
thondiyathu_james@yahoo.com


**ഇ-മെയിൽവഴി മാസിക ആവശ്യമുള്ളവർക്ക് അയയ്ക്കുന്നതാണ്.**


*Chief Editor :* **Reji Eettimoottil**
*Managing Editor:* **P James Samuel**
*Associate Editors :*
**Benson Babu, Meenpara**
**P.M. Abraham, Kannur**
**James Thengil, Ranny**
**Thomas Mathai, Anikad**
**Jose Philip, Vettoor**


ലേഖനങ്ങളുടെ ഉത്തരവാദിത്വം ലേഖന കർത്താവിനു മാത്രമായിരിക്കും. ഇത് വേദപുസ്തക ഉപദേശങ്ങൾക്കുവേണ്ടി നിലകൊള്ളുന്ന ഒരു വ്യക്തിഗത പ്രബോധന മാധ്യമം ആണ്.

ലേഖനങ്ങളുടെ ഒറിജിനൽ തന്നെ അയയ്ക്കുക. ഒരു ലേഖനം ഒരേ സമയം പല മാസികകൾക്ക് അയയ്ക്കുന്നത് ശരിയല്ല. ലേഖനങ്ങൾ മാസികാപ്രവർത്തനങ്ങൾക്ക് യോജിച്ചവയും എ 4 മൂന്നുപേജിൽ കവിയാത്തവയും കടലാസിന്റെ ഒരു പുറം മാത്രം എഴുതിയവയും ആയിരിക്കണം

**ലേഖനങ്ങൾ അയയ്ക്കേണ്ട വിലാസം**


**Reji Eettimoottil**
**Eettimoottil House**
**Ayyappan Covil P.O.**
**Mattukkatta 689508, Idukki**
**Tel: 9495127455**
**rejieettimoottil@yahoo.com**


മാസികാസംബന്ധമായ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും നിങ്ങളിൽനിന്നും പ്രതീക്ഷിക്കുന്നു.




# 'ഇപ്പോഴത്തെ പിള്ളേർ ഇങ്ങനെയാ.....'

ഉപദേശപരവും ധാർമ്മികവുമായ വിട്ടുവീഴ്ചകൾ അനുവദിക്കുവാനായി പറഞ്ഞുകേട്ട ഒരു ന്യായവാചകമാണ് മുകളിലെ തലവാചകം. ഒരു വേർപാടുകാരന്റെ ഭവനത്തിലെ വിവാഹം ആഭരണപൂരിതമായിരുന്നു. സ്ഥലം സഭ അതിന്റെ നടത്തിപ്പിൽ വേണ്ടത്ര താല്പര്യം കാണിച്ചില്ല. വിവാഹം നടത്തുന്നത് ഇന്ന് സുവിശേഷകന്മാരുടെ കുത്തകയായി മാറിയിരിക്കുകയാണല്ലോ. അതുകൊണ്ട് ആഭരണത്തോടുകൂടെ വിവാഹം നടത്തുവാൻ മുൻപോട്ടുവന്ന കർത്തൃദാസൻ വേറൊരു സുവിശേഷകനെ വിളിച്ച് തന്റെ സഭയിൽനിന്നും വിവാഹരജിസ്റ്റർ കൊണ്ടുവന്ന് വിവാഹം നടത്തി. താൻ ഇങ്ങനെ പറഞ്ഞു. 'ഇപ്പോഴത്തെ പിള്ളേർ ഇങ്ങനെയാണ്, ആരെങ്കിലും വിവാഹം നടത്തിക്കൊടുത്തല്ലേ പറ്റുകയുള്ളു!' അതിന്റെ അർത്ഥം ഞാൻതന്നെ അതങ്ങു നടത്തിയേക്കാം അല്ലെങ്കിൽ വേറെ ആരെങ്കിലും നടത്തും. എന്റെ ചാൻസ് നഷ്ടപ്പെടുകയും ചെയ്യും.'

വിവാഹവേദിയിൽ ഇരിക്കുവാനുള്ള തിക്കും തിരക്കും പ്രസംഗങ്ങളിലെ അനാവശ്യ വാഴ്ത്തി പുകഴ്ത്തലുകളും, സ്വന്ത ബന്ധ വിശദീകരിക്കലുകളും നാം വളരെയധികം ചർച്ചചെയ്തു കഴിഞ്ഞു. അതുകൊണ്ട് എന്തെങ്കിലും പ്രയോജനം ഉണ്ടായതായി അറിവില്ല എന്നു മാത്രമല്ല വേദിക്കു വേണ്ടിയുള്ള പിടിവലി വർദ്ധിക്കുകയാണ്.

വെളിപ്പാട്16:8–9 ഇങ്ങനെ വായിക്കുന്നു "നാലാമത്തവൻ തന്റെ കലശം സൂര്യനിൽ ഒഴിച്ചു. അപ്പോൾ തീകൊണ്ടു മനുഷ്യരെ ചുടുവാൻ തക്കവണ്ണം അതിന് അധികാരം ലഭിച്ചു. മനുഷ്യൻ അത്യുഷ്ണത്താൽ വെന്തുപോയി. ഈ ബാധകളുടെമേൽ അധികാരമുള്ള ദൈവത്തിന്റെ നാമത്തെ ദുഷിച്ചതല്ലാതെ അവന്നു മഹത്വം കൊടുപ്പാൻ തക്കവണ്ണം മാനസാന്തരപ്പെട്ടില്ല."

നമ്മുടെ യുവതലമുറയ്ക്ക് അവരുടെ ഇഷ്ടാനുസരണം എല്ലാ ഒത്താശകളും നാം ചെയ്തുകൊടുത്തു. രക്ഷിക്കപ്പെടാതെ സ്നാനപ്പെടുത്തി. പാട്ടുകച്ചേരി, യൂത്ത് മീറ്റിംഗുകൾ, പിക്നിക്ക് എല്ലാം നടത്തിക്കൊടുത്തു. എന്നിട്ട് എന്തുപറ്റി? അവർ ഇന്ന് എവിടെയാണ്? എന്തുകൊണ്ട് അവൻ നമ്മെ വെറുക്കുന്നു?

വേർപാടുകാരെ നശിപ്പിക്കണം എന്ന വാശിയുമായി ചില വേർപാടുകാർ ഇറങ്ങിയിട്ടുണ്ട്. അവർ എങ്ങനെയും വേർപാട് ഉപദേശത്തിന്റെ നിർമ്മലതയെ നശിപ്പിച്ച്, അതിനെ ദേശത്തുനിന്നും ഉന്മൂലനം ചെയ്യുവാൻ കച്ചകെട്ടി ഇറങ്ങിയിരിക്കുന്നവരാണ്. എന്തുവന്നാലും, ആരു പറഞ്ഞാലും തങ്ങളുടെ തീരുമാനം നിവർത്തിക്കും എന്ന ചിന്തയാണ് അവരുടേത്. വേർപാടുകാർ വേരോടെ നശിക്കുംവരെ തങ്ങളുടെ തീരുമാനത്തിൽ അവർ ഉറച്ചുനിൽക്കും.

വിവാഹാഘോഷങ്ങളാണ് ഇന്ന് നമ്മുടെ ഹൃദയസ്ഥിതി വെളിപ്പെടുത്തുംവിധം അനാത്മീകതയുടെ കേളീരംഗമായി മാറിയിരിക്കുന്നത്. ഏതൊരു സമുദായക്കാരെയും ഈ കാര്യത്തിൽ നാം കവച്ചുവെക്കുന്നു. വിവാഹവേദിയിൽ വിവാഹമല്ലേ നടക്കേണ്ടത്? അതിന് വരനും വധുവും വിവാഹം നടത്തുന്നയാളും പോരേ? അഥവാ പ്രസംഗിക്കുന്നത് മറ്റൊരാളാണെങ്കിൽ പ്രസ്തുത വ്യക്തിക്ക് തക്കസമയത്ത് വന്ന് പ്രസംഗിച്ചിട്ട് പോയാൽ പോരേ? എന്തിനീ ആളുകളെയെല്ലാം വേദിയിൽ പിടിച്ചിരുത്തി ഫാഷൻ പരേഡ് നടത്തുന്നു? രണ്ടു സഭകൾക്ക് എന്തുകൊണ്ട് വേദിയിൽ പ്രാതിനിധ്യം വേണം? വിവാഹം നടത്തുന്ന സഭ അതിന്റെ ചുമതല വഹിച്ചാൽ പോരേ? വിവാഹ നിശ്ചയം നടത്തുമ്പോൾ മറ്റേ സഭയും ചുമതല വഹിക്കട്ടെ.

ഇന്ന് വിവാഹം ഇവന്റ് മാനേജ്മെന്റിന്റെ ചുമതലയിൽ വിട്ടുകൊടുക്കുവാൻ നാം തുടങ്ങിക്കഴിഞ്ഞു. അവർ വിശ്വാസികളല്ല. ദീപാലങ്കാരം, വെടിക്കെട്ട്, ചെണ്ടമേളം തുടങ്ങിയ അനാത്മിക നടപടികൾ നമ്മുടെ ആളുകൾ ആരംഭിച്ചു. ബൈക്കുകളും (ബുള്ളറ്റ്) അലങ്കരിച്ച തുറന്ന ജീപ്പും അതിനു മുന്നിൽ ലൈറ്റിട്ട് ബൈക്കുകളുടെ ചുറ്റിക്കറങ്ങലുകളും, ഡാൻസും എല്ലാവിധ പേക്കൂത്തുകളും നാം ആരംഭിച്ചു. സമുദായങ്ങളിൽനിന്നും വന്നവർ അവരുടെ മുതുമുത്തച്ഛന്റെ പാരമ്പര്യമനുസരിച്ചുള്ള 'നടനടായേ' ആഘോഷവും മഞ്ഞൾക്കുളിയുമെല്ലാം തുടങ്ങിക്കഴിഞ്ഞു. ഒരു സഭ അതു നടത്തിയവർക്കെതിരെ യുക്തമായ ശിക്ഷാനടപടി സ്വീകരിച്ചു എന്നത് മാത്രമാണ് ആശ്വാസം നൽകുന്ന വസ്തുത.

കൂടുതൽ ആഡംബര വിവാഹങ്ങൾ നടക്കുന്നത് സുവിശേഷകന്മാരുടെ വീട്ടിലും അവരോട് ബന്ധപ്പെട്ടുമാണ് എന്ന കാര്യം വളരെ ദുഃഖകരമാണ്.

ആഭരണപ്രസ്ഥാനം ആരംഭിച്ചപ്പോൾ ഈ സമൂഹത്തെ നശിപ്പിക്കരുതേ എന്ന് ഈയുള്ളവൻ എഴുതി. എന്നാൽ മുൻനിരയിൽപ്പെട്ട പലരും അതിനെ അനുകൂലിക്കയാണുണ്ടായത്. അത്തരക്കാർക്ക് വേർപാടുകാരോടും അവരുടെ പഠിപ്പിക്കലുകളോടുമുള്ള വെറുപ്പ് വ്യക്തമാണ്. സ്വയം ആഭരണം ഉപയോഗിക്കാതെയും, ഭവനത്തിലെ സ്ത്രീകളെ അതിനനുവദിക്കാതെയും പലരും കുട്ടിക്കുരങ്ങന്മാരെക്കൊണ്ട് ചൂടുചോറു വാരിപ്പിക്കുകയായിരുന്നു. ഫലമോ ആഭരണപിശാച്, പള്ളി, കുരിശ്, സുവിശേഷകനെ വാഴിക്കൽ തുടങ്ങി അനവധി കുട്ടിപ്പിശാചുക്കളെയും കൂട്ടിക്കൊണ്ടുവന്നിരിക്കയാണ്. സഭകളിൽ മൂപ്പന്മാർ നിഷ്പ്രഭരായിക്കഴിഞ്ഞു. മദ്യപിച്ചുകൊണ്ട് രണ്ടുപേർ ഞായറാഴ്ച രാവിലെ ആരാധിക്കുവാൻ ഒരു സഭയിൽ അടുത്തദിവസം വന്നുവത്രെ. ജാതികളോ സമുദായക്കാരോ ഇത്തരം കാര്യങ്ങൾ ചെയ്യുവാൻ ഒരുമ്പെടുകയില്ല. ലെഗിൻസും, ജീൻസും ധരിച്ച് യുവതികൾ സഭായോഗങ്ങളിൽ വന്നു തുടങ്ങി, കൊച്ചമ്മമാർക്ക് തല മൂടുവാൻ വിഷമം. അബദ്ധത്തിലെങ്ങാനും വഴിതെറ്റി ഒരു പുലി നമ്മുടെ സഭാഹാളിൽ വന്നാൽ കൊച്ചമ്മമാരുടെ സാരിയുടെ പുള്ളിയും നിറവും കണ്ട് ഭയപ്പെട്ട് ഓടിപ്പോകും. മൊബൈൽ ബെല്ലുകൾ പാട്ടുകൾക്ക് താളമാകുന്നത് നമ്മുടെ മാത്രം പ്രത്യേകതയാണ്.

പല സഭകളിലും വെളിയിൽനിന്നും വരുന്നവരുടെയും സന്ദർശകരുടെയും ഇഷ്ടമാണ് സാധിക്കേണ്ടത്. സഭയുടെ തീരുമാനങ്ങൾക്കോ നടപടികൾക്കോ അവർ യാതൊരു വിലയും കല്പിക്കുന്നില്ല. ഇത് സഭക്ക് ദോഷം ചെയ്യുന്നു.

ലൈംഗിക ആരോപണങ്ങൾക്ക് വിധേയരായവർ യാതൊരു ലജ്ജയും ഇല്ലാതെ വിവാഹം നടത്തുകയും വിവാഹത്തിന് ശുശ്രൂഷകൾ ചോദിച്ചുവാങ്ങുകയും ചെയ്യുന്നു. ഇത് നമ്മുടെ പൊതുവായ ജീവിതവിശുദ്ധിയെ നശിപ്പിക്കുന്നു. ഭാരമുള്ള ചിലരെങ്കിലും അങ്ങുമിങ്ങുമുണ്ട്. അവരിൽ പലരും മറ്റുള്ളവരുടെ പരിഹാസവും, ഭയപ്പെടുത്തലുകളും, ഒറ്റപ്പെടുത്തലും നേരിടാൻ മടിക്കുന്നു. നമുക്ക് ഇത്തരം അനാത്മികതയിൽനിന്നും ഒരു വിടുതലുണ്ടാകുമോ? പ്രാർത്ഥിക്കാം. ***(J.S)***

## വായനക്കാർ എഴുതുന്നു

അബദ്ധോപദേശങ്ങളെ എതിർക്കുകയും ദൈവജനത്തിന്റെ യഥാർത്ഥ മടങ്ങിവരവ് ആഗ്രഹിക്കുകയും ചെയ്യുന്ന ഒരു മാസികയാണ് മണിയും പതിരും എന്നുള്ളതുകൊണ്ട് ഞാൻ ദൈവത്തെ സ്തുതിക്കുന്നു. ഇതിന്റെ പിന്നിൽ അദ്ധ്വാനിക്കുന്നവർ വളരെ സ്തുത്യർഹമായ സേവനമാണ് ചെയ്യുന്നത്. അതിനായി തുടർന്നും ദൈവം അവരെ സഹായിക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു.

റെജിമോൻ മാത്യു, വെൺമണി

*മാസികയ്ക്കുവേണ്ടി ഒരു കുറിപ്പ്:*

തിട്ടമായി ന്യായപ്രമാണം പരീശപക്ഷത്തു നിന്നു പഠിച്ച ഒരു യഹൂദനു നസ്രത്തുകാരൻ എന്നു വിളിക്കുന്ന യേശുവിനെ കർത്താവായി കാണുവാൻ പ്രയാസമാണ്. എന്നാൽ കണ്ണിലെ ചെതുമ്പൽ മാറണം. ഇതിനു സ്വർഗ്ഗീയ വെളിച്ചം കാണണം.

ഐസക് കെ.വി., പീച്ചി

# 'ദൈവം വാസ്തവമായി നിങ്ങളുടെ ഇടയിൽ ഉണ്ട്'

*ജെ.ജി. ടോൾ*

*വിവർത്തനം: ബൈജു വി ബാലൻ - 9650383432*

സഭയിൽ സകലരും മൂപ്പന്മാരുടെ നേതൃത്വത്തിൻ കീഴിൽ ആയിരിക്കണം. യൂത്ത് മീറ്റിംഗ്, സഹോദരിമാരുടെ യോഗം ആദിയായവ ഒന്നും തിരുവചനം അറിയുന്നില്ല. 1 കൊരി.14ന്റെ 34,35 വാക്യങ്ങളിൽ സ്ത്രീകളുടെ രണ്ടു കർത്തവ്യ മണ്ഡലങ്ങളെ വളരെ വ്യക്തമായി പറഞ്ഞിട്ടുണ്ട്. ഒന്ന് ഭവനം, അവിടെ സ്ത്രീക്ക് സംസാരിക്കുവാൻ സ്വാതന്ത്ര്യം ഉണ്ട്. രണ്ട് സഭ, അവിടെ സ്ത്രീക്ക് സംസാരിക്കുവാൻ അനുവാദം ഇല്ല. ഇതിനിടയ്ക്ക് സ്ത്രീക്ക് പരസ്യമായി സംസാരിക്കത്തക്ക നിലയിൽ ഒരു മണ്ഡലം, സ്ത്രീകൾക്കു മാത്രമായുള്ള ഒരു കൂടിവരവ് ഇല്ല. സ്ത്രീകൾ പുരുഷന്മാരെ കൂടാതെ പ്രവർത്തിക്കുക (അല്ലെങ്കിൽ മറിച്ച്) എന്നത് ഒരു തിരുവചന പ്രമാണമല്ല. (1 കൊരി.11:11) ഇത് കർത്താവിൽ അല്ല. സഭ ഒക്കെയും ഒരുമിച്ച കൂടിവരിക എന്നതാണ് ദൈവഹിതം. ഇത് എല്ലാവരുടേയും ആവശ്യങ്ങൾ നിറവേറ്റും.

ഇവിടെ കൂടിവരുമ്പോൾ എന്ന ക്രിയയുടെ കാലരൂപം ഒരു പ്രത്യേക സമയത്തെ സൂചിപ്പിക്കുന്നതാണ്. കാരണം ഒരു നിർദ്ദിഷ്ട കൂടിവരവാണ് പൗലോസ് മനസ്സിൽ കാണുന്നത്. എന്നാൽ 11-ാം അദ്ധ്യായത്തിൽ സഭയിൽ കൂടിവരുന്നതിനെക്കുറിച്ച് വായിക്കുന്നു. (17,18,20 വാക്യങ്ങൾ നോക്കുക) ഇത് വർത്തമാനകാലത്തിലാണ് പറഞ്ഞിരിക്കുന്നത്. അത് ഒരു നിരന്തര അഭ്യാസം അല്ലെങ്കിൽ ശീലത്തെ സൂചിപ്പിക്കുന്നു. സഭയെന്ന നിലയിൽ വിശുദ്ധന്മാർ പതിവായി കൂടിവന്നിരുന്നു. ഇതാണ് ദൈവീക മാതൃക. കൂടാതെ ഞങ്ങൾ മനസ്സിലാക്കിയിടത്തോളം മൂപ്പന്മാരുടെ കൂടിവരവ് മാത്രമാണ് ഇതിന് ഒരപവാദം. (അ.പ്ര.20:17) അതും അനേകസ്ഥലം സഭയിലെ മൂപ്പന്മാർ അല്ല പകരം ഒരു സ്ഥലംസഭയിലെ മൂപ്പന്മാർ മാത്രം. "In to one place" എന്ന് ഇംഗ്ലീഷിൽ തർജ്ജമ ചെയ്തിരിക്കുന്നത് ഒരു വാക്സമ്പ്രദായമാണ്(Idiom). ചിലയിടങ്ങളിൽ ഒരുമിച്ച് (together) എന്ന് ഇത് തർജ്ജമ ചെയ്തിരിക്കുന്നു.

മുഴുവൻ സഭയും ഒരുമിച്ചു കൂടുക എന്നതാണ് പുതിയനിയമ പതിവെന്ന് നാം ഗ്രഹിക്കുകയാണെങ്കിൽ അപ്രകാരം തന്നെ സഭയിൽ അവിശ്വാസികളുടെയും പഠിപ്പില്ലാത്തവരുടെയും സാന്നിദ്ധ്യവും സാധാരണമായിരുന്നുവെന്നും അനുമാനിക്കണം. അല്ലെങ്കിൽ അതിനെ അടിസ്ഥാനമാക്കിയുള്ള അപ്പോസ്തലന്റെ വാദം സാധുതയില്ലാതവണ്ണം ദുർബ്ബലമാകും. അവരുടെ സാന്നിദ്ധ്യത്തെ വളരെ പ്രാധാന്യത്തോടെ കണക്കിലെടുക്കണമെന്ന തന്റെ വ്യഗ്രതപ്പെടുത്തൽ ഇതൊരു സാധാരണ സാഹചര്യമല്ലെന്നും ഏറ്റവും കുറഞ്ഞപക്ഷം വളരെ സാധ്യതയുള്ള കാര്യമാണെന്നും കാണിക്കുന്നു.

മുഴുവൻ സഭയിൽനിന്നും വേറിട്ട അവിശ്വാസികളും, പഠിപ്പില്ലാത്തവരുമെന്ന രണ്ടു കൂട്ടരെക്കുറിച്ച് അപ്പൊസ്തലൻ സംസാരിക്കുന്നു. പഠിപ്പില്ലാത്തവരെഅവിശ്വാസികളിൽനിന്നും വേർതിരിച്ച് പറഞ്ഞിരിക്കയാൽ സ്വാഭാവികമായും അവർ പഠിപ്പില്ലാത്ത അഥവാ അറിവില്ലാത്ത വിശ്വാസികൾ ആണെന്ന് അനുമാനിക്കാം. ഇഡിയേറ്റ്സ്എന്ന ഗ്രീക്ക് വാക്കാണ് പഠിപ്പില്ലാത്തവർ (Unlearned- മലയാളത്തിൽ ആത്മവരമില്ലാത്തവൻ എന്ന് തർജ്ജമ ചെയ്തിരിക്കുന്നു) എന്ന് തർജ്ജമ ചെയ്തിരിക്കുന്നത്. പ്രധാനമായും ഈ വാക്ക് ഒരു സർക്കാർ ഉദ്യോഗസ്ഥനോടുള്ള താരതമ്യത്തിൽ ഒരു സ്വകാര്യവ്യക്തിയെ കാണിക്കുന്നു. ഔദ്യോഗിക അറിവില്ലാത്ത, അപ്രവീണനായ, പഠിപ്പില്ലാത്ത അജ്ഞാനിയായ ഒരു വ്യക്തി (W.E. Vine). ഇവിടെ കൂടാതെ ഈ വാക്ക് അ.പ്ര.4:13ലും (പഠിപ്പില്ലാത്തവർ) 2 കൊരി.11:6 ലും (വാക്സാമർത്ഥ്യമില്ലാത്തവൻ) കാണപ്പെടുന്നു. ഈ അദ്ധ്യായത്തിൽ മൂന്നിടത്ത് ഈ വാക്ക് ഉപയോഗിച്ചിരിക്കുന്നു. അവ താഴെപ്പറയും പ്രകാരമാണ്. "പഠിപ്പില്ലാത്തവന്റെ സ്ഥാനത്തിരിക്കുന്നവൻ നീ പറയുന്നത് തിരിച്ചറിയാതിരിക്കെ (ആക്ഷരിക തർജ്ജമ) 1 കൊരി.14:16 പഠിപ്പില്ലാത്തവരോ (ബഹുവചനം)1 കൊരി.14:23. പഠിപ്പില്ലാത്തവൻ(ഏകവചനം) 1 കൊരി. 14:24.

മനസ്സിരുത്തി വായിക്കുന്നവർ ഉപയോഗിച്ചിരിക്കുന്ന പദപ്രയോഗങ്ങളിലെ വ്യത്യാസവും അവ ഉപയോഗിച്ചിരിക്കുന്ന സാഹചര്യവും ശ്രദ്ധിക്കും. 23,24 വാകൃങ്ങളിൽ പറഞ്ഞിരിക്കുന്ന പഠിപ്പില്ലാത്തവനല്ല 16-ാം വാകൃത്തിൽ പറഞ്ഞിരിക്കുന്ന പഠിപ്പില്ലാത്തവനെന്ന് വ്യക്തമാണ്. രണ്ടാമത് പറഞ്ഞിരിക്കുന്നവരേക്കാൾ അറിവില്ലാത്തവരാണ് ആദ്യത്തെ കൂട്ടർ 16-ാം വാകൃത്തിൽ പറഞ്ഞിരിക്കുന്നയാൾ സഭയിൽ സംസാരിക്കുന്നയാൾ ഉപയോഗിക്കുന്ന ഭാഷ അറിയാത്തതിനാൽ നീ പറയുന്നത് തിരിയാതിരിക്കുന്നവൻ ആണ്. അതുകൊണ്ടുതന്നെ സ്തോത്രം ചെയ്യുമ്പോൾ മനസ്സിലാക്കി ആമേൻ പറയുവാൻ അയാൾക്ക് കഴിയുന്നില്ല. ഇക്കാര്യത്തിൽ പഠിപ്പില്ലാത്തവൻ ഉപയോഗിക്കപ്പെട്ട ഭാഷ മനസ്സിലാകാത്ത ആരുമാകാം. ഒരുപക്ഷെ വ്യാഖ്യാനവരമുള്ളവരൊഴിച്ച് സഭയിൽ ബാക്കിയുള്ളവരെല്ലാം ഇതിൽ ഉൾപ്പെടും. സ്തോത്രം ചെയ്കയിൽ സഭയിലുള്ള എല്ലാവർക്കും ഐകകണ്ഠേന ആമേൻ പറയുവാൻ കഴിയണം എന്നതിലാണ് പൗലോസിന്റെ ഉൽക്കണ്ഠ. സഭയിലുള്ളവർക്ക് പഠിപ്പില്ലാത്ത ഭാഷയിലാണ് സ്തോത്രം ചെയ്യുന്നതെങ്കിൽ ഇത് സാധ്യമല്ല. സഭയ്ക്ക് പുറത്തുള്ള പഠിപ്പില്ലാത്തവരെക്കുറിച്ചും അവർക്ക് ആമേൻ പറയുവാൻ കഴിയാത്തതിനെയും കുറിച്ചല്ല താൻ ഈ വാകൃത്തിൽ ചിന്തിക്കുന്നത്. നിസ്സംശയം അതുകൊണ്ടാണ് പൗലോസ് ഈ പ്രയോഗം മയപ്പെടുത്തി പഠിപ്പില്ലാത്തവന്റെ സ്ഥാനത്തിരിക്കുന്നവൻ എന്ന് ഉപയോഗിക്കുന്നത്. അതായത് ഈ പ്രത്യേക വിഷയത്തിലും സാഹചര്യത്തിലും പഠിപ്പില്ലാത്തവരുടെ സ്ഥാനത്ത് കാണപ്പെടുന്നു. അല്ലാതെ 23,24 വാകൃങ്ങളിൽ പറഞ്ഞിരിക്കുന്നവരെപ്പോലെ സമ്പൂർണ്ണ അജ്ഞാനി അല്ല. സഭയിൽ പഠിപ്പില്ലാത്തവർക്കായി പ്രത്യേകമൊരുക്കിയിരിക്കുന്ന സ്ഥലത്തെയോ, ഇരിപ്പിടത്തെയോ കുറിച്ചാണ് പൊലോസ് പറയുന്നതെന്ന് സങ്കല്പിക്കുവാൻ പാടില്ല. ഈ ലേഖകൻ സഭയ്ക്കുള്ളിൽ ഉള്ളവർക്കും പുറത്തുള്ളവർക്കുമിടയിൽ വ്യക്തമായ വ്യത്യാസമുണ്ടാകണമെന്ന് ഉറച്ചു വിശ്വസിക്കുന്നു. (1 കൊരി. 5:12, 13). കൂടി വരുന്ന സ്ഥലത്ത് ഇരിപ്പിടം ഒരുക്കുമ്പോൾ വിശേഷാൽ അപ്പം നുറുക്കുവാനായി കൂടിവരുമ്പോൾ അപ്പവും പാനപാത്രവും പകരപ്പെടുമ്പോൾ കൂടിവന്നവർക്കിടയിൽ അനുചിതമായ അങ്കലാപ്പ് ഒഴിവാക്കേണ്ടതിന് ഈ വ്യത്യാസം വ്യക്തമാകത്തക്കനിലയിൽ ചെയ്യണമെന്ന് താൻ വിശ്വസിക്കുന്നു.എന്നാൽ മേൽപറഞ്ഞിരിക്കുന്ന കാരണങ്ങളാൽ ഈ ഭാഗത്ത് താനിത് കാണുന്നില്ല. ഈ വാകൃത്തിൽ (14:16) പറഞ്ഞിരിക്കുന്ന പഠിപ്പില്ലാത്തവരുടെ സ്ഥാനത്തിരിക്കുന്നവൻ സഭയിൽ തനിക്കറിയില്ലാത്ത അന്യഭാഷ ഉപയോഗിക്കപ്പെട്ടതിനാലും, വ്യാഖ്യാനി ഇല്ലാതിരിക്കുന്നതിനാലും ബുദ്ധിപൂർവ്വം ആമേൻ പറയുവാൻ കഴിയാത്ത ആരുമാകാം.

23, 24 വാകൃങ്ങളിൽ ഈ പ്രയോഗം വിശേഷണങ്ങൾ കൂടാതെയാണ് ഉപയോഗിച്ചിരിക്കുന്നത്. ഇത് ഈ സംജ്ഞ താരതമ്യമായല്ല പകരം നിരുപാധികമായിട്ടാണ് ഉപയോഗിച്ചിരിക്കുന്നതെന്ന് കാണിക്കുന്നു. ഇക്കൂട്ടർ ഒരു പ്രത്യേക ഭാഷ അറിയാത്തവർ എന്നു മാത്രമല്ല ഭാഷാവരം ഉപയോഗിക്കുന്നവർ ഭ്രാന്തരും മാനസിക വിഭ്രാന്തി കാണിക്കുന്നവരുമെന്ന് ചിന്തിക്കത്തക്ക നിലയിൽ ഭാഷാവരത്തെക്കുറിച്ചു തന്നെ യാതൊരു അറിവും ഇല്ലാത്ത വിശ്വാസികളാണ്. കൂടാതെ ഇവർ സഭാ കൂടിവരവുകളെക്കുറിച്ച് പരിചയമില്ലാത്തവരും കേവലം കേട്ടറിവ് മാത്രമുള്ളവരുമാണെന്ന് അവർ ദൈവം വാസ്തവമായി നിങ്ങളുടെ ഇടയിൽ ഉണ്ട് എന്ന് ഇതിന് മുമ്പ് ഇതിനെക്കുറിച്ച് ബോധ്യമില്ലാത്തവരെപ്പോലെ ഏറ്റു പറയുന്നതിൽനിന്ന് മനസ്സിലാക്കാം. നിങ്ങളുടെ ഇടയിൽ എന്ന അവരുടെ വാക്കുകളിൽ നിന്നും അവർ സഭയിൽ ഉൾപ്പെടാത്തവരെന്നും സഭയിൽ നിന്നും വേറിട്ടവരാണെന്നും സ്ഥിരീകരിക്കുന്നു, എന്തുകൊണ്ടെന്നാൽ അവർ തങ്ങളെ സഭയിൽ ഉൾപ്പെടുത്താതെയാണ് സംസാരിക്കുന്നത്. നമ്മിൽ എന്നല്ല അവർ പറയുന്നത്. സ്ഥലം സഭാ പ്രവർത്തികളെക്കുറിച്ചുള്ള ഈ പരിപൂർണ്ണ അപരിചിതത്വം കാണിക്കുന്നത് അവർ മറ്റൊരു സഭയിൽ നിന്ന് സന്ദർശകരായി വന്നവരും അല്ലെന്നാണ്. സംസാരിക്കുന്നത്, നമ്മിൽ എന്നല്ല അവർ പറയുന്നത്.

വളരെ പ്രധാനപ്പെട്ട വസ്തുത ആയതുകൊണ്ടാണ് ഞങ്ങൾ ഇത് വിസ്തരിച്ച് ചൂണ്ടിക്കാണിക്കുവാൻ ബദ്ധപ്പെട്ടത്. ചിലർ പറയുന്നതുപോലെ സ്ഥലം സഭയിൽ ഒരു പ്രദേശത്തെ മുഴുവൻ വിശ്വാസികളും ഉൾപ്പെടണമെന്ന് നിർബന്ധമില്ലെന്നാണിത് കാണിക്കുന്നത്. പഠിപ്പില്ലാത്തവർ ആകയാൽ സ്ഥലം സഭയോടു ചേരാത്ത വിശ്വാസികൾ ഒരു പ്രദേശത്ത് ഉണ്ടാകാം. ദൈവിക ജീവനോടുകൂടെ ഒരു പരിധിവരെ ദൈവസഭയെക്കുറിച്ചുള്ള ദൈവിക വെളിച്ചവും കൂട്ടായ്മയക്ക് ആവശ്യമാണെന്ന് ഇത് നമ്മെ പഠിപ്പിക്കുന്നു. സ്ഥലപരിമിതി ഈ ഭാഗത്ത് നൽകപ്പെട്ടിരിക്കുന്ന ▶

# അധികാരത്തിനായുള്ള അഭിനിവേശം

*Antony Abraham -9400471543*

**ക**ർത്താവിന്റെ ആയിരമാണ്ടുവാഴ്ചയിൽ കർത്താവിന്റെ വലത്തും ഇടത്തും ഇരുന്നു കർത്താവിനോടൊപ്പം ഭരിക്കുവാനുള്ള അവകാശം യാക്കോബും യോഹന്നാനും ആവശ്യപ്പെട്ടു. അതിന് കർത്താവ് അവരോട് : ".... 'എന്റെ പിതാവ് ആർക്ക് ഒരുക്കിയിരിക്കുന്നുവോ അവർക്കു കിട്ടും'എന്നു പറഞ്ഞു" (മത്താ.20:23). അധികാരസ്ഥാനങ്ങൾക്കായുള്ള ഇവരുടെ അഭിനിവേശം കണ്ടിട്ട് കർത്താവ് തന്റെ ശിഷ്യന്മാരോട് : "...ജാതികളിൽ അധിപതികളായവർ അവരിൽ കർത്തൃത്വം ചെയ്യുന്നു; അവരിൽ മഹത്തുക്കളായവർ അവരുടെമേൽ അധികാരം നടത്തുന്നു..... നിങ്ങളുടെ ഇടയിൽ അങ്ങനെ അരുത്..." (മർക്കൊ.10:42-44). ഇന്ന ഇന്ന പദവികൾ വേണമെന്ന് മോഹിക്കുകയും അതിനായി രാഷ്ട്രീയ ചരടുവലികൾ നടത്തുകയും ചെയ്യുന്നത് സാധാരണമായി ഈ ലോകക്കാരാണ്. അത് ജനങ്ങളെ സേവിക്കുവാനുള്ള അവരുടെ അഭിവാഞ്ഛകൊണ്ടല്ല, പിന്നെയോ, തങ്ങൾക്കും തങ്ങളുടെ കുടുംബങ്ങൾക്കും അനുയായികൾക്കും അവിഹിത സാമ്പത്തികനേട്ടം കൈവരിക്കാനും അധികാരസ്ഥാനത്തിന്റെ പ്രൗഢിയും സുഖസൗകര്യങ്ങളും ആസ്വദിക്കുന്നതിനുംവേണ്ടിയാണ് (പ്രവൃ.25:23). ഈ ലക്ഷ്യം തങ്ങളുടെ ഇഷ്ടക്കാർക്ക് നേടിക്കൊടുക്കുവാൻ അധികാരികൾ നിയമത്തെ വളച്ചൊടിക്കുന്നു. ഈ കഥകൾ നാം എന്നും ദിനപത്രങ്ങളിലൂടെയും മറ്റും അറിഞ്ഞുകൊണ്ടിരിക്കുന്നു. മാത്രമല്ല, ഈ ജനം അധികാരസ്ഥാനങ്ങളിലുള്ളവർക്ക് അവർ അർഹിക്കുന്നതിലും ഉപരി, ദൈവത്തെ അവഗണിച്ച്, ആദരവു നല്കുന്നു. (പ്രവൃ.12:20-23)

2. എന്നാൽ ലോകത്തുനിന്നും കർത്താവിനായി വിളിച്ചുവേർതിരിക്കപ്പെട്ട ജനം അടങ്ങുന്ന ദൈവസഭയുടെ ചിട്ട തികച്ചും വ്യത്യസ്തമാണ്. യേശുക്രിസ്തു തലയായിരിക്കുന്ന പ്രാദേശിക സഭകളിൽ ജനാധിപത്യമോ മൂപ്പന്മാരുടെ ആധിപത്യമോ അല്ല, ദൈവാധിപത്യമാണ് ഭരണക്രമം. ദൈവാധിപത്യം എന്നു പറയുമ്പോൾ ദൈവവചനാടിസ്ഥാനത്തിലായിരിക്കണം സഭയുടെ നടത്തിപ്പ്. ശ്രേഷ്ഠ ഇടയന്റെ വചനത്തെ അനുസരിച്ചുവേണം കീഴ് ഇടയന്മാർ സഭയെ ഭരിക്കാൻ (എബ്രാ.13:17). അത് ഏത് ആത്മാവിലായിരിക്കണം നിർവ്വഹിക്കേണ്ടത് എന്ന് കർത്താവ് വ്യക്തമാക്കിയിട്ടുണ്ട്. ജാതികളുടെ അധിപന്മാർ അവരുടെമേൽ കർത്തൃത്വം നടത്തുന്നതുപോലെയാകരുത് സഭാപരിപാലനം. ഒരു കൂട്ടുമൂപ്പനായിരുന്ന പത്രോസ് അപ്പൊസ്തലൻ മൂപ്പന്മാർക്കു നല്കുന്ന ഉപദേശം ശ്രദ്ധേയമാണ്. "....നിങ്ങളെ ഭരമേല്പിച്ചിരിക്കുന്ന ദൈവത്തിന്റെ ആട്ടിൻപറ്റത്തെ മേയിക്കുക. നിർബന്ധം കൊണ്ടല്ല, സന്മനസ്സോടെ, നിന്ദ്യമായ ലാഭേച്ഛയോടെയല്ല, താല്പര്യത്തോടെ അതു ചെയ്യുക. അതു നിങ്ങളെ ഭരമേല്പിച്ചിരിക്കുന്നവരുടെ മേൽ അധികാരഗർവ്വോടെയല്ല, അജഗണത്തിനു മാതൃകയാകത്തക്കവണ്ണം ആയിരിക്കണം" (1 പത്രോ.5:1-3, ഓശാന ബൈബിൾ). മാത്രമല്ല, നിയമം നിയമാനുസാരമായി ഉപയോഗിച്ചെങ്കിലേ അതുകൊണ്ടു ഗുണമുള്ളു. (1 തിമൊ.1:8 KJV). അതായത്, പത്ഥ്യോപദേശത്തിനു അനുസരണമായിരിക്കണം സഭയിൽ എല്ലാക്കാര്യങ്ങളും. നമുക്ക് സൗകര്യപ്രദമെന്നു കാണുന്നത് സ്വീകാര്യം, അല്ലാത്തത് കണ്ടില്ലെന്നു നടിക്കാം, എന്നല്ല. അപ്പോൾ, ജനാധിപത്യമാർഗ്ഗം കടമെടുത്ത് സഭയിൽ 'കാൻവെസിങ്' നടത്തി ഇടയന്മാരാകുന്നത് ന്യായീകരിക്കാൻ കഴിയുമോ? പകരം, ▶

▶ വളരെ താൽപര്യമുളവാക്കുന്ന മറ്റ് ആത്മിക സത്യങ്ങളെ വിടുവാൻ ഞങ്ങളെ നിർബന്ധിതരാക്കുന്നു. വിശേഷിച്ചു സഭാമദ്ധ്യത്തിൽ ദൈവീക സാന്നിദ്ധ്യത്തിന്റെ യാഥാർത്ഥ്യവും വെളിപ്പെടലും. എങ്കിലും സൂചിപ്പിച്ച കാര്യങ്ങൾ സഭയുടെ ആത്മിക വർദ്ധനവിന് ഉതകുമെന്ന് ഞങ്ങൾ ആശിക്കുന്നു.

അവസാനിപ്പിക്കുന്നതിനു മുമ്പ് ഒരു കാര്യം കൂടി ചൂണ്ടിക്കാണിക്കുവാൻ ആഗ്രഹിക്കുന്നു. പഠിപ്പില്ലാത്തവരും അവിശ്വാസികളും കടന്നുവരുന്നു എന്ന വാസ്തവം ഈ അദ്ധ്യായത്തെ ക്രമപ്പെടുത്തുവാൻ എപ്രകാരം പൗലോസ് ഉപയോഗിക്കുന്നു എന്ന് നോക്കുക. അനേകർ പഠിപ്പിക്കുന്നത് 14-ാം അദ്ധ്യായത്തിൽ നൽകപ്പെട്ടിരിക്കുന്ന ക്രമം വിശ്വാസികൾ മാത്രം കൂടിവരുമ്പോൾ പ്രാവർത്തികമാക്കേണ്ടതാണെന്നും, സഭാക്രമം അറിയാത്ത അവിശ്വാസികൾ കൂടിവരുന്ന സുവിശേഷയോഗം പോലുള്ള കൂടിവരവുകളിൽ മറ്റു ക്രമീകരണങ്ങൾ ആകാമെന്നുമാണ്. ഈ വാക്യങ്ങൾ അത്തരം യുക്തിയുടെ മതിഭ്രമത്തെ വെളിപ്പെടുത്തുന്നു. നമുക്ക് നമ്മോടുതന്നെ ചോദിക്കാം. ആകയാൽ ഇത് എങ്ങനെ സഹോദരന്മാരെ? ●

# ദൈവത്തിന്റെ മനുഷ്യൻ
## (1 തിമൊ.6:11,12)

*Thomas Kunjachan - 9447589051*

**യേ**ശുക്രിസ്തുവിനെ കർത്താവും രക്ഷിതാവുമായി അംഗീകരിച്ച് പാപമോചനം പ്രാപിച്ചവരാണ് ദൈവമക്കൾ. മക്കളും പ്രിയമക്കളുമുണ്ടല്ലോ. മോശെയെ ദൈവപുരുഷൻ എന്ന് പറഞ്ഞിട്ടുണ്ട്. ആവ.33:1, യോശു.14:6. ദൈവപുരുഷന്മാർ നല്ല സാക്ഷ്യവും ദൈവഭയവും ഉള്ളവരായിരിക്കണം. ശമുവേൽ ദൈവപുരുഷനാണ്. 1 ശമു.9:6; ശെമയ്യാവ് -1 രാജ.12:22; ഏലിയാവ്. 1 രാജ.17:18; 2 രാജ 1:9,12; എലീശ. 2 രാജ.4:7,9; 5:14, 6:10, 7:2. ദാവീദ് 2 ദിന. 8:14; ഹാനാൻ യിരെ.35:4; തിമൊഥെയോസ്. 1 തിമൊ. 6:11; 2 തിമൊ.3:16. ഇവരെല്ലാം ദൈവപുരുഷന്മാരാണെന്ന് വചനം വെളിപ്പെടുത്തുന്നു. പഴയ, പുതിയ നിയമകാലങ്ങളിൽ ദൈവയിഷ്ടം ചെയ്യുന്ന ഭക്തന്മാരുണ്ട്. അവരിൽകൂടെ ദൈവം തന്റെ ജനത്തിനായി പ്രവർത്തിച്ചുവരുന്നു. രക്ഷിക്കപ്പെട്ടവർ ഏതുകാലത്തും ദൈവത്തിന്റെ മനുഷ്യരായിരിക്കണമെന്ന് ദൈവം ആഗ്രഹിക്കുന്നു. ദൈവത്തിന്റെ മനുഷ്യൻ ദൈവത്തെ പ്രതിനിധീകരിച്ചു സംസാരിക്കുന്നു. ദൈവത്തിന്റെ മനുഷ്യൻ ക്രിസ്തുവിലുള്ള ഭാവം വെളിപ്പെടുത്തി ദൈവ ഇഷ്ടം അറിഞ്ഞു ജീവിക്കയും പ്രവർത്തിക്കയും ചെയ്യുന്നവരാണ് വെളി.2:13 ൽ സാത്താന്റെ സിംഹാസനം ഉള്ളേടത്ത് നീ പാർക്കുന്നെങ്കിലും എന്റെ നാമം നീ മുറുകെ പിടിച്ചിരിക്കുന്നു. വെളി 3:8 ൽ നിനക്ക് അല്പമേ ശക്തിയുള്ളുവെങ്കിലും നീ എന്റെ വചനം കാത്തു എന്റെ നാമം നിഷേധിച്ചിട്ടുമില്ല. എന്നെ മാനിക്കുന്നവരെ ഞാൻ മാനിക്കും. 1 ശമു.2:30, സദൃ.8:17. ദൈവത്തിന്റെ ഇഷ്ടം ചെയ്യുന്നവനാണ് ദൈവത്തിന്റെ മനുഷ്യൻ യോഹ. 9:31. പുത്രനിൽ വിശ്വസിച്ച് നിത്യജീവൻ പ്രാപിക്കുന്നതാണ് ദൈവ ഇഷ്ടം. യോഹ.6:29,39,40. അയച്ചവന്റെ പ്രവൃത്തി തികക്കുന്നതാണ് പിതാവിന്റെ ഇഷ്ടം. യോഹ.4:34. ദൈവത്തിന്റെ ഇഷ്ടമോ നിങ്ങളുടെ ശുദ്ധീകരണം തന്നെ. 1 തെസ്സ.4:3. നന്മ ചെയ്തുകൊണ്ട് ▶

---

▶ ദൈവത്തിന്റെ സമയത്തിനായി കാത്തിരിക്കുവാൻ നാം ശ്രദ്ധിക്കേണ്ടതല്ലേ? (പത്രൊ.5:6). കൂടാതെ, അദ്ധ്യക്ഷസ്ഥാനം കാംക്ഷിക്കുന്നവർക്ക് ആ പദവിക്കുള്ള ചേർച്ചയെക്കുറിച്ച് കർത്താവിനാൽ നിയമിക്കപ്പെട്ട നിലവിലെ മൂപ്പന്മാർക്കു കർത്താവിൽ ബോധ്യപ്പെടണം. അവരുടെ മനസ്സാക്ഷി പരിശുദ്ധാത്മാവിൽ അവർക്കു സാക്ഷ്യം വഹിക്കണം (റോമ.9:1). അങ്ങനെ സംഭവിക്കുമ്പോൾ സഭയും അതിന് ആമേൻ പറയും. അല്ലാതുള്ളതെല്ലാം സഭയുടെ മേൽ അടിച്ചേൽപ്പിക്കുന്ന തീരുമാനങ്ങളായിരിക്കും. മൂപ്പന്മാർ കർത്താവിനെ പിൻപറ്റുന്നപ്രകാരമേ വിശ്വാസികൾ മൂപ്പന്മാരെ അനുസരിക്കേണ്ടതുള്ളു. പൗലോസ് അപ്പൊസ്തലൻ കൊരിന്ത്യൻ വിശ്വാസികളോടു പറഞ്ഞു: "ഞാൻ ക്രിസ്തുവിന്റെ അനുകാരിയായിരിക്കുന്നതുപോലെ നിങ്ങളും എന്റെ അനുകാരികൾ ആകുവിൻ" (1 കൊരി.11:1; (1 കൊരി.4:16). അവരുടെ പ്രസംഗവും പ്രവൃത്തിയും താരതമ്യം ചെയ്തു പരിശോധിച്ചുവേണം അവരെ അനുകരിക്കേണ്ടത് (എബ്രാ.13:7)

3. കർത്താവിന്റെ ആയിരമാണ്ടുവാഴ്ചയിൽ കർത്താവ് നീതിയോടും ന്യായത്തോടും ഭരണം നടത്തും (യെശ.9:6-7;11). അന്ന് നാം കർത്താവിനോടൊപ്പം വാഴും (2 തിമൊ.2:12). തന്റെ ദാസന്മാർക്ക് പട്ടണങ്ങളെ ഭരിക്കാനും മറ്റും നിശ്ചയിച്ചുകൊടുക്കുന്നത് കർത്താവാണ് (ലൂക്കൊ.19:11-27). സ്ഥാനമാനങ്ങൾ നമ്മുടെ അവകാശമായി നാമല്ല ചോദിച്ചുവാങ്ങുന്നത്. അതുപോലെ, കർത്താവു പണിയുന്ന സഭയുടെ (മത്താ.16:18) കെട്ടുപണിക്ക് ഓരോരോ ശുശ്രൂഷയ്ക്കായിട്ട് ഓരോരുത്തരെ നിയമിക്കുന്നത് ദൈവമാണ് (1 കൊരി.12:28; എഫെ.4:11-13). കൂടാതെ, ആത്മികവരങ്ങൾ നല്കുന്നത് ദൈവം ഇച്ഛിക്കുന്നതുപോലെയാണ് (1 കൊരി.12:4-11). പ്രാദേശികസഭകളിൽ അദ്ധ്യക്ഷന്മാരെ ആക്കിവയ്ക്കുന്നതും ദൈവമാണ് (പ്രവൃ.20:28). അതിനായി കാംക്ഷിക്കുന്നതുകൊണ്ടുമാത്രം ദൈവത്തിന്റെ അംഗീകാരം ഉണ്ട് എന്നു വരുന്നില്ല. അധികാരത്തിനായി ജാതികൾ കാണിക്കുന്ന അഭിനിവേശം ദൈവമക്കൾക്ക് അഭികാമ്യമല്ല. കർത്താവ് അത് ആർക്ക് ഒരുക്കിയിരിക്കുന്നുവോ അവരെ സഭയ്ക്കു ലഭിക്കുവാൻ സഭ പ്രാർത്ഥനയിൽ ജാഗരിക്കണം. വചനം വിട്ടുള്ള വഴികൾ തേടരുത്. ദൈവത്തെ പ്രകോപിക്കാതെ "ഏതിൽനിന്ന് വീണിരിക്കുന്നു" (വെളി.2:5) എന്നു മനസ്സിലാക്കി അതു തിരുത്തുവാൻ നാം തയ്യാറാകണം. പൊൻവിളക്കുകളുടെ നടുവിൽ നടക്കുന്നവനിൽ നിന്ന് (2:1) "എങ്കിലും നീ എന്റെ വചനം കാത്തു" (3:8) എന്നല്ലാതെ "ഒരു കുറ്റം നിന്നെക്കുറിച്ച് പറവാനുണ്ട്" (2:4) എന്നു കേൾക്കുവാൻ സഭകൾക്ക് ഇടവരാതിരിക്കട്ടെ. ●

**മറ്റുള്ളവരിൽനിന്നും വാങ്ങുവാൻ താല്പ ര്യവും തനിക്കുള്ളതിൽനിന്നും ആർക്കും ഒന്നും കൊടുക്കുവാൻ താല്പര്യവുമില്ലാത്ത മനുഷ്യനെ മറ്റുള്ളവർ വെറുക്കും**

▶ ദൈവത്തിന്റെ ദാസന്മാരായി നടക്കണമെന്നുള്ളതും ദൈവേഷ്ടമാണ്. 1 പത്രോ.2:15,16. ഇങ്ങനെ ദൈവത്തിന്റെ മനുഷ്യൻ (ആത്മികൻ) വക പ്രാപിച്ച് തികഞ്ഞവനാകണം. ദൈവത്തിന്റെ മനുഷ്യൻ അനുവർത്തിക്കേണ്ട 4 കാര്യങ്ങൾ പൗലോസ് ഇവിടെ പ്രബോധിപ്പിക്കുന്നു.

**1. വിട്ടോടണം :** പിതാക്കന്മാർ വിശ്വാസത്തിലേക്ക് വന്നപ്പോൾ പലതും വിട്ടോടേണ്ടിവന്നു. അവർക്ക് ലാഭമായിരുന്നത് ഒക്കെയും ചേതമെന്നെണ്ണി. പലതും ഉപേക്ഷിച്ചു വിട്ടിറങ്ങി. ഇന്ന് മൂന്നും നാലും തലമുറകൾ വന്നപ്പോഴേക്കും വിട്ടത് പലതും തിരിച്ചെടുത്ത് താലോലിക്കുന്നു. പിതാക്കന്മാർ വിശ്വാസത്തിനായി പോരാട്ടം കഴിച്ചു കഷ്ടമനുഭവിച്ച് വിശ്വാസത്തിൽ ഉറച്ചുനിന്നും അവർ വചനത്തിൽ ബലപ്പെട്ടു. അതിനാൽ തലമുറകൾ അനുഗ്രഹിക്കപ്പെട്ടു. യിസ്രായേല്യ ബാലന്മാർ തന്നെത്താൻ അശുദ്ധരാക്കുകയില്ലെന്നു ഉറച്ചു. ഞങ്ങൾ ആശ്രയിക്കുന്ന ദൈവം ഞങ്ങളെ വിടുവിക്കും. അല്ലെങ്കിലും രാജാവ് നിർത്തിയ ബിംബത്തെ നമസ്ക്കരിക്കയില്ലെന്നു അവർ ഉറച്ചു. ആ തീരുമാനവും പ്രാർത്ഥനയും മറികടന്നുപോവാൻ ദൈവത്തിനു കഴിഞ്ഞില്ല. എരിയുന്ന തീയിൽ നാലാമത് ഒരുവൻകൂടെ വന്നു. ദാനി.3:25. വെള്ളിയും പൊന്നും പത്രോസിനില്ലായിരുന്നു. അ.പ്ര.3:6. വിശ്വാസംമാത്രം കൈമുതൽ. മുടന്തൻ നടക്കുമാറായി. അന്നില്ലാത്തത് ഇന്ന് ധാരാളം. അന്നുണ്ടായിരുന്നത് ഇന്നുണ്ടാകാതെ പോകുന്നു. ഉള്ളതോ പ്രകടനങ്ങൾ മാത്രം. ഇന്ന് അത്ഭുതപ്രേമികൾ ധാരാളം തടിച്ചുകൂടുന്നു. പ്രകടനങ്ങൾ എത്ര കാട്ടിയാലും ചോരയൊഴുകുംവിധം അലറികൂകി പ്രാർത്ഥിച്ചാലും മുടന്തന്മാർ എഴുന്നേല്ക്കുന്നില്ല, നടക്കുന്നില്ല. നാം വിട്ടോടേണ്ട പല കാര്യങ്ങൾ 1 തിമൊ.6:4-10 വരെ പറയുന്നു. അസൂയയാൽ വ്യർത്ഥവാദവും, ദുസ്സംശയങ്ങളും, ശണ്ഠയും ഉണ്ടായി ദൈവയിഷ്ടം ചെയ്യാൻ കഴിയാതെ വ്യർത്ഥബുദ്ധികളും ദ്രവ്യാഗ്രഹികളുമായി മാറുന്നു. അവർ ദൈവഭക്തന്മാരെന്ന് ഭാവിക്കുന്നു. പാണ്ഡിത്യം കലർത്തിയ നീണ്ട പ്രാർത്ഥനയും സാഹിത്യം കലർത്തിയ പ്രസംഗവും വിവിധ പ്രവർത്തനങ്ങളും കാട്ടിക്കൂട്ടുന്നു. ധനാഗമമാർഗ്ഗമാണ് അവരുടെ അന്തർഗ്ഗതം. നീ സത്യമായി ദൈവത്തിന്റെ മനുഷ്യനായിരിക്കുന്നുവോ? ചിലതൊക്കെ വിട്ടോണം. അതിൽനിന്ന് വളരെ അകലം പാലിക്കണം. നടന്നാൽ പാപത്തോട് അനുഭാവം വന്നുപോകാം. അതിനാൽ ഓടുവാൻ പറയുന്നു. സങ്കീ. 1:1 ൽ അരുത് എന്നാവർത്തിക്കുന്നു. പാപത്തെ കണ്ട് രസിക്കരുത്. ദൈവത്തിന്റെ മനുഷ്യൻ അവന്റെ ചട്ടങ്ങളിൽ രസിക്കണം സങ്കീ. 119:16,117, 162. അവൻ അത് കല്പിച്ചു തന്നിരിക്കുന്നു. സങ്കീ.119:4,5,8,23,118. വിശ്വാസി ദൈവത്തിന്റെ മനുഷ്യനും കർത്താവിന്റെ ദാസനുമാണ്. അവൻ എങ്ങനെ ആയിരിക്കണമെന്ന് 2 തിമൊ.2:24ൽ പറയുന്നു. ശണ്ഠയിടാത്തവൻ, എല്ലാവരോടും ശാന്തൻ, ഉപദേശിപ്പാൻ സമർത്ഥൻ (വചനപരിജ്ഞാനമുള്ളവൻ), ദോഷം സഹിക്കുന്നവൻ, സ്നേഹത്തിൽ സത്യം സംസാരിക്കുന്നവനുമായിരിക്കണം. അവർ അസൂയയും, ദുസ്സംശയവും, ദുർബുദ്ധികളുമായ ദ്രവ്യാഗ്രഹികൾ ആകരുത്. അത് സകലവിധ ദോഷത്തിനും കാരണമാകുന്നു. കൂട്ടുസഹോദരന്റെ എല്ലാതലങ്ങളിലുമുള്ള ഉയർച്ചയിൽ സന്തോഷിക്കുന്നവനാണ് ദൈവത്തിന്റെ മനുഷ്യൻ. സഹോദരൻ നിർഭയനായിരിക്കുമ്പോൾ പലവിധത്തിൽ അവനെ ഉപദ്രവിച്ച് താഴ്ടിയാക്കാൻ ശ്രമിക്കുന്നവൻ ദൈവത്തിന്റെ മനുഷ്യൻ എന്ന പേരിന് യോഗ്യനല്ല. അവിശ്വാസികളോട് ഇണയില്ലാപിണ കൂടുവാൻ അവർക്ക് ഒരു മടിയുമില്ല. ആരുമായും കൂട്ടുചേരും. ആള് ശരിയല്ല. വിട്ടോടണം.

**2. പിന്തുടരുക :** എന്താണ് നാം പിന്തുടരേണ്ടത്? നീതി, ഭക്തി, വിശ്വാസം, സ്നേഹം, ക്ഷമ, സൗമ്യത ഈ ആറു കാര്യങ്ങൾ ആത്മാവിന്റെ ഫലത്തോട് ചേർന്നുള്ളതാണ്. നാം പിന്തുടരേണ്ടത് വിട്ടുകളയുന്നതും വിട്ടുകളയേണ്ട അരുതാത്തതു പിടിച്ചുകൊള്ളുന്നതും പാപമാണ്. ഇവിടെ മൂന്നു ജോഡികൾ കാണാം. (1) നീതി, ഭക്തി, ദൈവോന്മുഖമായ മനോഭാവത്തെ കാണിക്കുന്നു. നീതി സ്വർഗ്ഗത്തിൽനിന്ന് മനുഷ്യനിലേക്കും ഭക്തിയിലെ ആരാധന ഭൂമിയിൽനിന്ന് സ്വർഗ്ഗത്തിലേക്കും ഉയരുന്നു. (2) വിശ്വാസം, സ്നേഹം - ക്രിസ്തീയ ജീവിത ഉറവയുടെ മൂലസ്ഥാനം. ദൈവത്തിൽ നിന്നൊഴുകി വിശ്വാസിയിൽ കൂടെ ലോകത്തിന് വെളിപ്പെടുത്തുന്നു. (3) ക്ഷമ, സൗമ്യത- ക്രിസ്തുവിനെ നിഷേധിക്കുന്ന ലൗകിക സ്വഭാവത്തെ എതിരിടുന്ന മനോഭാവത്തെ കാണിക്കുന്നു. നീ നീതിയെ ഇഷ്ടപ്പെട്ടു ദുഷ്ടതയെ ദ്വേഷിക്കുന്നു. സങ്കീ. 45:7. നിന്റെ വലങ്കയ്യിൽ നീതി നിറഞ്ഞിരിക്കുന്നു. സങ്കീ. 48:10. നീതി അവന്റെ നടുക്കെട്ടും വിശ്വസ്തത അവന്റെ അരക്കച്ചയു

<u>മനുഷ്യൻ</u>

ചിലർ എല്ലാവരെയും പുകഴ്ത്തും
ചിലർ എല്ലാവരെയും കുറ്റം പറയും
ചിലർ നന്മയെ തിന്മ എന്നു പറയും
ചിലർ തിന്മയെ നന്മ എന്നു പറയും
ചിലർ തെറ്റ് ചെയ്താലും അത് ശരിയാകുന്നു
ചിലർ ശരി ചെയ്താലും അത് തെറ്റാകുന്നു.

മാകുന്നു. യെശ. 11:5. ക്ഷമയും സൗമ്യതയും ഇല്ലാത്ത തിനാൽ സഭയിൽ എത്രയോ അനിഷ്ട സംഭവങ്ങൾ നടക്കുന്നു. സഭകൾ പിളർപ്പിലേക്ക് മാറുന്നു. ഒരുവ നാൽ ഒരുവൻ ഒടുങ്ങുന്നു. അന്യോന്യ സ്നേഹം തണുത്ത് വിശ്വാസത്തിൽ ക്ഷീണിക്കുന്നു. ചിലർ വിശ്വാസം വിട്ടുഴലുവാൻ കാരണമാകുന്നു. ഞാൻ സൗമ്യതയും താഴ്മയും ഉള്ളവനാകക്കൊണ്ട് എന്റെ നുകം ഏറ്റു കൊണ്ട് എന്നോടു പഠിപ്പിൻ. മത്താ. 11:29. നിന്റെ സൗമ്യത എന്നെ വലിയവനാക്കി. സങ്കീ. 18:35. നാം താഴ്ചയും സൗമ്യതയും ഉള്ളവരായി ദൈവസ്നേ ഹത്തിൽ വിശുദ്ധിയെ തികച്ചുകൊണ്ട് പരദേശവാസം ഭയത്തോടെ കഴിക്കാം. ഓർക്കുക, നാം ഭൂമിയിൽ വിശുദ്ധ ജീവനവും ഭക്തിയും ഉള്ളവരാകണം. 2പത്രൊ.3:12. നാം നീതിയെ പിന്തുടരണം. ആവ.16:20. നീതിയെ പിന്തുടരുന്നവർ യഹോവയെ അന്വേഷിക്കും. യെശ.51:1. നാം ക്രിസ്തുവിന്റെ കാൽച്ചുവട് പിന്തുടരു വാൻ മാതൃക തന്നിരിക്കുന്നു. 1 പത്രൊ.2:21. നീതിയെ പിന്തുടരാത്ത ജാതികൾ ക്രൂശിലെ പരമയാഗം മൂലം നീതി പ്രാപിപ്പാനിടയായി. റോമ. 9:30. നാം സമാധാനം അന്വേഷിച്ച് നീതി പിന്തുടരണം. 1 പത്രൊ. 3:11. കർത്താ വിൽ മരിക്കുന്ന മൃതന്മാർ ഭാഗ്യവാന്മാർ, അവരുടെ പ്രവൃത്തി അവരെ പിന്തുടരും. വെളി.14:13. നാം ഭൂമി യിൽ അദ്ധ്വാനിച്ചതോ, സമ്പാദിച്ചു കൂട്ടിയതോ ആയ ഭൗതികവസ്തുക്കളോ, ബന്ധുമിത്രാദികളോ ഒന്നും നമ്മോടുകൂടെ വരികയില്ല. എന്നാൽ നമ്മുടെ പ്രവൃത്തി കൾ നമ്മെ പിന്തുടരും. നാം മാറ്റപ്പെട്ടാലും ഓർമ്മകൾ ജീവിച്ചിരിക്കണം. നമ്മെ പിന്തുടരുവാൻ എന്തെങ്കിലും ഉണ്ടായിരിക്കുമോ? നല്ല സാക്ഷ്യമുള്ളവരായി, സത്യ മായി നന്മയും സൽപ്രവൃത്തികളും ചെയ്ത് ഏതെങ്കിലും വിധം മറ്റുള്ളവർക്ക് പ്രയോജനകരമായി ജീവിക്കുന്നെ ങ്കിൽ അത് നമ്മെ പിന്തുടരും. നാം കർത്താവിന്റെ വഴിയെ പിന്തുടരാം.

## കവിത

### മണിയും പതിരും

ഗോതമ്പുമണി ഒന്നു നിലത്തുവീണി-
ട്ടതു ചത്തു ചീഞ്ഞാൽ ഫലമുണ്ടു, പക്ഷേ
വിതയങ്ങു ചാകാതെയിരുന്നുപോയാൽ
പതിരായിടും ഫലം തരാതെ.
ഒരിക്കൽ ഒരു വിത്തു മരിച്ചു ക്രൂശിൽ
പെരുത്ത ഫലവും കൊണ്ടുയിർത്തെഴുന്നു
ശരിക്കു തൃതീയദിനം കൊണ്ടുയർത്തി
യൊരാരാമ മന്ദിരം സഭാ ശരീരം

**മാത്യു തോമസ്**

**3. പൊരുതുക:** ക്രിസ്തീയജീവിതം ഒരു പോരാട്ടമാണ്. നമുക്ക് പോരാട്ടമുള്ളത് ജഡരക്തങ്ങളോടല്ല ലോകാധി പതികളോടും സ്വർലോകങ്ങളിലെ ദുഷ്ടാത്മസേനയോടു മാണ്. എഫേ. 6:12–17. ആ പോരാട്ടത്തിൽ ജയിപ്പാൻ ദൈവ ത്തിന്റെ സർവ്വായുധവർഗ്ഗം ധരിക്കണം. നമ്മുടെ ബല ഹീനതകളും, കഴിവുകളും പോരായ്മകളുമെല്ലാം പിശാ ചിന് നന്നായി അറിയാം. അതനുസരിച്ച് അവൻ പ്രവർത്തി ക്കുന്നു. കഴിയുമെങ്കിൽ വൃതന്മാരെയും തെറ്റിപ്പാനായി പിശാച് ഊടാടി നടക്കുന്നു. അവന്റെ തന്ത്രങ്ങളെ നാം തിരിച്ചറിയണം. ക്രിസ്തുയേശുവിന്റെ നല്ല ഭടനായി കഷ്ടം സഹിക്ക. 2 തിമൊ.2:3. പോരാട്ടത്തിന് സേവനസന്നദ്ധ തയായ സത്യവും നീതിയും എന്ന കവചം അരക്കു കെട്ടി കാലിന് സുരക്ഷിതമായി ചെരുപ്പിട്ടുകൊണ്ട് വിശ്വാസം എന്ന പരിച എടുത്ത്, രക്ഷ എന്ന ശിരോവസ്ത്രവും ധരി ച്ചുകൊണ്ട്, വചനമെന്ന ആത്മാവിന്റെ വാൾ കയ്യിലെടുത്ത് ധൈര്യത്തോടെ പോരാടണം. പൗലോസ് പറഞ്ഞു “ഞാൻ നല്ലപോർ പൊരുതു” 2 തിമൊ.4:7. ഇത് നമ്മുടെ അനുഭ വത്തിൽ സത്യമായി പറയാനിടയാകണം. പോരാടുന്ന തിന് കരുത്തുണ്ടാകാൻ വചനം പഠിക്കണം. ഇന്നത്തെ തലമുറ വചനം പഠിക്കാൻ തല്പരരാണോ? വായന കുറ ഞ്ഞു, പഠനം കുറഞ്ഞു. ഒരു കാലത്ത് ബ്രദറൺകാരുടെ പേരു കേട്ടാൽ വിറക്കുമായിരുന്നു. എന്നാൽ ഇന്നോ? ദൃശ്യ മാധ്യമങ്ങൾ നമ്മെ ഒതുക്കിക്കളഞ്ഞില്ലേ? ഒന്നു തിരിഞ്ഞു നോക്കുക.

**4. പിടിച്ചുകൊൾക:** നിത്യജീവനെ പിടിച്ചുകൊൾക എന്ന വാചകത്തിൽ രക്ഷ നഷ്ടപ്പെട്ടു പോകുമെന്ന സൂചന തോന്നിപ്പോകാം. എന്നാൽ ആദ്യവിശ്വാസം അവ സാനത്തോളം പിടിച്ചുകൊൾക എന്ന അർത്ഥത്തിലാണ് ഇവിടെ പറഞ്ഞിരിക്കുന്നത്. എബ്രാ.3:14. ജീവിതകാലം മുഴുവൻ കർത്താവിനെ പ്രസാദിപ്പിച്ചുകൊണ്ട് നല്ല സാക്ഷ്യമുള്ളവരായി ഭക്തിയിൽ ജീവിക്കുക എന്നർത്ഥം. വിശ്വാസി സ്വർഗ്ഗീയ സന്തോഷമനുഭവിച്ചു ജീവിക്കുന്ന തിനുപകരം, ലോകത്തിന് അനുരൂപമായിത്തീരുന്നത് ദുഃഖ കരമാണ്. നല്ലത് ഏതെന്ന് ശോധന ചെയ്ത് നല്ലത് മുറു കെപിടിക്കയും വിട്ടുകളയേണ്ടത് എന്നേക്കുമായി ഉപേക്ഷി ക്കയും വേണം. നാം പോരാട്ടത്തിൽ ഏർപ്പെട്ടിരിക്കുന്ന പടയാളികളായിരിക്കുന്നതിനാൽ നാം വർജ്ജനം ആചരി ച്ചുകൊണ്ട് നമ്മുടെ ഗമനത്തിന് തടസ്സമായതെല്ലാം നീക്കി സ്വതന്ത്രരായി പടക്കളത്തിൽ വരണം. നാം പ്രത്യാശയുടെ സ്വീകാരം മുറുകെ പിടിച്ചുകൊണ്ട് പോരാടണം. ദൈവ ഹിതമല്ലാത്തതെല്ലാം വിട്ടോടി നീതിയും സമാധാനവും പിന്തുടരുകയും ആത്മാവിന്റെ വാളെടുത്ത് പോരാട്ടത്തിന് തയ്യാറായിരിക്കയും വേണം. നമുക്കുള്ളത് ആരും എടു ക്കാതിരിപ്പാൻ സൂക്ഷിച്ച് പിടിച്ചുകൊൾവാൻ ശ്രദ്ധാലുക്ക ളായിരിക്കണം. ഞാൻ വാസ്തവമായി ദൈവത്തിന്റെ മനു ഷ്യനോ?

*നിരൂപണം*

# ദൈവം ഏകനാണ് അതായത് ത്രിയേകൻ

*(തുടർച്ച് - 3)*

**J.C. Dev - 9961700465**

## യേശുവിന്റെ സ്ഥാനം

'യഹോവയായ ദൈവത്തോടുള്ള ബന്ധത്തിൽ തന്റെ പുത്രനായ ക്രിസ്തുവിന്റെ സ്ഥാനം എന്ത്?" "സ്ഥാനം കൊണ്ട് താൻ രണ്ടാമനായിരിക്കും." "ക്രിസ്തുവിനും മീതെ യഹോവ നിലകൊള്ളുന്നു." "യഹോവ പുത്രനായ ക്രിസ്തുവിന്റെയും ദൈവമാണ്" ശ്രീ. സണ്ണിയുടെ ഈ പരാമർശങ്ങളിൽ അദ്ദേഹം ലക്ഷ്യമിടുന്നത് ക്രിസ്തുവിനെ ദൈവത്തിൽനിന്നും താഴ്ത്തി ഒരു രണ്ടാം സ്ഥാനത്ത് പ്രതിഷ്ഠിക്കുക എന്നതാണ്. അതുകൊണ്ട് എന്താണ് നേട്ടം? ക്രിസ്തുവിന് ഇങ്ങനെ ഒരു രണ്ടാം സ്ഥാനം നല്കിയില്ലെങ്കിൽ Theology യിലോ Christology യിലോ Soteriology യിലോ Ecclessiology യിലോ Eschatology യിലോ എന്തെങ്കിലും അപാകത, ശൂന്യത, അപൂർണ്ണത നിലനിൽക്കുന്നെന്നു വരുമോ? പുസ്തകത്തിൽ ക്രിസ്തുവിന് 'രണ്ടാം സ്ഥാനം' കൊടുത്താൽ ഈ ശൂന്യത നികത്തുവാൻ കഴിയും എന്ന് ശ്രീ. സണ്ണി കരുതുന്നുണ്ടോ? അദ്ദേഹം ക്രിസ്തുവിനു 'രണ്ടാം സ്ഥാനം' വിധിക്കുമ്പോൾ ക്രിസ്തുവിന്റെ ദൈവത്വത്തിനെതിരെയും ദൈവത്തിന്റെ രക്ഷാകരദൗത്യത്തിനെതിരെയും വസ്തുതകൾക്കു വിരുദ്ധമായി ചോദ്യങ്ങൾ ഉയർത്തുകയാണ്. ഇതിന് ശ്രീ. സണ്ണിയോടു ക്രിസ്തു എന്തു ദോഷം ചെയ്തു? ഇത് ഒരു തരം വ്യക്തിവിദ്വേഷം മാത്രമാണ്.

ശ്രീ. സണ്ണിയുടെ നിലപാടുകളിൽ സഹതാപമാണ് തോന്നുന്നത്. അദ്ദേഹം ഉദ്ധരിച്ചിരിക്കുന്ന വേദഭാഗങ്ങളെല്ലാം സത്യമാണ്. ഉള്ളിൽ കരുതിവെച്ച 'ആശയ' ത്തിലേക്ക് വായനക്കാരെ നയിക്കുക എന്ന ലക്ഷ്യത്തോടെ വചനവ്യാഖ്യാനത്തിന്റെ നിർദ്ദേശിക്കപ്പെട്ട വ്യവസ്ഥ ലംഘിച്ച് 'വിശദീകരണണംകൊടുത്തതിലാണ് പിഴവ് സംഭവിച്ചത്. അദ്ദേഹം തന്നെ ഉദ്ധരിച്ച വേദഭാഗങ്ങൾ മാത്രം നിരത്തിവെച്ചാൽ ക്രിസ്തുവിന് 'രണ്ടാം സ്ഥാനം' കല്പിക്കുവാൻ സാധിക്കുമോ? സാദ്ധ്യമല്ല. ശ്രീ. സണ്ണിയുടെ 'വിശദീകരണം' വെറും മാനുഷികമായ ഇടപെടലായി മാറി എന്നെഴുതേണ്ടിവന്നതിൽ ഖേദമുണ്ട്. വചനവിരുദ്ധമായ വിശദീകരണങ്ങൾക്ക് ശ്രീ. സണ്ണി കടപ്പെട്ടിരിക്കുന്നത് യഹോവസാക്ഷികളോടാണ്. അതുദ്ദേശിച്ചായിരിക്കാം 'ത്രിത്വത്തെ അംഗീകരിക്കാത്ത ഒരു ന്യൂനപക്ഷം ചരിത്രത്തിലുടനീളം ഉണ്ടായിരുന്നതായി കാണാം' എന്ന് അദ്ദേഹം രേഖപ്പെടുത്തിയത്. അറിയൂസിന്റെ ദുർബലമായ അടിത്തറയിൽ കെട്ടി ഉയർത്തിയ ത്രിത്വവിരുദ്ധ പ്രസ്ഥാനം ഗ്രന്ഥകാരൻ സൂചിപ്പിച്ചതുപോലെ 'ഒരു ന്യൂനപക്ഷം' മാത്രമാണ്. അറിയൂസിന്റെ കാലത്തുതന്നെ വിമർശിക്കപ്പെടുകയും ചോദ്യം ചെയ്യപ്പെടുകയും ഉണ്ടായി. ഈ ത്രിത്വവിരുദ്ധ/നിഷേധ പ്രബോധനം കുറ്റമറ്റതും വചനാനുസരണവുമായിരുന്നുവെങ്കിൽ ഇത്രയും കാലമായിട്ടും എന്തുകൊണ്ട് ഇന്നും ന്യൂനപക്ഷമായിട്ടുതന്നെ തുടരുന്നു? ത്രിത്വാഭിമുഖ്യസമൂഹങ്ങളെ രണ്ടാം സ്ഥാനത്തേക്കു മാറ്റി ത്രിത്വനിഷേധികളായവരുടെ സമൂഹം ഒന്നാം സ്ഥാനത്ത് നില്ക്കേണ്ടതല്ലേ? എന്തുകൊണ്ട് അത് സംഭവിച്ചില്ല? ത്രിത്വവിശ്വാസത്തിനെതിരെ ഈ കൊടുങ്കാറ്റുകളെല്ലാം അഴിച്ചുവിട്ടിട്ടും ദൈവവചനത്തോടുള്ള ആഭിമുഖ്യം ഉപേക്ഷിക്കാതെ ത്രിത്വോപദേശത്തിൽ ബഹുഭൂരിപക്ഷം ക്രിസ്തുവിശ്വാസികൾ ഉറച്ചുനിൽക്കുന്നെങ്കിൽ അതിനർത്ഥം ബഹുഭൂരിപക്ഷം വരുന്ന ക്രിസ്ത്യാനികൾ ത്രിത്വനിഷേധത്തെ തള്ളിപ്പറഞ്ഞു എന്നല്ലേ? അങ്ങനെയെങ്കിൽ ഈ ന്യൂനപക്ഷം ത്രിത്വനിഷേധവുമായി കഴിഞ്ഞുകൂടുന്നതിന് എന്തു പ്രസക്തി? ക്രിസ്തു പ്രബോധിപ്പിച്ച, ക്രിസ്തുവിന്റെ സഭ പ്രബോധിപ്പിച്ച, അപ്പൊസ്തലൻ പ്രബോധിപ്പിച്ച സഭയുടെ അടിസ്ഥാന ഉപദേശങ്ങളിൽ ഒന്നായ ത്രിത്വോപദേശം നിഷേധിച്ചാൽ അവർക്ക് ക്രിസ്ത്യാനികളായിരിക്കുവാൻ കഴിയുമോ? അവർ സ്വയം ക്രിസ്ത്യാനിത്വത്തിന്റെ പരിധിക്കു പുറത്താവുകയല്ലേ?

## ദൈവനാമം

ബൈബിൾ വെളിപ്പെടുത്തുന്നത് ഏകദൈവവിശ്വാസമാണ്. മനുഷ്യവർഗ്ഗത്തിന്റെ അടിസ്ഥാന ധാരണകളും ഇതു തന്നെ. മനുഷ്യഹൃദയത്തിൽ ആദ്യം പതിഞ്ഞതും ഏകദൈവവിശ്വാസമാണ്. "യഹോവ നമ്മുടെ ദൈവമാകുന്നു; യഹോവ ഏകൻ തന്നെ" (ആവ. 6:4) . ഇത് യഹൂദന്റെ ഷേമ പ്രാർത്ഥനയിൽനിന്നുള്ള ഒരു പരാമർശമാണ്. അവരുടെ വിശ്വാസപ്രഖ്യാപനവുമാണിത്. ദൈവാലയത്തിലും സിന്നഗോഗിലും ഏതു ശുശ്രൂഷയും തുടങ്ങുന്നത് ഷേമാപ്രാർത്ഥനയോടെയാണ്. ഓരോ യഹൂദനും ബാല്യം മുതൽ ഈ പ്രാർത്ഥന ചൊല്ലി വളർന്നു. ഈ വിശ്വാസ പ്രഖ്യാപനം ഏറ്റു പറയുന്നു. ഏകദൈവവിശ്വാസത്തിൽ നിലകൊള്ളുന്നു.

മോശെ ദൈവത്തിന്റെ പേര് ചോദിച്ചപ്പോൾ ദൈവത്തിന്റെ മറുപടി ഇതായിരുന്നു. "എഹ് യേ അഷെർ എഹ് യേ' (ഞാൻ ആകുന്നവൻ ഞാൻ ആകുന്നു പുറ.3:14). ഞാൻ ആകുന്നവൻ ഞാൻ ആകുന്നു I am that I am. ആകുന്നവൻ = He who is ദൈവം അസ്തിത്വമുള്ളവനാണ്, ജീവനുള്ള ദൈവമാണ്, പ്രവർത്തിക്കുന്ന ദൈവമാണ്, കാലാതീതനാണ്. ഈ ആശയ

*നിരൂപണം*

# ആത്മാവും അഭിഷേകവും ദഹിക്കാത്തവരോ?

**തോമസ് മത്തായി, ആനിക്കാട്**

ഡാനിയേൽ കെ.വി., ഐരൂർ രചിച്ചതായ 'കേരളത്തിലെ പെന്തക്കോസ്തു സഭകൾ' Vol.1 പുതിയ തലമുറയ്ക്ക് പഴയകാലചരിത്രങ്ങൾ പകർന്നുകൊടുക്കുന്നതിൽ ഏറെ വിജയം വരിച്ചിട്ടുണ്ട്. പ്രസ്തുത പുസ്തകത്തിൽ അദ്ധ്യായം 4 ൽ കേരളത്തിലെ പെന്തക്കോസ്തു പ്രസ്ഥാനത്തിന്റെ ആരംഭം വിശദീകരിച്ചിട്ടുണ്ട്. അസാധാരണമായ ഈ വളർച്ച പ്രശംസനീയം തന്നെ. വളർച്ച, വികസനം ഒക്കെ മാനവസംസ്ക്കാരത്തിന് അത്യന്താപേക്ഷിതമാണ്.

പ്രസ്തുത പുസ്തകത്തിൽ, മറ്റ് ക്രിസ്തീയവിഭാഗക്കാരുടെ ഉപദേശങ്ങളെയും, ആചാര രീതികളെയും കുറിച്ച് പരാമർശിച്ചിട്ടുണ്ട്. ചിലയിടത്തു പരിഹസിച്ചും എഴുതിയിട്ടുണ്ട്. അതിൽ ഒന്ന് ഇപ്രകാരമാണ്. അന്യഭാഷ എന്ന വിഷയമാണ് ബ്രദറുകാർക്ക് ദഹിക്കാതിരിക്കുന്നത്" പി.39

അവരെ ആത്മാവില്ലാത്തവർ, അഭിഷേകം ഇല്ലാത്തവർ എന്ന് വിവരമില്ലാത്ത ചിലർ അധിഷേപിച്ച് പറയുന്നതായും കേട്ടിട്ടുണ്ട്. പക്ഷേ ഡാനിയേൽ ഐരൂരിനെ അക്കൂട്ടത്തിൽ ഉൾപ്പെടുത്തുന്നത് ശരിയല്ലല്ലോ. ഈ വിഷയാനുബന്ധമായി, 2016 ജൂൺ 18ന്, ലൂണാ മാർത്തോമ്മ ചർച്ച്, ഡാളസ്, യു.എസ്.എ ൽ വച്ച് നടന്നതായ സംവാദവും ചരിത്രത്തിൽ ഇടംപിടിച്ചു. ഈ സംവാദത്തിന് ഇടവരുത്തിയത് റാന്നിയിൽ വെച്ചു നടന്ന ഒരു യോഗത്തിൽ ഷിബു പീടിയേക്കൽ എന്ന പെന്തക്കോസ്തുകാരൻ ബ്രദറൺകാരെക്കുറിച്ചു പറഞ്ഞ 'അന്യായഭാഷ' യാണ് എന്ന് വിവേകമുള്ള എല്ലാ 'കാരു' കാർക്കും അറിയാവുന്നതാണ്. ഉറങ്ങിക്കിടക്കുന്ന ബ്രദറൺ സമുഹത്തെ ഉണർത്തുവാൻ ഈവക സംഭവങ്ങൾ ഉപകരിച്ചിരുന്നെങ്കിൽ.... സാധ്യത കുറവാണ്. കാരണം, പ്രമാണമല്ല, പ്രതിഫലം ആണ് വലുത്.

ഏതായാലും ഒരുകൂട്ടം ദൈവജനത്തെപ്പറ്റി ഈ വിധം വ്യാജപ്രസ്താവനകൾ അച്ചടിക്കുന്നതും, പ്രചരിപ്പിക്കുന്നതും, അപഹസിക്കുന്നതും അത്യന്തം ദുഃഖകരമാണ്. തീർച്ചയായും പ്രതിഷേധാർഹവുമാണ്. ഷിബു പീടിയേക്കലിന്റെ ഭാഷ അല്പം മോശമായിപ്പോയി എന്ന് ബ്രദറൺകാർ മാത്രമല്ല, പെന്തക്കോസ്തുകാരും സമ്മതിക്കും. (ഹ

---

ങ്ങൾ ഇവിടെ സൂചിപ്പിക്കപ്പെടുന്നു. പുറ.3:14 ൽ ആണ് യാഹ്വേ(Jehova, YHWH) എന്ന സംജ്ഞ കാണുന്നത് പ്രാചീന ഹീബ്രുവിലുള്ള ഈ സംജ്ഞയ്ക്കു തുല്യമാണ് മലയാളഭാഷയിലെ യഹോവ എന്ന പദം. യാഹ്വേ എന്ന സംജ്ഞ ഏകദേശം 6825 പ്രാവശ്യം ഹീബ്രു ബൈബിളിൽ ഉപയോഗിച്ചിട്ടുണ്ട്. ദൈവനാമം വൃഥാ ഉപയോഗിക്കരുത് എന്ന് കല്പനയുണ്ട്. (പുറ.20:7; ആവ.5:11). യഹൂദറബ്ബിമാർ ഈ കല്പന അനുസരിച്ച് യാഹ്വേ എന്ന നാമം അധികം ഉപയോഗിക്കാറില്ല. അതിനു പകരം അവർ ഉപയോഗിക്കുന്ന പദമാണ് അദോനായ് (Adonai). ഹീബ്രുവിൽ കർത്താവ് (Lord) എന്ന് അർത്ഥം, ഏകദേശം 290 പ്രാവശ്യം ഉപയോഗിച്ചിട്ടുണ്ട്. ഹീബ്രു ബൈബിളിന്റെ ഗ്രീക്കു വിവർത്തനമായ സെപ്ത്വജിന്റിൽ യാഹ്വേ എന്നത് കുറിയോസ് (Kyrios) എന്ന് വിവർത്തനം ചെയ്തിരിക്കുന്നു. സകല സൃഷ്ടികളുടെയുംമേൽ ആധിപത്യം ഉള്ളവൻ എന്നയർത്ഥത്തിൽ മലയാളത്തിൽ ഈ പദം കർത്താവ്(Lord) എന്ന് വിവർത്തനം ചെയ്തിരിക്കുന്നു. യാഹ്വേ,അഡോണായ്, കുറിയാക്കോസ്, എന്നീ പദങ്ങൾക്കെല്ലാം ഫലത്തിൽ അർത്ഥം ഒന്നുതന്നെ.പഴയനിയമത്തിലെ യഹോവയാണ് പുതിയ നിയമത്തിലെ ക്രിസ്തു. "ഞാൻ യഹോവ അതുതന്നെ എന്റെ നാമം" (യെശ.42:8). "ഞാൻ യഹോവയാകുന്നു. ഞാൻ അബ്രഹാമിനും യിസഹാക്കിനും യാക്കോബിനും ശക്തിയുള്ള ദൈവമായിട്ടു പ്രത്യക്ഷനായി. എന്നാൽ യഹോവ എന്ന നാമത്തിൽ ഞാൻ അവർക്കു വെളിപ്പെട്ടില്ല" (പുറ.6:2,3). ക്രിസ്തു പറയുന്നു "നീ ലോകത്തിൽനിന്ന് എനിക്കു തന്നിട്ടുള്ള മനുഷ്യർക്ക് ഞാൻ നിന്റെ നാമം വെളിപ്പെടുത്തിയിരിക്കുന്നു." (യോഹ.17:6) ദൈവത്തെ ആരും ഒരുനാളും കണ്ടിട്ടില്ല. പിതാവിന്റെ മടിയിൽ ഇരിക്കുന്ന ഏകജാതനായ പുത്രൻ അവനെ വെളിപ്പെടുത്തിയിരിക്കുന്നു. (യോഹ. 1:18). "അവൻ ലോകസ്ഥാപനത്തിനു മുമ്പെ മുന്നറിയപ്പെട്ടവനും അവൻ മുഖാന്തരം ദൈവത്തിൽ വിശ്വസിക്കുന്ന നിങ്ങൾ നിമിത്തം ഈ അന്ത്യകാലത്ത് വെളിപ്പെട്ടവനും ആകുന്നു (1 പത്രൊ.1:20) "ദൈവം പണ്ട് ഭാഗം ഭാഗമായിട്ടും വിവിധമായിട്ടും പ്രവാചകന്മാർ മുഖാന്തരം പിതാക്കന്മാരോടു അരുളി ചെയ്തിട്ട് ഈ അന്ത്യകാലത്ത് പുത്രൻ മുഖാന്തരം നമ്മോട് അരുളിച്ചെയ്തിരിക്കുന്നു." (എബ്രാ.1:1). ക്രിസ്തു ദൈവാവിഷ്ക്കാരത്തിന്റെ സമ്പൂർണ്ണതയാണ്.

(തുടരും)

ലേലുയ്യാ.ജൂലൈ.2016). അതേ, ദുഷ്ടത ദുഷ്ട നിൽനിന്ന് പുറപ്പെടുന്നു എന്ന് വചനം.

ഇക്കാലങ്ങളിൽ അന്യഭാഷ പെന്തക്കോസ്തുകാർക്ക് മാത്രമല്ല, കത്തോലിക്കർ ഉൾപ്പെടെ മിക്കവാറും എല്ലാ ക്രിസ്തീയ വിഭാഗക്കാർക്കും ദഹിക്കുന്നുണ്ട് എന്നും, അതു നിമിത്തം, വചനം പഠിക്കുന്ന പെന്തക്കോസ്തുകാർക്കു 'ദഹനക്കേടായി' വന്നിട്ടുണ്ട് എന്നതിന് ഏതാനും തെളിവുകൾ എഴുതട്ടെ.

1. 'ആത്മാഭിഷേകത്തിന്റെ ആദ്യന്തിക ലക്ഷ്യം , വിശ്വാസിയെ ക്രിസ്തുവിന്റെ ദിവ്യസ്വഭാവത്തിൽ വളർത്തിയെടുക്ക എന്നുള്ളതാണ്.... അന്യഭാഷയും, അടയാളങ്ങളുമെല്ലാം അശുദ്ധാത്മാവിനും അനുകരിക്കാൻ കഴിയും." (പി.ഐ. എബ്രഹാം (കാനം അച്ചൻ, ബൈബിൾ സിദ്ധാന്തങ്ങൾ പേജ് 97)

2. വ്യവസ്ഥ തെറ്റിച്ചുള്ള കൃപാവരങ്ങൾ സഭയിൽ അഭംഗുരം അനുഷ്ഠിക്കുന്നത്, ചോദ്യം ചെയ്യാതെ സ്വീകരിച്ച നമ്മൾ, (ഭാഷാവരം എന്ന കൃപാവരം സഭയിൽ എങ്ങനെ ഉപയോഗിക്കണം എന്ന് 1 കൊരി.14:12,13,27... വാക്യങ്ങൾ കാണുക). കാലാന്തരത്തിൽ ഊതിവീഴ്ത്തലിനും വിധേയരായി പോയേക്കാം." (ഗുഡ് ന്യൂസ്, മെയ് 15, 1995)

3. അനുഭവങ്ങൾക്കല്ല, വചനത്തിനാണ് പ്രാധാന്യം . എത്ര വ്യക്തമായ അനുഭവമായാലും, അതിനെ തിരുവചനാടിസ്ഥാനത്തിൽ വിലയിരുത്തി ശരിയെന്ന് ബോധ്യം വരുത്തിയിട്ടല്ലാതെ അംഗീകരിക്കുവാൻ പാടില്ല." (ഗുഡ് ന്യൂസ്, ഏപ്രിൽ 29, 1995)

4. ആത്മാവിന്റെ തെളിവ് ശക്തിപ്രകടനമാണ്... ഇതിന്റെ അപകടം ബുദ്ധിയുള്ളവർക്ക് കാണാം. ആത്മീയ ആവേശങ്ങൾ പ്രകടമാക്കുന്ന കത്തോലിക്ക കരിസ്മാറ്റിക്കുകാരുടെ ആത്മാവിനെയും, പെന്തക്കോസ്തുകാർ അംഗീകരിക്കേണ്ടി വന്നിരിക്കുകയാണ്." (ഗുഡ് ന്യൂസ് - മെയ് 15, 1995 - കാനം അച്ചൻ))

ചുരുക്കത്തിൽ ദൈവവചനവ്യവസ്ഥ തെറ്റിച്ചാണ്, ഭാഷാ ഭാഷണം നടക്കുന്നത് എന്നും, പെന്തക്കോസ്തിൽ ബുദ്ധിയുള്ളവർക്ക് ഇത് ദഹനക്കേടായി തീർന്നിട്ടുണ്ട് എന്നുമാണല്ലോ മേൽ വിവരിച്ചതിൽനിന്നും മനസ്സിലാക്കുന്നത്.

ഇനിയും തെളിവുകൾ ധാരാളം ഉണ്ട്. ആകയാൽ, പെന്തക്കോസ്തിൽതന്നെ വിവാദമായിരിക്കുന്ന/ദഹനക്കേടായിരിക്കുന്ന - ഈ ഭാഷയുടെ പേരിൽ മറ്റുള്ളവരെ പരിഹസിക്കുന്നതിന് പകരം, തങ്ങളുടെ ഇടയിൽതന്നെ സംവാദം സംഘടിപ്പിക്കുന്നതായിരിക്കും അഭികാമ്യം. സ്വന്ത കണ്ണിലെ കോല് കാണാതിരിക്കത്തക്കവണ്ണം അത്രമാത്രം അന്ധകാരത്തിൽ ആകരുതേ!

ഇനിയും അഭിഷേകത്തെപ്പറ്റി :- പഴയനിയമത്തിലും പുതിയനിയമത്തിലും വളരെ വ്യക്തമായി പറഞ്ഞിട്ടുള്ള വിഷയമാണ് അഭിഷേകം. അതില്ലെന്ന് പറയുന്നവർ തിരുവചനനിഷേധികളാണ്. പഴയനിയമത്തിൽ മൂന്ന് സ്ഥാനാരോഹണത്തിന് അഭിഷേകമാവശ്യമായിരുന്നു. 1. രാജസ്ഥാനത്തിന് 1 രാജ.19:16. 2. പ്രവാചക സ്ഥാനത്തിന് 1 രാജ.19:16 3. പുരോഹിത സ്ഥാനത്തിന് ലേവ്യ.8:12. ഒലിവെണ്ണ കൊണ്ടുണ്ടാക്കിയ പ്രത്യേക അഭിഷേക തൈലം ഉപയോഗിച്ചിരുന്നു. പുറ.30:22-33. അത് മനുഷ്യന്റെ ദേഹത്തിന്മേൽ ഒഴിക്കരുത്. പ്രവാചക, പുരോഹിത, രാജവർഗ്ഗം മാത്രമല്ല, സമാഗമനകൂടാരവും അതിലെ ഉപകരണങ്ങളൊക്കെയും അഭിഷേകം ചെയ്ത് ശുദ്ധീകരിക്കണമായിരുന്നു. പുറ.30:26; 40:9. അഹരോനെ അഭിഷേകം ചെയ്യുമ്പോൾ അവന്റെ ശിരസ്സിൽനിന്ന് താടിയിലേക്കും, വസ്ത്രത്തിന്റെ വിളുമ്പിലേക്കും ഒഴുകുന്ന വിശേഷ അഭിഷേക തൈലത്തെ സഹോദരന്മാരുടെ ഒത്തൊരുമിച്ചുള്ള ജീവിതത്തിന്റെ മനോഹാരിതയോട് സങ്കീ. 133 ഉപമിച്ചിരിക്കുന്നു.

പഴയനിയമത്തിൽ മൂന്ന് സ്ഥാനങ്ങൾ മൂന്ന് വ്യക്തികളായിരുന്നുവെങ്കിൽ, പുതിയ നിയമത്തിൽ ആ മൂന്ന് വ്യക്തിത്വം ഒരാളിൽ പൂർണ്ണമായിരിക്കുന്നു. യേശുക്രിസ്തുവിൽ. അവിടുന്ന് ദൈവത്തിന്റെ പ്രവാചകനും, പുരോഹിതനും, രാജാവുമാണ്. ദൈവം യേശുവിനെ അഭിഷേകം ചെയ്തു. അങ്ങനെ ദൈവം ഒരുവനെ അഭിഷേകം ചെയ്യും എന്ന പ്രവചനം പഴയനിയമത്തിലുണ്ടായിരുന്നു. ആ പ്രവചനം തന്നിൽ നിറവേറിയിരിക്കുന്നു എന്ന് നസറേത്തിൽ ഒരു ശബത്തിൽ യെശയ്യാ പ്രവചനം വിടർത്തി വായിച്ചുകൊണ്ട് യേശുകർത്താവ് അവകാശപ്പെട്ടു. ലൂക്കൊ. 4:14-21. അവനാണ് ദൈവത്തിന്റെ അഭിഷിക്തൻ. മശിഹ, ക്രിസ്തു, ഈ വാക്കുകളുടെ അർത്ഥം തന്നെ അഭിഷിക്തൻ എന്നാണ്. നസറയനായ യേശുവിനെ ദൈവം അഭിഷേകം ചെയ്തു എന്ന് പത്രോസ് പ്രസ്താവിക്കുന്നു. അ.പ്ര.4:27, 10:38.

ദൈവം യേശുക്രിസ്തുവിനെ അല്ലാതെ

നിങ്ങളുടെ സഭയിൽ ഭക്തനായ ഒരു മനുഷ്യനും ജാടയുള്ള ഒരു മനുഷ്യനും ഉണ്ടെങ്കിൽ തീർച്ചയായും ജാടയുള്ള മനുഷ്യനായിരിക്കും സഭയിലെ ഒട്ടുമിക്ക ആളുകളുടെയും പിൻബലം ഉണ്ടാവുക

വേറെ ഏതെങ്കിലും ഒരു വ്യക്തിയെ അഭിഷേകം ചെയ്തതായി പുതിയ നിയമത്തിൽ എങ്ങും പറഞ്ഞിട്ടില്ല. വിശ്വാസികളെപ്പറ്റി, ദൈവം ക്രിസ്തുവിൽ നമ്മെ അഭിഷേകം ചെയ്തു എന്നാണ് പൗലോസ് എഴുതിയിരിക്കുന്നുത്. 2 കൊരി.1:21. പരിശുദ്ധനാൽ അഭിഷേകം പ്രാപിച്ച് വിശ്വാസികൾ സകലവും അറിയുന്നു എന്നും, അവനാൽ പ്രാപിച്ച അഭിഷേകം വിശ്വാസികളിൽ വസിക്കുന്നു എന്നും യോഹന്നാൻ പ്രസ്താവിക്കുന്നു. 1 യോഹ.2:20,27.

അഭിഷേകം ശിരസ്സിലാണ് ചെയ്യുക. വിശ്വാസികളുടെ/ സഭയുടെ ശിരസ്സാണ് ക്രിസ്തു. ദൈവം ക്രിസ്തുവിനെ അഭിഷേകം ചെയ്തു. നാം ക്രിസ്തുവിൽ അവന്റെ ശരീരമായി തീർന്നപ്പോൾ– രക്ഷിക്കപ്പെട്ടപ്പോൾ – അഹരോന്റെ ശിരസ്സിൽനിന്ന് അഭിഷേകതൈലം ശരീരത്തിലേക്ക് ഒഴുകുന്നതുപോലെ നമ്മിലേക്കും ആ അഭിഷേകം ദൈവം പകർന്നു. അങ്ങനെ എല്ലാ വിശ്വാസികളും/ ക്രിസ്തു ശരീരത്തിന്റെ അവയവങ്ങൾ, അഭിക്ഷിക്തരാക്കിയിരിക്കുന്നു. അതുകൊണ്ടാണ് ഒരു വിശ്വാസി വ്യക്തിപരമായി അഭിഷേകം പ്രാപിക്കേണ്ടതിന്റെ ആവശ്യത്തെപ്പറ്റി പുതിയ നിയമത്തിൽ ഒന്നും പറഞ്ഞിട്ടില്ലാത്തത്.

അഭിഷേകം ദൈവത്തിനായി വേർതിരിച്ച് വിശുദ്ധീകരിക്കുന്നതിനേയും കാണിക്കുന്നു. അതിനാണ് സമാഗമന കൂടാരത്തിലെ ഉപകരണങ്ങൾ അഭിഷേകം ചെയ്യുന്നത്. അത് ദൈവീക കാര്യങ്ങൾക്കു മാത്രമായി ഉപയോഗിക്കുന്ന വസ്തുക്കളായി അഭിഷേകത്താൽ മാറ്റപ്പെടുന്നു. ക്രിസ്തുവിൽ വിശ്വസിക്കുന്നവരെല്ലാം ദൈവത്തിന്റെ വകയാണ്, ദൈവമക്കളാണ്, വിശുദ്ധന്മാരാണ്. അതാണ് ക്രിസ്തുവിൽ ദൈവം നമുക്കു നൽകിയ അഭിഷേകത്തിന്റെ അർത്ഥം.

അഭിഷേകം ചെയ്യണമെന്നല്ലാതെ അഭിഷേകം പ്രാപിക്കണം എന്നൊരു നിർദ്ദേശം പഴയനിയമത്തിലോ പുതിയനിയമത്തിലോ ഇല്ല. ദൈവം തനിക്കായി തിരഞ്ഞെടുത്തവരെ അഭിഷേകം ചെയ്യേണ്ട ചുമതല ദൈവത്തിനാണ്. അവിടുന്ന് വിശ്വസ്തനാണ്, അത് നിർവ്വഹിക്കും. അതിനാലാണ്, ക്രിസ്തുവിൽ നിങ്ങളെ അഭിഷേകം ചെയ്തത് ദൈവമല്ലോ എന്ന് പൗലോസ് പറയുന്നത്.

പഴയനിയമത്തിലെ അഭിഷേകതൈലം ഇന്ന് പരിശുദ്ധാത്മാവിനെ കാണിക്കുന്നു. വേറെ ഒരു തൈലാഭിഷേകവും പുതിയനിയമത്തിലില്ല. പരിശുദ്ധാത്മാഭിഷേകം മാത്രം. ക്രിസ്തുവിൽ ദൈവം നമുക്ക് നൽകിയിരിക്കുന്ന അതിവിശിഷ്ടങ്ങളായ അനുഗ്രഹങ്ങളുടെ പ്രതീകമായ അഭിഷേകം, ക്രിസ്തുവെന്ന ശരീരത്തോട് നാം ബന്ധപ്പെട്ടിരിക്കുന്നതിന്റെ അടയാളമായ അഭിഷേകം, പരിശുദ്ധനാൽ പ്രാപിച്ച അഭിഷേകം, സകലവും ഉപദേശിച്ചുതരുന്ന അഭിഷേകം രക്ഷിക്കപ്പെട്ട എല്ലാ വിശ്വാസികൾക്കുമുണ്ട്. അതല്ല എന്ന് പറഞ്ഞ് പരിഹസിക്കുന്നവർ വ്യാജവും, വക്രതയും നിരൂപിച്ച് സത്യത്തെ കോട്ടിക്കളയുന്നവരാണ്. അത് പരിശുദ്ധാമാവിനെതിരായുള്ള പാപമാകുമോ എന്നും ഭയപ്പെടേണ്ടിയിരിക്കുന്നു.

ഇത്രയും സുതാര്യമായ സത്യങ്ങൾ മനസ്സിലാക്കുവാൻ സംവാദമല്ല ആവശ്യം, പ്രത്യുത സത്യം സമ്മതിക്കുവാനുള്ള സന്മനസ്സാണ് വേണ്ടിയത്. നേരുള്ള വാക്കുകൾക്ക് എത്ര ബലം; നിങ്ങളുടെ ശാസനക്കോ എന്തു ഫലം? ഇയ്യോ.6:25, നേരുള്ള ഉപദേശത്തിനു എത്ര ബലം! നിങ്ങളുടെ സംവാദത്തിന് എന്തു ഫലം? പരിഹാസ പ്രയോഗങ്ങൾകൊണ്ട് എന്തു പ്രയോജനം? വേദി, ആദായം, അംഗീകാരം, അനുമോദനം, ആശ്ലേഷണം ആദിയായവക്ക് പഞ്ഞമുണ്ടാകയില്ല എന്ന് മാത്രം. ദാരിദ്രമകറ്റാം.....

The difference lies in light not in life' എന്ന ആപ്തമാക്യം ഏവരും കൈക്കൊണ്ട്, ജീവന്റെ വചനങ്ങളെ വിതക്കാം, പ്രമാണിക്കാം. ഇങ്ങനെയുള്ളവരുടെ പദവിയോ:- ക്രിസ്തു നിമിത്തം ഭോഷന്മാർ!

● ● ●

## ജാതികൾ

ഒരിക്കൽ ആർ. കൃഷ്ണൻകുട്ടി പ്രസംഗിക്കുവാൻ ചെന്ന യോഗത്തിൽ സംഘാടകർ അദ്ദേഹത്തെ പരിചയപ്പെടുത്തിയ കൂട്ടത്തിൽ താൻ ജാതികളിൽനിന്നു വന്നവനാണ് എന്നു പ്രത്യേകം പറഞ്ഞു. കൃഷ്ണൻകുട്ടി സഹോദരൻ പ്രസംഗിക്കുവാൻ എഴുന്നേറ്റപ്പോൾ ഇവിടെ യഹൂദന്മാർ ആരെങ്കിലും ഉണ്ടെങ്കിൽ ദയവായി ഒന്ന് എഴുന്നേറ്റ് നിൽക്കണം എന്ന് ആവശ്യപ്പെട്ടു. എഴുന്നേൽക്കുവാൻ ആരും ഉണ്ടായില്ല. അപ്പോൾ താൻ ഇങ്ങനെ പറഞ്ഞു. ഇവിടെ ഇരിക്കുന്ന നമ്മൾ എല്ലാവരും ജാതികളിൽനിന്നു വന്നവരാണ്. യിസ്രയേല്യരല്ലാത്ത എല്ലാവരും വചനപ്രകാരം ജാതികളാണ്.

എന്നിട്ടും ഇപ്പോഴും പുതിയതായി വന്ന ചിലരെക്കുറിച്ച് ഇങ്ങനെ അനൗൺസ്മെന്റ് കേൾക്കാറുണ്ട്.

# ദൈവകരങ്ങളിൽ വിശ്വാസിയുടെ രക്ഷ ഭദ്രമോ? (5)

*P. James Samuel- 8592019064*

**ക**ഴിഞ്ഞ അദ്ധ്യായത്തിൽ മുന്നറിവ്, മുൻനിർണ്ണയം എന്നീ കാര്യങ്ങളെക്കുറിച്ചു ചുരുക്കമായി ചിന്തിച്ചു. കുറച്ചുകൂടി വിശദമായി ഈ വിഷയം പഠിക്കേണ്ടതുണ്ട് എന്ന് ഞങ്ങൾക്കറിയാം. അത് വിശ്വാസത്തിന്റെ ഉറപ്പിനും പ്രത്യാശയുടെ വർദ്ധനവിനും ആവശ്യം തന്നെ. എന്നാൽ ഒരു ബാലപാഠം എന്ന നിലയിൽ മാത്രം ഈ ലേഖനത്തെ കരുതിക്കൊണ്ട് വ്യക്തിപരമായി കൂടുതൽ വചനത്തിൽനിന്നും ഗ്രഹിക്കുവാൻ പരിശ്രമിക്കുക.

### (3). വിളി

അബ്രഹാമിനെ ദൈവം വിളിച്ചു "ഞാൻ നിന്നെ കാണിപ്പാനിരിക്കുന്ന ദേശത്തേക്കു പോക" എന്നു കല്പിച്ചു. ശിഷ്യന്മാരെ കർത്താവ് വിളിച്ചു "എന്റെ പിന്നാലെ വരുവിൻ" എന്നു പറഞ്ഞു. യിസ്രായേലിനെ ദൈവം സ്വന്തജനമായിരിക്കേണ്ടതിന് വിളിച്ചു (ഹോശ.11:1) എന്നാൽ പുതിയനിയമത്തിലെ വിളി വ്യക്തിപരമാണ്. വിളി എന്ന വാക്കിൽനിന്നുമാണ് വിളിച്ചു വേർതിരിക്കപ്പെട്ടവരുടെ കൂട്ടം (എക്ലിസിയ) അഥവാ സഭ ഉണ്ടായത്. എല്ലാവരെയും ദൈവം വിളിച്ചിട്ടില്ല. മുൻനിയമിച്ചവരെ മാത്രമാണ് വിളിച്ചിരിക്കുന്നത്. അങ്ങനെയാണല്ലോ നാം ചിന്തിച്ചുകൊണ്ടിരിക്കുന്ന റോമ. 8:29-30 ൽ കാണുന്നത്. വിളി ഇല്ലാതെ സ്വന്ത ഇച്ഛയാൽ ആരുംതന്നെ നീതീകരണം പ്രാപിക്കുന്നില്ല. നീതികരണം പ്രാപിക്കാത്ത ആരും തേജസ്ക്കരിക്കപ്പെടുന്നതുമില്ല. നാം അന്ധകാരത്തിൽ കിടന്നപ്പോഴാണ് ദൈവവിളി ഉണ്ടായത് എന്ന് 1 പത്രോ. 2:9 ൽ വായിക്കുന്നു. അന്ധകാരത്തിൽ / മരണത്തിൽ/ നിത്യശിക്ഷയിൽ കിടന്ന നമ്മെ എന്തിനാണ് വിളിച്ചത്, അത്ഭുത പ്രകാശത്തിൽ ആക്കുവാൻ/ജീവനിലാക്കുവാൻ/നിത്യജീവൻ തരുവാൻ എങ്കിൽ പിന്നെ ദൈവം വിളിച്ചുകൊണ്ടുവന്നു തന്ന രക്ഷ ഭദ്രമല്ല എന്ന് എങ്ങനെ പറയുവാൻ കഴിയും? ദൈവം അത്ര തീർച്ചയില്ലാത്ത കാര്യത്തിനുവേണ്ടിയാണോ (രക്ഷിക്കപ്പെടുകയോ/നഷ്ടപ്പെടുകയോ) നമ്മെ വിളിച്ചത്? എങ്കിൽ വിളിക്കപ്പെട്ടവർക്കും വിളിക്കപ്പെടാത്തവർക്കും തമ്മിൽ എന്താണ് വിത്യാസം? മുന്നറിയാത്ത ആരെയും വിളിച്ചിട്ടില്ല എന്ന കാര്യം നാം മറന്നുപോകരുത്. അങ്ങനെ വിളിക്കപ്പെട്ടവരാകട്ടെ നിത്യതേജസ്സിനായിട്ടാണ് (1 പത്രോ.5:10) വിളിക്കപ്പെട്ടിരിക്കുന്നത്. നിത്യതേജസ്സിനായി ദൈവം മുന്നറിഞ്ഞ് മുൻ തീരുമാനിച്ച് വിളിച്ച് വേർതിരിച്ച് കൂട്ടിച്ചേർക്കപ്പെട്ടിരിക്കുന്നവർ നഷ്ടപ്പെട്ടുപോകും അല്ലെങ്കിൽ അവരുടെ രക്ഷ വിളിച്ച് വേർതിരിച്ച കർത്താവിന്റെ കരങ്ങളിൽ ഭദ്രമല്ല എന്നു പറയുന്നത് ദൈവത്തെ വാക്കു പാലിക്കാത്തവനും, കഴിവില്ലാത്തവനുമായി ചിത്രീകരിക്കുന്നതല്ലേ? നമ്മുടെ വിളി മാനുഷികമല്ല, സത്യദൈവത്തിന്റെ ശ്രേഷ്ഠമായ വിളിയാണ്. ഇതിൽ ദൈവവുമായുള്ള കൂട്ടായ്മയുണ്ട്. തന്റെ രാജ്യവും മഹത്വവും തരേണ്ടതിനാണ് വിളിച്ചിരിക്കുന്നത്, നിത്യതേജസ്സിനായിട്ടാണ് വിളിച്ചിരിക്കുന്നത്. സമാധാനം, സ്വാതന്ത്ര്യം, പ്രത്യാശ, വിശുദ്ധീകരണം, നിത്യജീവൻ ഇവയെല്ലാം ഉൾക്കൊള്ളുന്ന വിളിയാണ് ഓരോ ദൈവമക്കൾക്കും ലഭിച്ചിരിക്കുന്നത് എന്ന് വേദപഠിതാവിന് വ്യക്തമായി മനസ്സിലാക്കുവാൻ കഴിയും? യഥാർത്ഥമായ ദൈവകൃപയുടെ വിളി ഇല്ലാതെ കർത്താവേ കർത്താവേ എന്നു സ്വയം പറഞ്ഞുകൊണ്ട് തങ്ങൾ വിളിയുള്ളവരാണ് എന്ന് സ്വയം ചിന്തിക്കുന്നവരിലാണ് നഷ്ടഭയം സ്ഥിതി ചെയ്യുന്നത്.

### നീതീകരണം

'വിളിച്ചവരെ നീതീകരിച്ചും' എന്നാണല്ലോ നാം കണ്ടത്. നീതികരണവും വിശുദ്ധീകരണവും ഒന്നല്ല. എന്നാൽ തമ്മിൽ അഭേദ്യമായ ബന്ധമുണ്ട്. നീതീകരണം ഒരു കോടതി വാക്കാണ്. ഒരു വ്യക്തിയെ, കുറ്റക്കാരനോ ശിക്ഷക്ക് അർഹനോ അല്ല എന്നു ദൈവീക കോടതിയിൽ നടത്തുന്ന പ്രഖ്യാപനമാണ് ഇത്. വിശ്വാസത്താലുള്ള നീതികരണം റോമാ ലേഖനത്തിലെ അതിപ്രധാന വിഷയമാണ്. (റോമ.4:1-5) ക്രിസ്തുവിലേക്കുവരുന്ന പാപിയുടെ ദൈവനിയമപ്രകാരമുള്ള ശിക്ഷ റദ്ദാക്കുകയാണ് ഇവിടെ നടക്കുന്ന നടപടി. ദൈവത്തിന് പാപിയെ ശിക്ഷിക്കാതിരിപ്പാൻ കഴികയില്ല. പാപിയെ ശിക്ഷിച്ചില്ല എങ്കിൽ ദൈവം നീതിമാനാകുന്നത് എങ്ങനെ? എന്നാൽ പാപിയായ മനുഷ്യനോട് ദൈവം അടുക്കയോ സഹവസിക്കയോ ചെയ്യുന്നത് എങ്ങനെയാണ്? അവന്റെ പാപം ദൈവം തന്റെ പുത്രന്മേൽ ചുമത്തിയാണ് ദൈവം അവനെ നീതിമാനാക്കുന്നത്.

### വിശുദ്ധി

ആദാമ്യപാപം മുതൽ സകലലംഘനങ്ങളുടെയും അകൃത്യം വഹിക്കുന്ന വ്യക്തിയെ യാതൊരു പ്രായശ്ചിത്തമോ ശിക്ഷയോ കൂടാതെ കേവലം വിശ്വാസത്തിന്റെ പേരിൽ നീതിമാനായി പ്രഖ്യാപിച്ചശേഷം അവനെ ഏതെങ്കിലും ഒരു തെറ്റിന്റെ പേരിൽ തള്ളിക്കളഞ്ഞ് ദുഷ്ടന്റെ അവകാശത്തിലേക്ക് തള്ളിവിടും എന്ന് പഠിപ്പിക്കുന്നവരാണ് രക്ഷാനഷ്ടവാദികൾ. റോമ.5:8. "ക്രിസ്തുവോ നാം പാപികൾ ആയിരിക്കുമ്പോൾതന്നെ നമുക്കുവേണ്ടി മരിക്കയാൽ ദൈവം തനിക്കു നമ്മോടുള്ള സ്നേഹത്തെ പ്രദർശിപ്പിക്കുന്നു. (വാക്യം 9). അവന്റെ രക്തത്താൽ നീതികരിക്കപ്പെട്ടശേഷമോ നാം അവനാൽ കോപത്തിൽനിന്നും എത്ര അധികമായി രക്ഷിക്കപ്പെടും" നീതികരിക്കപ്പെട്ടവർ ദൈവീകവിശുദ്ധിയിലേക്ക് പടിപടിയായി ഉയരുന്ന ചിത്രമാണ് ഇവിടെ നാം കാണുന്നത്. റോമ.8:33 ൽ "ദൈവം തെരഞ്ഞെടുത്തവരെ ആർ കുറ്റം ചുമത്തും? നീതികരിക്കുന്നവൻ ദൈവം, ശിക്ഷ വിധിക്കുന്നവൻ ആർ? ക്രിസ്തുയേശു മരിച്ചവൻ, മരിച്ചിട്ടു ഉയിർത്തെഴുന്നേറ്റവൻ തന്നേ. അവൻ ദൈവത്തിന്റെ വലത്തു

ഭാഗത്തിരിക്കയും, നമുക്കുവേണ്ടി പക്ഷവാദം കഴിക്കയും ചെയ്യുന്നു." ഈ ഭാഗത്തിന്റെ ഓശാന പരിഭാഷ ഇവിടെ പകർത്തുന്നു. അത് കുറച്ചുകൂടി ഭാഷാപരമായ വ്യക്തത തരുന്നു" "ദൈവത്തിന്റെ തെരഞ്ഞെടുക്കപ്പെട്ടവരുടെമേൽ ആരാണ് കുറ്റം ചുമത്തുക? ദൈവമാണ് നീതികരിക്കുന്നത്. പിന്നെ ആരാണ് കുറ്റം വിധിക്കുക. മരിച്ച് മരിച്ചവരിൽനിന്നും ഉയിർപ്പിക്കപ്പെട്ടു ദൈവത്തിന്റെ വലത്തുഭാഗത്തിരുന്നു നമുക്കുവേണ്ടി മധ്യസ്ഥ്യം വഹിക്കുന്ന ക്രിസ്തുയേശുവോ?" ക്രിസ്തു യേശു നീതികരിച്ചവരെ താൻ തന്നെ കുറ്റം വിധിക്കയില്ല. ഈ ഭാഗം വ്യക്തമാക്കുമ്പോൾ നമുക്ക് ഭയപ്പെടേണ്ട ആവശ്യം എന്താണ്? അതോ മനസ്സിലാക്കാൻ കഴിയാത്ത എന്തെങ്കിലും കാര്യമാണോ ഇവിടെ എഴുതിയിരിക്കുന്നത്? ശിക്ഷിക്കുവാനെങ്കിൽ രക്ഷിച്ചത് എന്തിനാണ് എന്ന ചോദ്യം ഉദിക്കുന്നില്ലേ? മഹാപീഡനത്തോടുള്ള ബന്ധത്തിൽ ഉന്നയിക്കപ്പെടുന്ന അതേ ചോദ്യത്തിന് ഇവിടെയും പ്രസക്തി ഇല്ലേ? കർത്താവ് രക്ഷിക്കപ്പെടുന്നവരെ ശരീരമാകുന്ന സഭയുടെ അവയവമാക്കി അഥവാ മണവാട്ടിയാക്കിയിട്ട് മഹാപീഡനത്തിന് വിട്ടുകൊടുക്കയും സ്വന്തശരീരത്തെ തല്ലിച്ചതച്ച് പീഡിപ്പിക്കുകയുമാണ് ചെയ്യുന്നത് എന്നാണ് സഭ മഹാപീഡനത്തിൽകൂടി കടക്കും എന്നു പഠിപ്പിക്കുന്ന പീഡനവാദികൾ പറയുന്നത്. തത്തുല്യമായ ചിന്താഗതി തന്നെയാണ് നഷ്ടവാദികളുടേതും. റോമ. 5 ന്റെ 16-21 വാക്യങ്ങളും നമ്മുടെ നീതീകരണം യേശുക്രിസ്തുവിന്റെ നീതിയാൽ ലഭിച്ചിരിക്കുന്നതാണ് എന്ന് വ്യക്തമാക്കുന്നുണ്ട്.

ആദമും ഹവ്വയും അനുസരണക്കേടിനാൽ പാപം ചെയ്യുക നിമിത്തം അവരെ ദൈവനീതിപ്രകാരം ഏദൻ പറുദീസയിൽനിന്നും പുറത്താക്കി. യേശുക്രിസ്തു പാപപരിഹാരാർത്ഥം ക്രൂശിൽ മരിച്ച് അഥവാ തിരിയുന്ന വാളിന്റെ വെട്ടേറ്റ് അവരെ തിരികെ പറുദീസയിൽ ആക്കുന്നു. ഇതാണ് നീതീകരണം. അതുകൊണ്ടാണ് 'തേജസ്ക്കരിച്ചും ഇരിക്കുന്നു' 'സ്വർഗ്ഗസ്ഥലങ്ങളിൽൽ ഇരുത്തിയിരിക്കുന്നു' എന്നീ പ്രയോഗങ്ങൾ നമുക്ക് വചനത്തിൽ കാണുവാൻ കഴിയുന്നത്.

നീതികരിക്കുക എന്ന വാക്കിന്റെ എതിർവാക്കാണ് ശിക്ഷിക്കുക എന്നത്. ദൈവം നീതികരിച്ച് രക്ഷിച്ച മനുഷ്യനെ ശിക്ഷിക്കുവാൻ ദൈവത്തിനു സാധ്യമല്ല. അതുകൊണ്ട് ഇപ്പോൾ ക്രിസ്തുയേശുവിലുള്ളവർക്ക് ഒരു ശിക്ഷാവിധിയും ഇല്ല. റോമ.8:1. ഇവിടെ ഒരു ചോദ്യം ഉന്നയിക്കപ്പെടാം. ദൈവം മക്കളെ ബാലശിക്ഷ കഴിക്കുന്നില്ലേ? അതേ തീർച്ചയായും കഴിക്കുന്നുണ്ട്. എന്നാൽ ബാലശിക്ഷ ശിക്ഷാവിധിയല്ല. ബാലശിക്ഷ കൊടുത്ത് ആരെയും നരകത്തിലേക്കു തള്ളിക്കളയുന്നില്ല. ദൈവം തന്റെ മക്കളോടു കാണിക്കുന്ന ദയയാണ് ബാലശിക്ഷ.

നീതികരണത്തെ കൂടെക്കൂടെയുള്ള മാനസാന്തരമായി പഠിപ്പിക്കുന്നവരുണ്ട്. അത് വചനാനുസൃതമല്ല. നീതികരണം ഒരിക്കൽമാത്രം നടക്കുന്നു. അത് ആവർത്തിക്കപ്പെടുന്നില്ല. നീതികരണം രക്ഷക്ക് അടിസ്ഥാനമായ ഘടകമാണ്. നീതികരണം ഇല്ലെങ്കിൽ പിന്നെ ശിക്ഷയാണുള്ളത്. അത് ഒരിക്കലായി മാത്രം പ്രഖ്യാപിക്കപ്പെടുന്ന കാര്യമാണ്. നഷ്ടരക്ഷാവാദികളും കൂടെക്കൂടെയുള്ള നീതികരണത്തെക്കുറിച്ച് ഒന്നും പറഞ്ഞുകേൾക്കുന്നില്ല. നീതികരണത്തോടു ചേർന്നാണ് തേജസ്ക്കരണം പറഞ്ഞിരിക്കുന്നത്.

**5. തേജസ്ക്കരണം**

നാം ചിന്തിച്ചുകൊണ്ടിരിക്കുന്ന റോമ.8:29-30 വാക്യങ്ങളിലെ അടുത്ത കാര്യം തേജസ്ക്കരണം എന്നുള്ളതാണ്. ആദിമാതാപിതാക്കൾ പാപം ചെയ്തപ്പോൾ അവരുടെ തേജസ് നഷ്ടപ്പെട്ടു. അതുകൊണ്ടാണ് അവർക്ക് സ്വയം നഗ്നരാണ് എന്ന ബോധ്യം ഉണ്ടായത്. അവർ അപ്പോൾതന്നെ ആത്മാവിൽ മരിച്ചു. എന്നാൽ ശരീരത്തിൽ മരിക്കുന്നത് കാലങ്ങൾക്കു ശേഷമാണ്. രക്ഷിക്കപ്പെടുന്ന വ്യക്തിയുടെ സ്ഥിതിയും ഇതിനു തുല്യമാണ്. രക്ഷിക്കപ്പെടുന്ന നിമിഷത്തിൽ ദൈവികജീവൻ ഒരുവനിൽ വാസം ആരംഭിക്കുന്നു. അത് നിത്യജീവനാണ്. ജീവന്റെ അപ്പമായി യേശുക്രിസ്തു കാൽവറിയിൽ നമുക്കു തന്ന ജീവനാണ്. മരിച്ച അവസ്ഥയിൽ നിന്നും വിശ്വാസി ജീവൻ പ്രാപിക്കയാണ് (ഉയിർത്തെഴുന്നേൽക്കുകയാണ്) രക്ഷിക്കപ്പെടുന്ന അവസരത്തിൽ ഉണ്ടാകുന്ന മാറ്റം. മരണത്തിന് ഇന് അവന്റെമേൽ കർത്തൃത്വം ഇല്ല. ഒന്നാം മരണത്തെപ്പറ്റിയും രണ്ടാം മരണത്തെപ്പറ്റിയും മാത്രമേ വേദപുസ്തകം പഠിപ്പിക്കുന്നുള്ളു. ഒന്നാം മരണം ഏദനിൽ സംഭവിച്ചു ഇന്നും ശാരീരികമരണം തുടർന്നുകൊണ്ടിരിക്കുന്നു. രണ്ടാം മരണം ദൈവത്തിൽനിന്നും എന്നന്നേക്കുമുള്ള വേർപാട് അഥവാ നിത്യശിക്ഷാവിധിയാണ്. മനുഷ്യനിൽ ദേഹം, ദേഹി, ആത്മാവ് എന്നീ ഘടകങ്ങൾ ഉണ്ട്. മൃഗങ്ങളിൽ ആത്മാവ് എന്ന ഘടകം ഇല്ല. അത് ജീവികളുടെ സൃഷ്ടിയും മനുഷ്യസൃഷ്ടിയും തമ്മിലുള്ള വ്യത്യാസം പഠിക്കുമ്പോൾ മനസ്സിലാകും. ഉണ്ടാകട്ടെ എന്നു പറഞ്ഞപ്പോൾ ജീവനുള്ള ശരീരം എല്ലാ ജീവികൾക്കും ഉണ്ടായി. പക്ഷേ ജീവശ്വാസം ഊതിയാണ് മനുഷ്യന് ജീവൻ നൽകിയത്. അത് ദൈവീകശ്വാസം ആണ്. ഊതിയപ്പോൾ ശിഷ്യന്മാർക്ക് പരിശുദ്ധാത്മാവ് ലഭിച്ചു. (യോഹ.20:22). മനുഷ്യനെ ദൈവം ഊതിയാണ് ജീവനുള്ള ദേഹിയാക്കി തീർത്തത്. അതുകൊണ്ട് ജീവികൾ മരിക്കുമ്പോൾ പ്രാണനും ശരീരവും വേർപെട്ട് ഇല്ലാതെയാകുന്നു. മനുഷ്യൻ മരിക്കുമ്പോൾ അവന്റെ ശരീരം ഉപേക്ഷിച്ച് ആത്മാവും പ്രാണനും ഒരുക്കപ്പെട്ടിരിക്കുന്ന സ്ഥാനത്തേക്കു പോകുന്നു. വിശ്വാസി പാപത്തിന്റെ ക്ഷമ ലഭിച്ചവനാകയാൽ അവൻ സ്വർഗ്ഗാവകാശിയാകുന്നു. എന്നാൽ അവന്റെ ശരീരത്തിന്റെ വീണ്ടെടുപ്പു കർത്താവിന്റെ വരവിൽ നടക്കുന്നു. അത് തേജസ്സുള്ള ശരീരമാണ്. ഇപ്പോഴുള്ള ഭൗമിക ശരീരത്തിന് സ്വർഗ്ഗത്തിൽ ആത്മികലോകത്ത് വസിപ്പാൻ കഴികയില്ലല്ലോ. അതുകൊണ്ട് രക്ഷിക്കപ്പെട്ടവന് തേജസ്ക്കരണം ഉറപ്പാണ്. അതിന്റെ അച്ചാരമായിട്ടാണ് പരിശുദ്ധാത്മാവ് രക്ഷിക്കപ്പെട്ടവന്റെ ഹൃദയത്തിൽ വസിക്കുന്നത്. പരിശുദ്ധാത്മ മുദ്രയാൽ അതിനുള്ള ഉറപ്പും ദൈവം തന്നിരിക്കുന്നു. അല്ലെങ്കിൽ പരിശുദ്ധാത്മ അച്ചാരത്തിന്റെയും മുദ്രയുടെയും ആവശ്യം എന്താണ്? എന്തിനാണ്? ●

# സംഘടനകളിൽനിന്ന് മൂമെന്റുകളിലേക്ക്

*K.V. Issac - 0487-2406352*

**വേ**ർപെട്ട ദൈവജനത്തിന്റെ കേരളത്തിലെ ഉണർവ്വു, കഴിഞ്ഞ രണ്ടാം നിര കാലഘട്ടത്തിൽ ഉരുത്തിരിഞ്ഞതാണ്.സഭയിലെ കൃഷിക്കാർ, വിദ്യാർത്ഥികൾ, സർക്കാർ ജോലിക്കാർ, കച്ചവടക്കാർ എന്നീ നിലയിൽ ഉള്ള യുവാക്കൾ തങ്ങളുടെ ആളിയ ഊർജ്ജം ചെലവഴിപ്പാൻ മലയാളത്തിൽ യുവസുവിശേഷസംഘം (Y.M.E.F) ഉണ്ടാക്കി എന്നു പറയാം. ഇത് ഉരുത്തിരിവാൻ ഉണ്ടായ സാഹചര്യം ഒന്നാം ഘട്ടത്തിൽ സുവിശേഷം കേട്ടവർ വിശ്വസിച്ചു- വിശ്വസിച്ചവർ തങ്ങൾ കണ്ടവരോടെല്ലാം സുവിശേഷം പറഞ്ഞു. ഇതിൽ കൃപാവരം ഉണ്ടായിരുന്ന ആത്മിയതീഷ്ണർ വചനം നന്നായി പഠിച്ചു. ചിലർ ഉപദേശിമാരും ചിലർ നല്ല ഉപദേഷ്ടാക്കളുമായി. എന്നാൽ രണ്ടാം ഘട്ടം ഇവരുടെ മക്കൾ വിദ്യാഭ്യാസം ചെയ്തു ചിലർ കൃഷിക്കാരായി- ഉദ്യോഗസ്ഥരായി. രണ്ടാം ഘട്ടം സഭാ തലത്തിൽ - സുവിശേഷകരോ - ആളിയ തീഷ്ണതയുള്ളവരോ സഭ നടത്തിപ്പിൽ വന്നില്ല. ഒന്നാം ഘട്ട പ്രാപ്തരുടെ മക്കൾ ഉദ്യോഗസ്ഥരോ കച്ചവടക്കാരോ ആയ പ്രമാണികളായി സഭയിൽ കടന്നു. അവരാൽ - സഭാതലത്തിൽ എല്ലാം ഉദ്യോഗചിട്ടയിൽ ആയി. ഇക്കാലത്തു ആളിയ കാഴ്ചപ്പാട് ഉണ്ടായവർ ഒന്നും ചെയ്യാനാകാതെ ഞരങ്ങി - ഇനി ഉപദേശിമാർ ഒരു സംഘമായി നിന്നു അവരുടെ കൂട്ടത്തിൽ ആരെയും ചേർത്തതും ഇല്ല എന്നു പറഞ്ഞാൽ ശിഷ്യന്മാർ ഇല്ലാത്ത ഗുരുക്കന്മാരായി അവരെ ആരും  പിണക്കുവാൻ അനുവദിച്ചില്ല. ഇക്കാലത്ത് ഉടലെടുത്താണ് യുവസുവിശേഷസംഘം. ഇത് ഒരുവിധം പറഞ്ഞാൽ ഒന്നാം ഘട്ടം വളരെ എതിർപ്പുകൾ തരണം ചെയ്തു സഭാപരിധി വിടാതെ വളരെ പ്രവർത്തിച്ചു. എന്നാൽ ഇതിൽ എല്ലാവരും തൃപ്തരല്ലാതെവന്നപ്പോൾ ജനിച്ചതാണ് ബാലസംഘം. ഇവർ, രണ്ടു പേരിൽ വാനോളം വളർന്നു. ഇവർക്കൊന്നും ഒരു സഭയോടും പ്രതിബദ്ധത ഇല്ല! സ്വതന്ത്രപ്രവർത്തനം സ്ഥാപനങ്ങൾ ഇവ തുല്യശക്തികളായി വളർന്നു. എന്നാൽ ഇതിൽ വളർന്നുവന്നവർ സഭാസ്ഥാനികളായപ്പോൾ ഇതിൽനിന്നു പിന്മാറാൻ ഇവർക്കു കഴിഞ്ഞില്ല. സഭയെ ഇതിൽ ലയിപ്പിച്ചു. ഇപ്പോൾ ഇവർ നിമിത്തം സഭ ക്രിസ്തുവിനെ അറിയുന്നില്ല. ഇപ്പോൾ ഈ സംഘടനകളാണു ദൈവത്തെ തങ്ങൾ എടുത്തശേഷം മഹത്വം നൽകിവരുന്നത്. എന്നാൽ ഇതിൽ തൃപ്തിവരാതെ ഈ യൂത്ത് മൂമെന്റുകൾ ഈ ഘട്ടത്തിലെ വിദ്യാസമ്പന്നർ, ഐ.ടി. ഉദ്യോഗസ്ഥർ നിലവിലുള്ള ..... യൂത്ത്മൂമെന്റിനു വഴി തെളിച്ചു. കഴിഞ്ഞകാലത്തു സഭയെ സഹായിച്ചപ്പോൾ ഉരുത്തിരിഞ്ഞ യുവസുവിശേഷസംഘത്തിനും ബാലസംഘത്തിനും ഈ തലമുറക്കാർക്ക് ഊർജ്ജം പകരുവാൻ കഴിഞ്ഞില്ല. ഇടകൊടുത്തില്ല എന്നതാണു ഇന്നത്തെ യൂത്ത് മൂമെന്റ് പ്രശ്നം. പാവം ക്രിസ്തു സഭക്ക് ഒന്നുമില്ല. എട്ടുകാലിയുടെ അവസ്ഥയാണ്. മാതാവിനെ തിന്നുവളരുന്ന കുഞ്ഞുങ്ങൾ. ഈ തലമുറക്ക് ദൈവസഭ എന്ന പദം തന്നെ ഇല്ല. ഇന്നത്തെ ഉപദേഷ്ടാക്കൾക്കു സ്റ്റേജുവേണം എന്നല്ലാതെ സഭകൾ നശിക്കുന്നതു കാണുന്നതിനെ തടയുന്നതിനു ബാദ്ധ്യത ഇല്ല. ദീപസ്തംഭം മഹാശ്ചര്യം എനിക്കും പോകണം വിദേശത്തു. അനേകർ തങ്ങളുടെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്ന ബദ്ധപ്പാടുകൾമൂലം സഭകളെ പിൻവിട്ടുകഴിഞ്ഞു. ഇന്നത്തെ നേർകാഴ്ച ചിലർ എങ്കിലും നോക്കിക്കാണും എന്നു പ്രതീക്ഷിക്കുന്നു. മത്താ. 16:21; 22:23 ഭാഗത്തു സഭ എന്ന ദൈവപദ്ധതി ആദ്യം പറഞ്ഞതു പത്രൊസിനോടാണ്. ഇദ്ദേഹമാണ് സഭാപണിക്ക് ഒന്നാമതായി തെരഞ്ഞെടുക്കപ്പെട്ടത്. എന്നാൽ സത്യ ഉപദേശത്തെ ഒന്നാമത് എറിഞ്ഞ ഒന്നാമത്തെ തുടർച്ചക്കാരനും ഇയാൾതന്നെ. എന്നാൽ കർത്താവ് കഠിനമായി ശാസിച്ച് അമർച്ച ചെയ്തു. ഇന്ന് സഭക്കു നേരെ വരുന്ന ഇടർച്ചകളെ ശാസിച്ചുമാറ്റുവാൻ ഭരമേല്പിച്ചിരിക്കുന്നത് ഉപദേഷ്ടാക്കളെയാണ്. എന്നാൽ ഇവർ സംഘങ്ങൾക്കും സംഘടനകൾക്കും മൂമെന്റുകൾക്കും വെള്ളം നനക്കുന്നവരാണ്. സഭ എന്ന ദൈവപദ്ധതി ഇന്നു ഇത്തിൾക്കണ്ണി പച്ചയാണ്. ഫലം ഇല്ല. വേർപാടുകാരെ! കർത്താവു സ്ഥാപിച്ച സത്യത്തിലേക്കു മടങ്ങുവിൻ. കർത്താവു വരുവാൻ അടുത്തുവല്ലോ സഭകളെ മാത്രം പണിയാം. സംഘങ്ങൾ, സംഘടനകൾ വിട്ടുകളയാം. പ്രാദേശികസഭകൾ ഉണരട്ടെ, ഒരുങ്ങട്ടെ

*(ഓരോ പ്രാദേശിക സഭകളും പ്രത്യേക സ്ഥലം തെരഞ്ഞെടുത്ത് ഒരു പുതിയ കൂടിവരവിനായി പ്രവർത്തിക്കയും പ്രാർത്ഥിക്കയും ചെയ്യുവാൻ ബാധ്യസ്ഥരാണ്. അതിനു പകരം ചില സംഘടനകളുടെ ക്യാമ്പുകളോ, ആഘോഷങ്ങളോ നടത്തി സംതൃപ്തിയടയുന്നത് നമ്മുടെ ആത്മികനിലവാരത്തെയും, വളർച്ചയെയും ദോഷകരമായി ബാധിച്ചുകൊണ്ടിരിക്കുന്നു. - മാനേജിംഗ് എഡിറ്റർ)*

# സഭയിൽ സഹോദരിമാരുടെ ശുശ്രൂഷകൾ

*Baiju V Balan- 9650383432*

ബ്രദർ ഉമ്മൻ ഫിലിപ്പ് 'സഭയിൽ സഹോദരിമാരുടെ ശുശ്രൂഷകൾ' എന്ന തലക്കെട്ടിൽ എഴുതിയ ലേഖനമാണ് ഈ കുറിപ്പിന് ആധാരം. പ്രസ്തുത ലേഖനത്തിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങളുടെ രത്നച്ചുരുക്കം താഴെ പറയുംപ്രകാരമാണ്.

1. മുൻവിധിയോ പക്ഷപാതമോ കൂടാതെ ഈ വിഷയത്തിന്റെ തിരുവചനനിലപാട് പരിശോധിക്കുന്നത് പ്രയോജനകരമാണ്.

2. രക്ഷയോടും അനുബന്ധ നന്മകളോടും ഉള്ള ബന്ധത്തിൽ സ്ത്രീ പുരുഷ വ്യത്യാസമെന്യെ എല്ലാവരും തുല്യരാണ്.

3. ഇരുവരും കർത്താവിനും സഭക്കും ശുശ്രൂഷ ചെയ്യണമെങ്കിലും അത് ഒരേ പരിമാണത്തിൽ അല്ല. സഭാ ശുശ്രൂഷകളിൽ ഇരുവർക്കും വ്യത്യസ്ത ജോലികളും ഉത്തരവാദിത്വങ്ങളും ആണ് ഉള്ളത്.

4. ബൈബിൾ സ്ത്രീകൾക്ക് സഭാനേതൃത്വ ശുശ്രൂഷ നൽകുന്നില്ല. ആകയാൽ അവരെ സഭാമൂപ്പത്തികളോ, ഉപദേഷ്ടാക്കളോ, പ്രസംഗകരോ ആയി കാണിച്ചിട്ടില്ല.

5. സ്ത്രീ-പുരുഷ വ്യത്യാസം കൂടാതെ എല്ലാവർക്കും കൃപാവരങ്ങൾ നൽകപ്പെട്ടിരിക്കുന്നു.

മേൽപ്പറഞ്ഞിരിക്കുന്ന കാര്യങ്ങളിൽ ഞങ്ങൾ പൂർണ്ണമായും ലേഖകനോട് യോജിക്കുന്നു. എന്നാൽ പിന്നീട് താൻ സ്ഥാപിക്കുവാൻ ശ്രമിക്കുന്ന കാര്യങ്ങൾ ഒന്നാമതു പറഞ്ഞിരിക്കുന്ന വസ്തുതയുടെ വെളിച്ചത്തിൽ പരിശോധിക്കുമ്പോൾ താൻ എത്തിയിരിക്കുന്ന നിഗമനങ്ങളുടെ സാധുത ചോദ്യം ചെയ്യപ്പെടുന്നു. ഇത് താൻ പക്ഷപാതപരമായും മുൻവിധിയോടുംകൂടിയാണ് ഈ വിഷയത്തെ സമീപിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുന്നു. ആകയാൽ താഴെപ്പറയുന്ന അഞ്ചു കാര്യങ്ങളെ തിരുവചനവെളിച്ചത്തിൽ പരിശോധിക്കേണ്ടത് ആവശ്യം ആണ്.

1. പ്രിസ്കില്ലയും ഫേബയും സുവിശേഷപ്രവർത്തനം, വ്യക്തികളെയും സഹോദരിമാരെയും പഠിപ്പിക്കുക എന്നിവയിലൂടെ സഭാശുശ്രൂഷകളിൽ ഏർപ്പെട്ടിരുന്നു.

2. ഫിലിപ്പോസിന്റെ നാലു പുത്രിമാർ പ്രവാചകികൾ (പ്രസംഗിക്കുന്നവർ, ഭാവിയിൽ സംഭവിക്കാനിരിക്കുന്നത് മുൻകൂട്ടി പറയുന്നവർ അല്ല) ആയിരുന്നു. അതുപോലെതന്നെ ശിരോവസ്ത്രം ധരിച്ചുകൊണ്ട് പ്രാർത്ഥിക്കുകയും പ്രവചിക്കുകയും ചെയ്യണമെന്നാണ് പൗലോസ് 1 കൊരി.11 ൽ പഠിപ്പിക്കുന്നത്. (പ്രവചിക്കുക എന്നാൽ ഭാവിയിൽ സംഭവിക്കാനിരിക്കുന്നതിനെ മുൻകൂട്ടി പറയുക, FORE TELL, അല്ല, പ്രസംഗിക്കുക, FORTH TELL ആണ്.)

3. മുതിർന്ന സഹോദരിമാർ വചനത്തിൽ നിന്നും യൗവ്വനക്കാരത്തികളെ വ്യക്തിപരമായും, ചെറിയ കൂട്ടങ്ങളിലും, സഹോദരിമാരുടെ കൂടിവരവിലും പഠിപ്പിക്കണം. ആ ഉത്തരവാദിത്വവും അധികാരവും അവർക്കുണ്ട്.

4. സ്ത്രീകൾക്ക് പ്രവചനവരം നൽകിയിരിക്കുന്നതിനാലും, ശിരോവസ്ത്രം ധരിച്ച് അവർ പ്രവചിക്കണം എന്ന് പറഞ്ഞിരിക്കയാലും എല്ലാ ആഴ്ചയിലും സ്ത്രീകൾക്കു മാത്രമായിട്ടുള്ള കൂടിവരവുകൾ ഉണ്ടായിരുന്നു എന്ന്ചിന്തിക്കണം.

5. പൗലോസിനോടുകൂടെ സുവിശേഷപ്രവർത്തനങ്ങളിൽ പോരാടിയ സ്ത്രീകൾ കേവലം പാചകക്കാർ ആയിരുന്നില്ല. അവർ പൗലോസ് പ്രവർത്തിച്ച ഇടങ്ങളിൽ സ്ത്രീകൾക്കു മദ്ധ്യെ വചനം ശുശ്രൂഷിച്ചവർ ആയിരുന്നു.

ഇവയിൽകൂടി ഒരൊറ്റക്കാര്യമാണ് ലേഖകൻ സ്ഥാപിക്കുവാനായി ശ്രമിച്ചിരിക്കുന്നത്. സ്ത്രീകൾക്കു മാത്രമായി കൂടിവരവുകൾ ക്രമീകരിക്കുന്നതും അതിൽ സ്ത്രീകൾ പ്രസംഗിക്കുന്നതും വചനാനുസൃതമാണ്.

ദൈവം തങ്ങളെക്കൊണ്ട് ഉദ്ദേശിച്ചിട്ടില്ലാത്ത കാര്യങ്ങൾ അനുമാനങ്ങളുടെ അടിസ്ഥാനത്തിൽ നല്ലതെന്നും തെറ്റില്ലെന്നും പ്രയോജനകരമെന്നും ഒക്കെയുള്ള മാനുഷികയുക്തിയുടെ അടിസ്ഥാനത്തിൽ ചെയ്ത്, ഒരു മനുഷായുസ്സു മുഴുവൻ കർത്താവിനെന്നു കരുതി ചെയ്ത പ്രവൃത്തികൾ തന്റെ ന്യായാസനത്തിങ്കൽ കത്തിച്ചാമ്പലാകുന്നത് കാണുവാൻ ആഗ്രഹിക്കാത്തവർ താഴെ പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കുക.

1. ഫേബയൊ പ്രിസ്കില്ലയൊ വ്യക്തികളെയോ സഹോദരിമാരെയോ വചനം പഠിപ്പിച്ചു എന്ന് ഒരു തിരുവചന ഭാഗവും പറയുന്നില്ല.

റോമ.16:1, അ.പ്ര.18:2,18,26, റോമ.16:3, 1 കൊരി.16:19, 2 തിമൊ.4:19 വായിക്കുക. അ.പ്ര.18:26 ൽ ഭാര്യയും ഭർത്താവും അപ്പൊല്ലോസിനെ ചേർത്തുകൊണ്ടു എന്നു ദൈവത്തിന്റെ മാർഗ്ഗം സ്പഷ്ടമായി അവന്നു തെളിയിച്ചുകൊടുത്തു എന്നും തിരുവചനം പറയുന്നു. ഇവിടെയും പ്രിസ്കില്ലയാണ് അല്ലെങ്കിൽ പ്രിസ്കില്ലയും കൂടിയാണ് വചനം പഠിപ്പിച്ചതെന്ന് തിരുവചനം പറയുന്നില്ല. അത് വെറും അനുമാനം മാത്രമാണ്. ആ അനുമാനം ശരിയാണെങ്കിൽ പോലും അത് വ്യക്തിപരവും സ്വകാര്യവുമായി നടന്ന ഒരു കാര്യം ആകയാൽ സഹോദരിമാർക്കായി പ്രത്യേക കൂടിവരവ് ക്രമീകരിക്കുന്നതിനും അതിൽ സ്ത്രീകൾ പ്രസംഗിക്കുന്നതിനും അടിസ്ഥാനം ആയിരിക്കുന്നില്ല. സഹോദരിമാരുടെ തനതായ കൂടിവരവ് ദൈവവചനത്തിൽ ഇല്ലാത്തതാണ്. അ.പ്ര.16:13ൽ പറഞ്ഞിരിക്കുന്നത് പുഴവക്കത്ത് കൂടി വന്ന സ്ത്രീകളോടു സംസാരിച്ചുവെന്നാണ്. ഇത് ഏതെങ്കിലും പുതിയ നിയമകൂടിവരവിന് സാദൃശ്യമല്ല.

2. ശിരോവസ്ത്രം ധരിച്ചുകൊണ്ട് സ്ത്രീകൾ പ്രാർത്ഥിക്കയും പ്രവചിക്കുകയും ചെയ്യണമെന്ന് പൗലോസ് പഠിപ്പിക്കുന്നു എന്നതാണ് വളരെ ഗുരുതരമായ മറ്റൊരു നിഗമനം. അതും ഇന്ത്യയിൽ വേർപ്പെട്ട ദൈവജനത്തിനിടയിൽ ശുശ്രൂഷകന്മാരെ വാർത്തെടുക്കുന്നതെന്ന് അഭിമാനിക്കുന്ന ഒരു സ്ഥാപനത്തിലെ ഫാക്കൽട്ടിയിൽ ഒരാൾ. പ്രസ്തുത ലേഖകൻ പ്രവചനം എന്ന് പറഞ്ഞിരിക്കുന്നിടത്ത് എല്ലാം ബ്രാക്കറ്റിൽ പ്രസംഗിക്കുക എന്ന് എഴുതിയിട്ടുണ്ട്. ഇതിന് എന്ത് തിരുവചന അടിസ്ഥാനമാണ് ഉള്ളതെന്ന് താൻ വ്യക്തമാകകിയിട്ടില്ല.

പ്രവചനവരം രണ്ടു നിലയിലാണ് കാണപ്പെടുന്നത്. ഒന്ന് ദൈവവചനം വെളിപ്പെടുത്തുക, രണ്ട് ഭാവിയിൽ സംഭവിക്കാനിരിക്കുന്നത് മുൻകൂട്ടി പറയുക. ഇവ രണ്ടും ദൈവാത്മനിശ്വാസത്തിന്റെ ശക്തിയിൽ മാത്രം ചെയ്യുവാൻ കഴിയുന്നതും തിരുവചനം പൂർത്തിയാകുന്നതുവരെ നിലവിൽ ഇരുന്നതും ആണ്. ആദ്യത്തേതിന് 1 കൊരി.14:4 ഉം രണ്ടാമത്തേതിന് അ.പ്ര.21:10 ഉം നോക്കുക. അ.പ്ര.21:10 ൽ 'പ്രവചിക്കുന്നവരായ' എന്ന് ഫിലിപ്പോസിന്റെ പുത്രിമാരെക്കുറിച്ച് പറഞ്ഞിരിക്കുന്ന അതേ വാക്കാണ് അഗബാസിനും ഉപയോഗിച്ചിരിക്കുന്നത്. ആകയാൽ ഫിലിപ്പോസിന്റെ പുത്രിമാർ പ്രസംഗിക്കുന്നവർ അല്ല പകരം ദൈവാത്മനിശ്വാസത്താൽ സംഭവിപ്പാനിരിക്കുന്നത് മുൻകൂട്ടി പറയുവാൻ വരം ലഭിച്ചവർ ആയിരുന്നു.അത് പറയുവാൻ പ്രത്യേകമായ ഒരു കൂടിവരവിന്റെ ആവശ്യം ഇല്ല. അവരുടെ ഭവനത്തിൽ ആയിരുന്നിട്ടുകൂടി, സ്വകാര്യമായി സംസാരിക്കാമായിരുന്നു എങ്കിലും ദൈവാത്മാവ് അവരെ ഉപയോഗിക്കാതെ അഗബാസിനെ യെരുശലേമിൽനിന്നും കൊണ്ടുവന്നു എന്നത് യാദൃശ്ചികം അല്ല. കൂടാതെ അതിന് ആത്മിക വർദ്ധനവ് വരുത്തുന്ന വചനശുശ്രൂഷയുമായി യാതൊരു ബന്ധവും ഇല്ല. പകരം അവ യോവേൽ പ്രവചനത്തിൽ പറഞ്ഞിരിക്കുന്നതും അ.പ്ര.2 ൽ പത്രോസ് ഉദ്ധരിച്ചിരിക്കുന്നതും ആയ പ്രവചനത്തിന്റെ ഭാഗിക നിവർത്തി മാത്രമാണ്.

1 കൊരി. 11-ാം അദ്ധ്യായത്തിൽ പൗലോസ് ശിരോവസ്ത്രത്തെക്കുറിച്ചാണ് സംസാരിക്കുന്നത്. ഒരു വിഷയത്തിൽ രണ്ടു വസ്തുതകൾ ചർച്ച ചെയ്യേണ്ടതുണ്ടെങ്കിൽ പൗലോസ് ഒരു സമയം ഒരു വസ്തുത മാത്രമേ പരിഗണിക്കാറുള്ളു.ഉദാഹരണത്തിന് 1 കൊരി 8-ാം അദ്ധ്യായത്തിൽ വിഗ്രഹാർപ്പിതങ്ങളോടുള്ള ബന്ധത്തിൽ താൻ സംസാരിച്ച് തുടങ്ങുന്നു. ആ വിഷയത്തിൽ രണ്ടു പ്രധാനവസ്തുതകൾ അടങ്ങിയിരിക്കുന്നു. 1. ഭക്ഷണം കഴിക്കുവാനുള്ള വിശ്വാസികളുടെ സ്വാതന്ത്ര്യം. 2. വിഗ്രഹാർപ്പിതം ഭക്ഷിക്കുന്നതിലെ അയോഗ്യത. ഇതിൽ ആദ്യത്തേതാണ് താൻ 8,9 അദ്ധ്യായങ്ങളിൽ ചർച്ച ചെയ്യുന്നത്. 8-ാം അദ്ധ്യായം മാത്രം വായിക്കുന്ന ഒരാൾ വിഗ്രഹാർപ്പിതം കഴിക്കുന്നതിൽ തെറ്റൊന്നും ഇല്ലെന്ന് ചിന്തിച്ചേക്കാം. എന്നാൽ പൗലോസ്, വിശ്വാസികൾ ഒരു കാര്യം ചെയ്യുവാനുള്ള തങ്ങളുടെ സ്വാതന്ത്ര്യം മറ്റുള്ളവർക്ക് ഇടർച്ചയ്ക്ക് കാരണമാകുന്നു എങ്കിൽ അത് ഉപേക്ഷിക്കുവാൻ തയ്യാറാകണം എന്നതാണ് 8-ാം അദ്ധ്യായത്തിൽ പഠിപ്പിക്കുന്നത്. അതിന് താൻ സ്വന്ത ഉദാഹരണം 9-ാം അദ്ധ്യായത്തിൽ നൽകുന്നു. കൊരിന്ത്യരിൽനിന്ന് സാമ്പത്തികസഹായം സ്വീകരിച്ച് സുവിശേഷവേല ചെയ്യുവാനുള്ള സ്വാതന്ത്ര്യം മറ്റുള്ളവരെപ്പോലെതന്നെ പൗലോസിനും ഉണ്ടായിരുന്നു, എങ്കിലും കൊരിന്ത്യർക്ക് ഇടർച്ച വരാതിരിക്കേണ്ടതിന് താൻ അത് ഉപയോഗിച്ചില്ല. രണ്ടാമത്തെ വിഷയം താൻ 10-ാം അദ്ധ്യായത്തിൽ കൈകാര്യം ചെയ്യുന്നു. ഇസ്രായേലിന്റെ ഉദാഹരണം നൽകി വിഗ്രഹാരാധന ദൈവകോപം വിളിച്ചുവരുത്തുമെന്നും, വിഗ്രഹങ്ങൾ അതിൽ തന്നെ ഒന്നും അല്ല എങ്കിലും അവയ്ക്ക് പുറകിൽ വ്യാപരിക്കുന്ന ശക്തി പൈശാചികം ആകയാൽ അതിൽ പങ്കു കൊള്ളരുതെന്നും താൻ പഠിപ്പിക്കുന്നു.

അപ്രകാരം തന്നെ 1 കൊരി.11 ൽ പൗലോസ് കൈകാര്യം ചെയ്ത ശിരോവസ്ത്രം എന്ന വിഷയത്തിൽ കൊരിന്ത്യർ ചെയ്തുപോന്ന രണ്ട് തെറ്റുകൾ

അടങ്ങിയിരുന്നു. **1.** സ്ത്രീകൾ പുരുഷന്മാരെപോലെ ശിരോവസ്ത്രം ധരിക്കാതിരിക്കുക. **2.** സ്ത്രീകൾ പുരുഷന്മാരെപോലെ പ്രാർത്ഥിക്കയും പ്രവചിക്കുകയും ചെയ്യുക. 11-ാം അദ്ധ്യായം മുതൽ 14-ാം അദ്ധ്യായം വരെ സഭാകൂടിവരവുകളെകുറിച്ചാണ് പൗലോസ് സംസാരിക്കുന്നത്. മേൽപറഞ്ഞിരിക്കുന്നവയിൽ ആദ്യത്തേതിനെക്കുറിച്ചാണ് പൗലോസ് 11-ാം അദ്ധ്യായത്തിൽ സംസാരിക്കുന്നത്. ആത്മിക വരങ്ങളുടെ ഉപയോഗത്തെക്കുറിച്ച് 14-ാം അദ്ധ്യായത്തിൽ താൻ സംസാരിക്കുന്നു. സ്ത്രീകൾ സഭയിൽ സംസാരിക്കുന്നത്, അന്യഭാഷ പറയുകയോ, പ്രാർത്ഥിക്കുകയോ, പ്രവചിക്കുകയോ, ചോദ്യം ചോദിക്കുകയോ കൂടി ചെയ്യുന്നത് താൻ വിലക്കുന്നു. സഭ കഴിഞ്ഞാൽ ശുശ്രൂഷയുടെ മറ്റൊരു മേഖല മാത്രമേ പൗലോസ് കാണുന്നുള്ളു. അത് വീടാണ്. അവിടെ സ്ത്രീക്ക് സംസാരിക്കാം. വീടിനും സഭക്കുമിടയിൽ സ്ത്രീക്ക് സംസാരിക്കുവാൻ പ്രസംഗിക്കുവാൻ, പഠിപ്പിക്കുവാൻ മൂന്നാമത് ഒരിടം അഥവാ കൂടിവരവ് തിരുവചനം വിഭാവനം ചെയ്യുന്നില്ല. സ്വന്തവീട്ടിൽ ആണെങ്കിലും സഭാകൂടിവരവ് ആണെങ്കിൽ സ്ത്രീ അവിടെ സംസാരിക്കുന്നത് അനുചിതമാണ്.

ഒരു രീതിയിലും ഉള്ള പ്രവചനം ഇന്നില്ല. ആ സ്ഥാനം ഉപദേഷ്ടാക്കന്മാർക്ക് നൽകിയിരിക്കുന്നു. (2 പത്രൊ. 2:1). ഇന്ന് സത്രീകളെക്കുറിച്ച് ദൈവം ഉദ്ദേശിക്കുന്ന കാര്യങ്ങൾ നിവർത്തിപ്പാൻ ആവശ്യമായ കൃപാവരങ്ങൾ മാത്രമേ ദൈവം അവർക്ക് നൽകുന്നുള്ളു. സ്ത്രീകളെ സഭയിൽ വചനം പഠിപ്പിക്കുന്നതിൽ നിന്നും വ്യക്തമായി വിലക്കിയിരിക്കുന്നു (1 കൊരി.14:34-36; 2തിമൊ.2:11,12). രണ്ട് ഭാഗങ്ങളിലും അവർ പഠിക്കട്ടെ എന്നാണ് തിരുവചനം പറയുന്നത്. അപ്പോൾതന്നെ വീട്ടിൽ സ്വന്തം മക്കളെ വിശ്വാസത്തിൽ വളർത്തുവാൻ വചനം സ്ത്രീകളെ അനുവദിക്കുന്നു.(1 തിമൊ.2:15)

തീത്തൊസിന്റെ പുസ്തകത്തിൽ മുതിർന്ന സ്ത്രീകൾ യൗവനക്കാരത്തികളെ ഉപദേശിക്കണം എന്ന് പറഞ്ഞിരിക്കുന്നു. എന്താണ് ഉപദേശിക്കേണ്ടത് എന്നും അവിടെ വ്യക്തമായി പറഞ്ഞിട്ടുണ്ട്. ഭവനത്തോടും വൈവാഹികജീവിതത്തോടും ബന്ധപ്പെട്ട പ്രാവർത്തിക കാര്യങ്ങളാണ് പ്രായമായ സഹോദരിമാർ യൗവ്വനക്കാരത്തികളെ തങ്ങളുടെ മാതൃകയാലും, സ്വകാര്യസംഭാഷണത്താലും പഠിപ്പിക്കേണ്ടത്. ഇവിടെ 'ഉപദേശിക്കുക' എന്ന വാക്കിന്റെ ആക്ഷരിക അർത്ഥം "വിവേകം ഉള്ളവർ ആക്കുക" എന്നാണ്. അതായത് ബുദ്ധിപരമായി ജീവിക്കേണ്ടതിന് അവരെ പ്രേരിപ്പിക്കുക. (ഡൊണാൾഡ് നോർബി) ഇന്ന് പ്രസംഗപീഠങ്ങളിൽ നിന്ന് പ്രവചിക്കുവാൻ ആഗ്രഹിക്കുന്നവർ അവരവരുടെ സ്ഥലം സഭകളിലെ യൗവ്വനക്കാരത്തികളെ ഒരു കുടുംബം നടത്തിക്കൊണ്ടുപോകേണ്ട വിധം പഠിപ്പിച്ചിരുന്നു എങ്കിൽ കുടുംബജീവിതങ്ങളിൽ സമാധാനവും സഭയിൽ അഭിവൃദ്ധിയും ഉണ്ടാകുമായിരുന്നു.

അവസാനമായി, പാചകം ഉൾപ്പെടെയുള്ള അതിഥി സൽക്കാരശുശ്രൂഷ ഒരിക്കലും പ്രസംഗത്തെക്കാൾ തരം കുറഞ്ഞ ജോലി അല്ല. സുവിശേഷങ്ങളിൽ പത്രൊസിന്റെ അമ്മായിയമ്മ, മഗ്ദലക്കാരത്തി മറിയം, യാക്കോബിന്റെയും യോസയുടെയും അമ്മ മറിയം, ശലോമി, യോഹന്ന സൂശന്ന എന്നിവർ (മർ.1:31, 15:41,ലൂക്കൊ.8:3) കർത്താവിനും ശിഷ്യന്മാർക്കും ശുശ്രൂഷ ചെയ്തു എന്നെഴുതിയിരിക്കുന്നു. അതിനർത്ഥം അവർ കർത്താവിനെയോ ശിഷ്യന്മാരെയോ പഠിപ്പിച്ചു എന്നൊ, പഠിപ്പിക്കുന്നതിൽ സഹായിച്ചു എന്നോ അല്ല. സമയത്ത് ഭക്ഷണപാനീയങ്ങൾ ലഭ്യമാക്കുക എന്നതും, തങ്ങളുടെ പക്കൽ ഉള്ള ഭൗമിക നന്മകൾ കൊണ്ട് വിശുദ്ധന്മാർക്ക് ശുശ്രൂഷ ചെയ്യുക എന്നതും ഏറ്റവും പ്രാധാന്യം അർഹിക്കുന്ന ശുശ്രൂഷകളാണ്. ഏതെങ്കിലും നിലയിൽ സഭയുടെ ഉന്നമനവും അവിശ്വാസികളുടെ രക്ഷയും മുൻകണ്ട് ശുശ്രൂഷകളിൽ ആത്മാർത്ഥതയോടുകൂടി ഏർപ്പെട്ടിട്ടുള്ളവർ ആരും തങ്ങളുടെ ഭവനങ്ങളിൽ പൂർണ്ണ പിന്തുണ നൽകി ഉത്തരവാദിത്വത്തോടുകൂടി ശുശ്രൂഷ ചെയ്ത ഭാര്യാസഹോദരിമാരുടെ പ്രയത്നത്തെ തരം താഴ്ത്തിക്കാട്ടുകയില്ല. വിവാഹിതനല്ലായിരുന്ന പൗലോസിന് താൻ പേരെടുത്തു പറഞ്ഞ സഹോദരിമാരുടെ ശുശ്രൂഷകൾ അതുകൊണ്ടുതന്നെ താൻ ചെയ്ത ശുശ്രൂഷകളോളം പ്രാധാന്യം ഉള്ളതായിരുന്നു. കർത്താവിനും അപ്രകാരം തന്നെ. ഹോട്ടലുകളിൽ താമസസൗകര്യം ഒരുക്കുകയും, കൂലിക്കാരെ വെച്ച് പാചകം ചെയ്യിച്ച് വിളമ്പുകയും ചെയ്യുന്നവർക്ക് അത് മനസ്സിലാക്കുവാൻ കഴിയുകയില്ല. ഒരു ശുശ്രൂഷകന്റെ ഭാര്യ അതിഥി സൽക്കാരത്തിന് തയ്യാറല്ലെങ്കിൽ തന്റെ കുടുംബം താറുമാറാകുകയും ശുശ്രൂഷ നശിക്കുകയും ചെയ്യും. നിശബ്ദമായി ഈ ശുശ്രൂഷ സന്തോഷത്തോടും സമർപ്പണത്തോടും കർത്താവിന് എന്നവണ്ണം ചെയ്യുന്ന സഹോദരിമാർക്ക് ലഭിക്കുന്ന പ്രതിഫലം, വചനം പഠിപ്പിക്കുന്ന സഹോദരന്റേതിന് തുല്യം ആയിരിക്കും. ***(ജൂലൈ. 2016 ലക്കത്തിൽ ഒ.എം. സാമുവേലിന്റെ ദുബൈയിലെ വേദപഠനക്ലാസ്സിൽ നിന്നും ഉദ്ധരിച്ചിരുന്നത് ഉമ്മൻ ഫിലിപ്പ് ഹാർവെസ്റ്റ് ടൈംസിൽ എഴുതിയ ലേഖനവുമായി യോജിക്കുന്നില്ല. - മാനേജിംഗ് എഡിറ്റർ***

# നമ്മുടെ പ്രാർത്ഥന(4)

***P. James Samuel - 8592019064***

## പ്രാർത്ഥന തടസ്സപ്പെടുത്തുന്ന കാര്യങ്ങൾ

### 8. ദൈവത്തെ സ്നേഹിക്കാത്തത്

സ്നേഹം ഹൃദയത്തെ തുറക്കുന്നു. ഹൃദയം തുറക്കുമ്പോൾ വായ് സംസാരിക്കുന്നു.വിശ്വാസത്തോടെയും സ്നേഹത്തോടെയും ദൈവത്തോടു പ്രാർത്ഥിക്കുവാൻ യഥാർത്ഥമായി ദൈവത്തെ സ്നേഹിക്കുന്നവനു മാത്രമേ കഴിയുകയുള്ളു. പിശാചുക്കൾ ദൈവം ഏകൻ എന്നു വിശ്വസിക്കുകയും വിറക്കുകയും ചെയ്യുന്നു. (യാക്കോ.2:19). എന്നാൽ അവർ പ്രാർത്ഥിക്കുന്നില്ല. അവർ ദൈവത്തെ സ്നേഹിക്കുന്നില്ല. ദൈവകല്പനകളെ അനുസരിക്കാത്തവരും അങ്ങനെതന്നെ ആകുന്നു. നീതിമാൻ ദൈവത്തെ സ്നേഹിക്കുന്നവനാണ്. എന്നാൽ ദുഷ്ടൻ പൈശാചികനാണ്. അതുകൊണ്ട് ദുഷ്ടന്റെ പ്രാർത്ഥന ദൈവത്തിന് വെറുപ്പായിരിക്കുന്നു. ഭാര്യാഭർത്താക്കന്മാർ തമ്മിൽ സ്നേഹമില്ല എങ്കിൽ അവിടെ സംസാരവും ഇല്ലാതിരിക്കും. അവിടെ കുടുംബപ്രാർത്ഥനയും കാണുകയില്ല. മനുഷ്യൻ മനുഷ്യനെ സ്നേഹിക്കാത്തത് അവൻ ദൈവത്തെ സ്നേഹിക്കാത്തത്കൊണ്ടാണ്. ആത്മഫലത്തിൽ ആദ്യം പറഞ്ഞിരിക്കുന്നത് സ്നേഹമാണ്. ഗലാ.5:22. അവിടെ പറഞ്ഞിരിക്കുന്ന 9 കാര്യങ്ങളിൽ ബാക്കി എല്ലാം സ്നേഹവുമായി ബന്ധപ്പെട്ടതും സ്നേഹമില്ലാത്ത അവസ്ഥയിൽ പ്രസക്തി ഇല്ലാത്തവയുമാണ്. കുഞ്ഞ് സ്കൂളിൽനിന്ന് വരുമ്പോൾ ഓടി അതിന്റെ അമ്മയുടെ അടുക്കലേക്ക് പോകുന്നു. അച്ഛൻ ജോലിയിൽനിന്ന് വരുമ്പോൾ കുഞ്ഞ് ഓടിച്ചെന്ന് അച്ഛനെ കെട്ടിപ്പിടിക്കുന്നു.സ്നേഹം ഭാവനയല്ല. ആചരിക്കേണ്ടതാണ് (1 കൊരി.13:1). ദൈവത്തോട് സനേഹമുള്ളവൻ പ്രാർത്ഥിക്കാതിരിക്കയില്ല. ദൈവത്തെ സ്നേഹിക്കാത്തവന് പ്രാർത്ഥിക്കാൻ കഴികയില്ല. പലരുടെയും പ്രാർത്ഥന നിർവികാരവും അബദ്ധജടിലവും, ഉപദേശവും, പ്രസംഗവും, ബൈബിൾ ക്ലാസ്സും, മറ്റുള്ളവരുടെ തെറ്റു തിരുത്തുന്ന പ്രാർത്ഥനകളും മറ്റുള്ളവരെ കേൾപ്പിക്കുവാൻ ദൈവത്തോടെന്ന വ്യാജേന പറയുന്ന പ്രസ്താവനകളും അഭിപ്രായങ്ങളുമൊക്കെ ആയിപ്പോകുന്നതിന്റെ കാര്യംഅവർ ദൈവസ്നേഹമില്ലാത്തവരാകയാലാണ്. തന്നോടുതന്നെ പ്രാർത്ഥിച്ച (ലൂക്കൊ18:9-14) പരീശനെപ്പോലെ അവരും നീണ്ട പ്രാർത്ഥന കഴിക്കുന്നു. ദൈവത്തെ സ്നേഹിക്കുന്നവന്റെയും അല്ലാത്തവന്റെയും പ്രാർത്ഥനകൾ ശ്രദ്ധിക്കുക. അത് ചുങ്കക്കാരന്റെയും പരീശന്റെയും പ്രാർത്ഥനകളുടെ പകർപ്പുകളാണ്. ധാരാളം പരീശന്മാർ ഇന്ന് വേദികളിൽനിന്ന് പ്രസംഗപ്രാർത്ഥനകൾ ചൊല്ലിക്കൊണ്ടിരിക്കുന്നു.

### 9. വിശ്വാസവും പ്രത്യാശയും ഇല്ലാത്തത്

ദൈവീക വാഗ്ദത്തങ്ങളിൽ / വചനത്തിൽ ഉള്ള വിശ്വാസം ദൈവവിശ്വാസമാണ്. വിശ്വാസമില്ലാത്തവന്റെ പ്രാർത്ഥന വെറും അധരചർവ്വണം മാത്രമായിരിക്കും. അത് ഹൃദയത്തെ സ്പർശിക്കയില്ല. ഉയരത്തിലേക്കു കയറുകയുമില്ല. ദൈവിക വാഗ്ദത്തങ്ങളിൽ വിശ്വസിക്കാതെ ഒരുവൻ പ്രാർത്ഥിക്കുമ്പോൾ അത് ഒരു വിശ്വാസിക്ക് വ്യക്തമായും മനസ്സിലാക്കുവാൻ സാധിക്കും. അവന് ദൈവത്തിന്റെ ദൈവത്ത്വത്തിൽ തന്നെ വിശ്വാസമില്ലാത്തവനാകയാൽ ഭാവനയിലെ ദൈവത്തോടാണ് അവൻ പ്രാർത്ഥിക്കുന്നത്. അവന്റെ ദൈവം സർവ്വജ്ഞാനിയല്ല. അറിവില്ലാത്ത ഏതോ ഒരു വാല്യക്കാരനോട് അവൻ സംസാരിക്കയാണ്. നീ അതു ചെയ്യണം നിന്നോട് ഞങ്ങൾ ആവശ്യപ്പെടുന്നു. നീ ദൈവം ആണല്ലോ. നിന്റെ മക്കളെ നീ സഹായിക്കണം. നീ ഞങ്ങളെ അനുഗ്രഹിക്കണം. നീ ഞങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കണം. നീ, നീ എന്ന് വാക്ക് അല്ലാതെ സൃഷ്ടാവാം ദൈവത്തെ ബഹുമാനപുരസ്സരം സംബോധന ചെയ്യുന്ന ഒരു വാക്കും ഇത്തരക്കാരിൽനിന്നും ഉണ്ടാവുകയില്ല. പണ്ടുകാലത്ത് നിലത്തിലോ പുരയിടത്തിലോ വേലചെയ്യുന്ന വേലക്കാരനെ നീ എന്ന വാക്ക് ഉപയോഗിച്ച് സംബോധന ചെയ്തിരുന്നു. ഇന്ന് ഭിക്ഷക്കു വരുന്ന തമിഴനോടുപോലും നീ എന്ന വാക്ക് മലയാളത്തിൽ ആരും ഉപയോഗിക്കാറില്ല. ഒരു രാഷ്ട്രീയ നേതാവിനെയോ, ഗവൺമെന്റ് ഉദ്യോഗസ്ഥനെയോ നീ എന്ന വാക്ക് ഉപയോഗിക്കുക സാധ്യമല്ല. പക്ഷേ ദൈവം ഇന്നും പഴയ അടിമയുടെ സ്ഥാനത്തുതന്നെ. എത്ര ലജ്ജാകരം.

ചിലർ പെന്തക്കോസ്തരെ അനുകരിച്ച് യേശുവിന്റെ നാമത്തിൽ പ്രാർത്ഥിച്ച് അവസാനിപ്പിക്കാറുണ്ട്. അതും യോഗ്യമായ കാര്യമല്ല. "യേശുവിനെ കർത്താവ് എന്ന വായ് കൊണ്ട് ഏറ്റു പറകയും ദൈവം അവനെ മരിച്ചവരിൽനിന്ന് ഉയിർപ്പിച്ചു എന്ന് ഹൃദയംകൊണ്ട് വിശ്വസിക്കയും ചെയ്താൽ നീ രക്ഷിക്കപ്പെടും." രക്ഷിക്കപ്പെടാത്തവന് യേശു കർത്താവല്ല. യേശു മാത്രമാണ്. രക്ഷിക്കപ്പെട്ടവനാകട്ടെ യേശു കർത്താവാണ്. അതുകൊണ്ട് രക്ഷയെപ്പറ്റി പഠിക്കയോ പഠിപ്പിക്കയോ രക്ഷയുടെ അനുഭവം ഉണ്ടാവുകയോ ചെയ്യാത്തവരെ ഒരിക്കലും അനുകരിക്കുവാൻ പാടില്ല.

ഇന്ന് എന്റെ കർത്താവ് എന്നെ ചേർക്കുവാൻ വരും എന്ന് ഒരാൾ പ്രത്യാശിക്കുന്നുവെങ്കിൽ അവന്റെ പ്രാർത്ഥനയുടെ സ്വരവും സ്വഭാവവും നാം സാധാരണ കേൾക്കുന്ന പ്രാർത്ഥനകളിൽനിന്നും വിഭിന്നമായിരിക്കും. അവന് രോഗത്തെക്കുറിച്ചോ ആഹരത്തെക്കുറിച്ചോ വീടിനെക്കുറിച്ചോ ഒന്നുമായിരിക്കില്ല ചിന്ത. കർത്താവിന്റെ മഹത്വം കാണാനും അവിടുത്തോടുകൂടി ആയിരിപ്പാനുമുള്ള അവന്റെ വാഞ്ച മറ്റെല്ലാ ഭൗമിക ആഗ്രഹങ്ങളെയും മുക്കിക്കളയുന്നു. പ്രത്യാശാനിർഭരവും, ബഹുമാനപൂർണ്ണവുമായ വാക്കുകളായിരിക്കും അവന്റെ പ്രാർത്ഥനാ വാചകങ്ങളിലുടനീളം കേൾക്കുവാൻ കഴിയുക. അതു കേൾക്കുന്നവരുടെയും പ്രത്യാശ വർദ്ധിപ്പിക്കും. എന്നാൽ മുമ്പു പറഞ്ഞ പ്രാർത്ഥനക്കാരന്റെ പ്രാർത്ഥനക്ക് ആമേൻ പറയുവാൻപോലും ആളുകൾ മറക്കുകയോ, അന്യചിന്തയിലോ ഉറക്കത്തിലോ ആയതിനാൽ തക്കസമയത്തു ആമേൻ പറയുവാൻ കഴിയാതെ പോകയോ ചെയ്യും.

**10. വചനവിരുദ്ധമായ പഠിപ്പിക്കലും പ്രവൃത്തികളും**

ലോകത്തിന്റെ ഏതു കോണിൽ ഇരുന്നുകൊണ്ടും പണ്ഡിതനോ പാമരനോ പരിശുദ്ധാത്മ സഹായത്താൽ വചനം പഠിച്ചാൽ അവർക്ക് ലഭിക്കുന്നത് ഒരേ ആശയവും അർത്ഥവും ആയിരിക്കും. അതിനു കാരണം രണ്ടു പേരുടെയും വ്യാഖ്യാതാവ് ഒരേ ആൾതന്നെയാണ് എന്നതാണ്. എന്നാൽ മുൻവിധി പാരമ്പര്യം, സമുദായ പ്രീണനം, അതിജീവനം, അനുഭവം, കേട്ടുകേൾവി ഇവയ്ക്കുവേണ്ട വചനപിന്തുണ നേടുവാനായി വചനത്തിൽ വാക്യം അന്വേഷിക്കുന്നവർ ചില വാക്യങ്ങളും കുറച്ച് പാരമ്പര്യങ്ങളും, കുറച്ച് സ്വപ്നങ്ങളും ചേർത്ത് പുതിയ ഒരു മസാല ഉണ്ടാക്കുന്നു. യാഥാർത്ഥ്യത്തിന്റെ പിന്നാലെ പോകുന്നവരെക്കാൾ ഇത്തരക്കാർക്ക് കൂടുതൽ ജനപിന്തുണ ഉറപ്പാണ്. എന്നാൽ അവർക്കു തന്നെ (നേതാക്കൾ) അറിയാം തങ്ങൾ സത്യപാതയിലല്ല സഞ്ചരിക്കുന്നതെന്ന്. അതുകൊണ്ട് അവർ പരാജയപ്പെടുന്നത് എപ്പോഴും പ്രസംഗത്തിലല്ല. പ്രാർത്ഥനയിലാണ്. അവരുടെ മനസ്സാക്ഷി കുത്തിക്കൊണ്ടിരിക്കുന്നതിനാലും, സാത്താൻ ഒരിക്കലും പ്രാർത്ഥന ഇഷ്ടപ്പെടാത്തതിനാലും അവർ പ്രാർത്ഥനകൾ എഴുതി വായിക്കുന്നവരും, കാണാപാഠം ചൊല്ലുന്നവരും, ആലറിവിളിച്ച് ആവർത്തിക്കുന്നവരും, ഹൃദയം ദൈവസന്നിധിയിൽ പകരുവാൻ കഴിയാതെ ബുദ്ധിമുട്ടുവരുമ്പോൾ വാക്കുകൾ ആവർത്തിക്കുന്നവരും ആയി തീർന്നുപോകുന്നു. അല്ലെങ്കിൽ അവർ പ്രാർത്ഥനയിൽ സാഹിത്യം വിളമ്പുന്നു. ദൈവം സ്വന്തം കൈപ്പിടിയിലാണെന്നും താൻ എന്തു പറഞ്ഞാലും ദൈവം അതുപോലെ ചെയ്യുവാൻ ബാധ്യസ്ഥനാണെന്നുമുള്ള ചിന്ത കേൾവിക്കാരിൽ ഉളവാകുന്നു.

ഏതൊരു ദുരുപദേഷ്ടാവിനെയും ശ്രദ്ധിക്കുക. അവൻ പ്രാർത്ഥനക്ക് താല്പര്യപ്പെടുന്നവനായിരിക്കയില്ല. അവൻ പൗലോസിനേക്കാൾ വലിയവനാണ് എന്ന് സ്വയം ഭാവിക്കും. അവന്റെ ഉള്ളിൽ അവൻ യേശുകർത്താവിനെ വെറുക്കുന്നു. യേശു ദൈവമല്ല. യേശുവിനെപ്പോലെ അനേകം ദൈവങ്ങളുണ്ട്. പ്രവചനങ്ങളെല്ലാം നിവൃത്തിയായി കഴിഞ്ഞു. ഇനി യേശു തന്റെ അനുയായികളെ ചേർക്കാൻ വരികയില്ല. യഹൂദന് ഇനി രക്ഷയില്ല. അന്തിക്രിസ്തു ഇനി ഇല്ല. സഹസ്രാബ്ദ വാഴ്ച കഴിഞ്ഞു, അല്ലെങ്കിൽ നടന്നുകൊണ്ടിരിക്കുന്നു. ഇത്തരം ദുരുപദേശങ്ങൾ അവർ അറിയാതെ പറയുന്നതല്ല. ജനത്തെ സത്യദൈവത്തിൽനിന്നും അകറ്റുവാൻ മനഃപൂർവ്വം കെട്ടിച്ചമച്ച് സാത്താന്റെ പിണയാളുകളായി പ്രവർത്തിക്കുന്നവരാണ്. സാത്താന്യഹിതം നിറവേറ്റുവാൻ ഇറങ്ങിത്തിരിച്ചിരിക്കുന്നവർ എങ്ങനെ പ്രാർത്ഥിക്കും? അവർ ഒരിക്കലും ദൈവത്തോട് യേശുകർത്താവിന്റെ നാമത്തിൽ പ്രാർത്ഥിക്കയില്ല.

● ● ●

സർപ്പസന്തതികളേ, കുരുടനായ പരീശനേ, വെള്ള തേച്ച ശവക്കല്ലറയേ എന്നൊന്നും വിളിക്കാതെയും പറയാതെയും ഇരുന്നിരുന്നെങ്കിൽ യോഹന്നാൻ സ്നാപകൻ ശിരഛേദം ചെയ്യപ്പെടുകയോ, കർത്താവു ക്രൂശുമരണം സഹിക്കയോ ചെയ്യേണ്ടിവരുമായിരുന്നില്ല. എന്നാൽ നമ്മൾ അങ്ങനെയൊന്നും ആരെയും പറയാത്തതു നിമിത്തം ഭയലേശമെന്യെ ജീവിക്കുവാൻ സാധിക്കുന്നു. യിരമ്യാവിനു സംഭവിച്ചത് നമുക്ക് ചിന്താവിഷയമായിരിക്കണം. യിസ്രായേലിനെതിരെ എന്തെല്ലാം കഷ്ടതകളാണ് താൻ പ്രവചിച്ചത്. അതു നിമിത്തം കാരാഗൃഹത്തിലും പൊട്ടക്കിണറ്റിലും കിടക്കേണ്ടിവന്നു എന്നു മാത്രമല്ല അവസാനം കല്ലേറുകൊണ്ട് മരിക്കേണ്ടിവരികയും ചെയ്തു. ഏലിയാവ് ശക്തിയുള്ള പ്രവാചകനായിരുന്നു. ആകാശത്തുനിന്നും തീയിറക്കുവാൻ ശക്തൻ. എന്നാൽ ആഹാബ് രാജാവിനെ എതിർത്തതുനിമിത്തം ഞാൻ ഒരുത്തൻമാത്രം ശേഷിച്ചിരിക്കുന്നു എന്നു പറയത്തക്കവിധം എല്ലാവരാലും ഉപേക്ഷിക്കപ്പെട്ട് വനവാസം കഴിക്കേണ്ടിവന്നു.

*ഒരു യാഥാസ്ഥിതിക സമുദായക്കാരന്റെ പ്രസംഗം*

# ഒരു സംഘടന ജനിക്കുന്നു

**വീ**ട്ടിൽ വെറുതെ ഇരുന്നപ്പോൾ ഒരു സുവിശേഷകന് ആഗ്രഹം മനസ്സിലുദിച്ചു. ചില സുവിശേഷപ്രവർത്തനങ്ങൾ നടത്തിയാൽ എന്താ? താൻ മറ്റൊരു സുവിശേഷകന് ഫോൺ ചെയ്തു. നമുക്ക് ഒരുമിച്ച് ഈ പ്രദേശത്ത് സുവിശേഷവുമായി ഭവനങ്ങൾ സന്ദർശിക്കണം എന്ന് എനിക്ക് ഒരാഗ്രഹം." മറുപടി: ബ്രദറേ എതിർപ്പും പ്രശ്നങ്ങളും വളരെയുള്ള സ്ഥലമാണ്. ഒരു നാലഞ്ചു പേരെങ്കിലും ഇല്ലാതെ ഇത്തരം കാര്യങ്ങൾ ചെയ്യുന്നത് അപകടമാണ്. പാസ്റ്ററും ഭാര്യയും തനിയെ ഭവനസന്ദർശനം നടത്തുന്നതുപോലെയല്ല നമ്മുടെ കാര്യം. നമുക്ക് ഒരു സംഘടനയുണ്ടാക്കി ചിലരെക്കൂടി ചേർത്ത് പ്രവർത്തനം നടത്താം. അതല്ലേ നല്ലത്" താമസിയാതെ രണ്ടു സുവിശേഷകന്മാരുംമൂന്നു പയ്യന്മാരുംകൂടി ചേർന്ന് സംഘടന രൂപീകരിച്ചു. അതിന്റെ നോട്ടീസുകൾ രാജ്യാന്തരതലത്തിൽ പറന്നുപോയി.

മാസത്തിൽ രണ്ടു ദിവസമാണ് പ്രവർത്തനത്തിന് നിശ്ചയിച്ചത്. ആദ്യത്തെ ദിവസം 5 പേർ കൂടി പ്രാർത്ഥിച്ച് ഇറങ്ങി. ആദ്യത്തെ വീട്ടിൽ കയറി. പരിചയമുള്ള വീട്, വീട്ടുകാര്യം, രോഗികളുടെ കാര്യം, രാഷ്ട്രീയം എല്ലാം പറഞ്ഞ് പ്രാർത്ഥിച്ച് ഇറങ്ങാൻ തുടങ്ങിയപ്പോൾ അതിലൊരു പയ്യൻ പറഞ്ഞു. നിങ്ങൾ പോകുന്നെങ്കിൽ അടുത്ത വീട്ടിൽ കയറ്. ഞാൻ അല്പം സുവിശേഷം ഇവരോട് പറഞ്ഞിട്ടു വരാം. നാലുപേർ പോയി. ഒരാൾ അവിടെയിരുന്ന് അരമണിക്കൂറിൽ കൂടുതൽ സുവിശേഷം പറഞ്ഞു. വീട്ടുകാരുടെ ചോദ്യങ്ങൾക്കും മറുപടി പറഞ്ഞു. വെളിയിൽ ചെന്നപ്പോൾ മറ്റു നാലുപേരും ഇടവഴിയിൽ ഈ സഹോദരനെ പ്രതീക്ഷിച്ച് എങ്ങും പോകാതെ നിൽക്കുകയാണ്. അഞ്ചുപേരും കൂടി അടുത്ത ഭവനത്തിൽ കയറി. ചെന്നപാടെ പരിചയപ്പെടുത്തി. ഞങ്ങൾ ശബത്തുകാരോ, യഹോവ സാക്ഷികളോ, പെന്തക്കോസ്തുകാരോ അല്ല, സുവിശേഷം പറയാൻ വന്നവരാണ്. മറുചോദ്യം ഭവനക്കാരിൽനിന്നും ഉണ്ടായി. "എന്താ പെന്തക്കോസ്തർ പറയുന്നത് സുവിശേഷമല്ലേ? നിങ്ങൾ സുവിശേഷവും പറയണ്ട ഒന്നും പറയേണ്ട" ആ വീട്ടുകാർ പെന്തക്കോസ്തരായിരുന്നു. അവിടെനിന്നും ഇറങ്ങി അടുത്ത വീട്ടിൽ കയറി. ഉണ്ടായ അനുഭവങ്ങളുടെ വെളിച്ചത്തിൽ കുറച്ചു കാര്യങ്ങൾ മറച്ചുപിടിച്ച് പറഞ്ഞു. അപ്പോഴേക്കും പന്ത്രണ്ടരയായിരുന്നു. അടുത്ത ടൗണിൽ നല്ല ഒരു ഹോട്ടലിൽ ചെന്ന് നല്ല ആഹാരം കഴിച്ചു. അടുത്ത് പ്രാർത്ഥനക്കും ആലോചനക്കുമായി നദിക്കരയിലേക്കു പോയി. ഒരാൾ പ്രാർത്ഥിച്ചു. ഇങ്ങനെ തീരുമാനിച്ചു. നമ്മുടെ പ്രവർത്തനം അടുത്ത ജില്ലയിൽകൂടി വ്യാപിപ്പിക്കണം. അതിന്റെ നോട്ടീസ് നിങ്ങൾക്കു കിട്ടിയില്ലെങ്കിൽ താമസിയാതെ ലഭിക്കുന്നതായിരിക്കും. ●

## അന്യഭാഷ എന്തല്ല?

1. ***അന്യഭാഷ*** - ഭൂമിയിലെ ഭാഷയാണ്. സ്വർഗ്ഗീയഭാഷ അല്ല
2. ***അന്യഭാഷ*** - കൃപാവരത്താൽ സംസാരിക്കുന്നതാണ്. പഠിച്ചു സംസാരിക്കുന്നതല്ല
3. ***അന്യഭാഷ*** - സംസാരിക്കുന്ന ഭാഷയിലുള്ളവന് മനസ്സിലാകുന്നതാണ്. ആർക്കും മനസ്സിലാകാത്തതല്ല അഥവാ തിരിയാഭാഷയല്ല.
4. ***അന്യഭാഷ*** - ചില ശബ്ദങ്ങളുടെ ആവർത്തിച്ചുള്ള ഉച്ചാരണമല്ല.
5. ***അന്യഭാഷ*** - പറയുവാൻ തമ്പേറിന്റെയോ, ധ്രുതഗതിയിലുള്ള പാട്ടിന്റെയോ അകമ്പടി ആവശ്യമില്ല.
6. ***അന്യഭാഷ*** - എല്ലാവർക്കും ഈ വരം ലഭിച്ചിരുന്നില്ല
7. ***അന്യഭാഷ*** - സഭയിൽ സംസാരിക്കുമ്പോൾ നിയന്ത്രണം ഉണ്ടായിരുന്നു. അതായത് ഒരു സമയം ഒരാൾ മാത്രം. ദ്വിഭാഷി ഉള്ളപ്പോഴല്ലാതെ സംസാരിക്കുവാൻ അനുവദിച്ചിരുന്നില്ല.
8. ***അന്യഭാഷ*** - വചനപ്രകാരം നിന്നുപോയി. ഇപ്പോൾ ആ കൃപാവരം ഇല്ലാത്തതിനാൽ ആരും അന്യഭാഷയിൽ സംസാരിക്കുന്നില്ല.
9. ***അന്യഭാഷ*** - ആത്മസ്നാനത്തിന്റെയോ, ആത്മ അഭിഷേകത്തിന്റെയോ അടയാളമാണ് എന്ന് വേദപുസ്തകം പഠിപ്പിക്കുന്നില്ല.
10. ***അന്യഭാഷ*** - പെന്തക്കോസ്തുദിവസം പരിശുദ്ധാത്മാവിനാൽ നിറഞ്ഞവർക്ക് അടയാളങ്ങളോടുകൂടി നൽകപ്പെട്ടതും വിവിധ ഭാഷക്കാർക്ക് മനസ്സിലാക്കുവാൻ കഴിഞ്ഞതും, നിന്നുപോകും എന്ന് ദൈവവചനം പറയുന്നതിനാൽ നിന്നുപോയതുമായ ഒരു കൃപാവരമാണ്.

# ചെമ്മീൻ കെട്ടും ദുരുപദേശവും

**കാ**യൽ തീരങ്ങളിൽ ചെമ്മീൻ കെട്ടുകൾ നിർമ്മിച്ച് അവയിൽ ചെമ്മീനുകളെ വളർത്തി വിറ്റ് ജീവയാപനം കഴിക്കുന്ന ധാരാളംപേർ കേരളത്തിലുണ്ട്. ഒരു പ്രത്യേക സമയത്ത് തൂമ്പ് തുറക്കുമ്പോൾ ചെമ്മീൻ കുഞ്ഞുങ്ങളും വെള്ളവും ഇരച്ച് ചെമ്മീൻ കെട്ടിലേക്ക് കയറുന്നു. അവയക്ക് വേണ്ട തീറ്റ കൊടുത്ത് വളർത്തിയാണ് പ്രായപൂർത്തിയായ ചെമ്മീനുകളെ പിടിച്ച് വിൽക്കുന്നത്. ഇടയ്ക്കിടെ വെള്ളം തുറന്നുവിടേണ്ടി വരുമ്പോൾ ചെമ്മീൻ ഇറങ്ങിപ്പോകാതിരിക്കുവാൻ തൂമ്പിൽ നേർത്ത വല വെച്ചിരിക്കും. അസൂയാലുക്കളും മറ്റുള്ളവരെ ദ്രോഹിക്കുന്നവരും ഏറ്റവും കൂടുതലുള്ള സ്ഥലംകൂടിയാണല്ലോ കേരളം. ചെമ്മീൻ കൃഷിക്കാരോട് അസൂയയുള്ളവർ ചെയ്യുന്ന ഒരു പരിപാടി ഉണ്ട്. ഒരു കുപ്പിയിൽ മണ്ണെണ്ണ നിറച്ച് അടിയിൽ ഭാരമുള്ള ഒരു കല്ലു കെട്ടി ചെമ്മീൻ കയറുന്ന തൂമ്പിന്റെ അടുത്തുള്ള പ്രദേശത്ത് വെള്ളത്തിൽ നിക്ഷേപിക്കുക. കുപ്പിയിലെ മണ്ണെണ്ണ ഓരോ തുള്ളിയായി സാവധാനം പുറത്തുവരും. അത് വെള്ളത്തിനു മുകളിൽ പാടപോലെ വ്യാപിക്കും. അതു നിമിത്തം ഒരൊറ്റ ചെമ്മീൻ കുഞ്ഞും ആ ഭാഗത്തേക്കു വരികയില്ല. അധ്വാനിച്ച കൃഷിക്കാരൻ നിരാശനായിത്തീരും. മറ്റുള്ളവർ ചെമ്മീൻ കൊയ്ത്ത് നടത്തുമ്പോൾ ഇയാൾ പട്ടിണിയിലായിരിക്കും.

പെന്തക്കോസ്തുകാരോ ശബത്തുകാരോ എന്തെങ്കിലും പറയട്ടെ. നമ്മൾ അവരോടോ അവർക്കെതിരായോ ഒന്നും പറയുവാൻ പോകണ്ട ആവശ്യമില്ല എന്ന ഉപദേശവുമായി ഈയിടെ ചില ബുദ്ധിമാന്മാരായ വേർപാടുകാർ ഇറങ്ങിയിട്ടുണ്ട്. നമ്മുടെയാളുകൾ ചിലരോട് സുവിശേഷം പറഞ്ഞ് ചിലരെയൊക്കെ ദൈവവഴികളിലേക്ക് കൊണ്ടുവരുന്നു. ഇത് ശ്രദ്ധിച്ചുകൊണ്ട് ചിലർ കുറുക്കന്റെ കണ്ണുമായി നിൽക്കുന്നുണ്ട്. നമ്മുടെയാളുകൾ അവിടെനിന്നും മാറേണ്ട താമസം അവരുടെ വീട്ടിൽ കയറി വേർപാടുകാരെ നിങ്ങളുടെ വീട്ടിൽ കയറ്റരുത്, അവർ കടുത്ത ദുരുപദേശക്കാരാണ്, നിങ്ങൾ കത്തോലിക്കയിൽ പോയാലും വേർപാടുകാരുടെ കൂട്ടത്തിൽ പോകരുത് എന്നെല്ലാം പറഞ്ഞ് ഭയപ്പെടുത്തി തലയൊടിച്ച് പൂണിയിലാക്കും. ജീവിതം മുഴുവൻ കൈകൊട്ടും അന്യഭാഷയുമായി ഇവർ പൂണിയിൽ കിടന്നു പിടച്ചുകൊണ്ടിരിക്കും. അടുത്ത നാളുകളിൽ പലയിടത്തും സംഭവിച്ചുകൊണ്ടിരിക്കുന്ന കാര്യമാണ് ഞാൻ എഴുതിയത്. വേർപാടുകാർ നശിക്കുന്നെങ്കിൽ നശിക്കട്ടെ എന്ന ചിന്തയുള്ളവർ മാത്രമാണ്. പെന്തക്കോസ്തു ദുരുപദേശത്തിനെതിരെ ഒന്നും പറയേണ്ട എന്ന് വാദിക്കുന്നവർ.

പഴയ സത്യപ്രകാശിനിയുടെ താളുകൾ പരിശോധിക്കുക. പെന്തക്കോസ്ത്, യഹോവാസാക്ഷി, ശബത്ത്, ശിശുസ്നാനവാദികൾ തുടങ്ങിയവരുടെ ദുരുപദേശങ്ങൾക്ക് വ്യക്തമായ ഖണ്ഡനലേഖനങ്ങൾ (സീയോൻ കാഹളത്തിനെതിരെയും) അതിൽ കാണുവാൻ കഴിയും. സൈമൺസാർ, ഇ.പി. വറുഗീസ് തുടങ്ങി പലരും തെറ്റായ അന്യഭാഷക്കെതിരെ രംഗത്തുണ്ടായിരുന്നു. അതുകൊണ്ട് അവരുടെ കാലങ്ങളിൽ ഇത്തരം നീചപ്രവൃത്തികളും വാക്കുകളും പറയുവാൻ പെന്തക്കോസ്തർ ധൈര്യപ്പെട്ടില്ല. ആ കാലയളവിൽ അവർക്ക് ഇവിടെ വേരുറക്കുവാനും കഴിഞ്ഞില്ല. യേശു കർത്താവും യോഹന്നാൻ സ്നാപകനും തെറ്റായ പഠിപ്പിക്കലുള്ളവരെ സർപ്പസന്തതികളേ പാമ്പിൻ കുഞ്ഞുങ്ങളെ എന്നു വിളിച്ചില്ലേ. പരീശന്മാരെ വെള്ളതേച്ച ശവക്കല്ലറകൾക്കു തുല്യമായി പറഞ്ഞില്ലെ? പൗലോസ് ക്രേത്തരെ എത്ര കഠിനമായ ഭാഷയിലാണ് ശാസിച്ചത്. അസത്യവാദികൾ, ദുഷ്ടജന്തുക്കൾ, മടിയന്മാർ, പെരുവയറന്മാർ എന്നീ സംബോധനകളല്ലേ പൗലോസ് ചെയ്തത? അവരെ കഠിനമായി ശാസിക്കണം എന്നല്ലേ തീത്തൊസ് 1:14 ൽ പൗലോസ് പറയുന്നത്. കെ.എൻ. ദാനിയേലുമായി എത്രയധികം വാദപ്രതിവാദങ്ങളും പ്രസിദ്ധീകരണങ്ങളും സൈമൺസാർ നടത്തിയിട്ടുണ്ട്.

വൃഥാ വാചാലന്മാരും മനോവഞ്ചകന്മാരുമായി വഴങ്ങാത്ത പലരും ഉണ്ടല്ലോ. അവരുടെ വായ് അടക്കേണ്ടതാകുന്നു. മറ്റു വാക്യങ്ങളെ നമുക്കു ബാധകമുള്ളു. ഈ വാക്യം നമുക്ക് ബാധകമല്ല എന്നു വരുമോ? കല്യാണം വഴി ബ്രന്തിക്കോസ്തരായ പലർക്കും ഇത് അത്രവേഗം ദഹിക്കില്ല. അവർ വേർപാട് ഉപദേശത്തെ പുച്ഛിച്ചാണ് ദുരുപദേശക്കാരെ താങ്ങി സംസാരിക്കുന്നത്. ഇത്തരക്കാരെ സൂക്ഷിക്കുക. ഇവർ ഒറ്റാലിൽ കിടക്കുന്ന പാമ്പുകളാണ്. സാത്താനെ (ദുരുപദേശത്തെ) എതിർക്കുവാൻ നമുക്ക് കടപ്പാടുണ്ട്. അത് ചെയ്തില്ലെങ്കിൽ ദുരുപദേശത്തിൽ വീണുപോകുന്ന ഓരോരുത്തരുടെയും കണക്ക് നാം കൊടുക്കേണ്ടിവരും.

ഒരു പെൺകുട്ടി തന്നെ സ്നേഹിക്കുന്ന യുവാവിനോട് അവന്റെ സ്നേഹത്തിന്റെ ആഴം തെളിയിക്കാൻ ആവശ്യപ്പെട്ടു. "നിന്റെ അമ്മയുടെ കരൾ കൊണ്ടുവന്നു എന്ന കാണിക്കാമെങ്കിൽ ഞാൻ നിന്നെ വിവാഹം കഴിക്കാം." യുവാവ് തന്റെ അമ്മയുടെ കരൾ എടുത്തു, തിരിഞ്ഞുനടക്കുമ്പോൾ തന്റെ കാൽ എവിടെയോ തട്ടി വീണു. ഇതു കണ്ട അമ്മ മകനോടു ചോദിക്കുകയാണ്. 'മകനെ, നിനക്ക് എന്തെങ്കിലും (ചതവു) പറ്റിയോ?' ഇങ്ങനെയാണ് അമ്മമാരുടെ സ്നേഹം. ശുശ്രൂഷകൻ ആ വിഷയം പറഞ്ഞുനിർത്തി.

വധിക്കപ്പെട്ട, കരൾ മാറ്റപ്പെട്ട, മരിച്ചു കിടക്കുന്ന അമ്മ എങ്ങനെ സംസാരിച്ചു എന്ന് ആരും ചോദിക്കരുത്, പ്ലീസ്! *(സഭയിൽ പ്രസംഗിച്ചുകേട്ടത്)*

# യേശുവിന്റെ ഫോട്ടോ

'നമ്മുടെ വീട്ടിൽ യേശുവിന്റെ ഒരു ഫോട്ടോ വെച്ചതുകൊണ്ട് എന്താണ് കുഴപ്പം?'

ചോദ്യം കേട്ടാൽ തോന്നും ചോദ്യം ചോദിച്ച മനുഷ്യൻ എത്ര ഹൃദയവിശാലത ഉള്ളവനാണ്. ഈ ചോദ്യം ചോദിച്ചില്ലെങ്കിലും ഹിന്ദുക്കളുടെ രീതിയും സമുദായക്കാരുടെയും പെന്തക്കോസ്ത രുടെയും രീതികളും അനുകരിക്കാൻ ശ്രമിക്കുന്ന വരെയും ഇങ്ങനെ പറയുന്നവരായി ഗണിക്കാം. ചില വീടുകളിലും കടകളിലും യേശുവിന്റേത് എന്നു പറയുന്ന ഫോട്ടോയും, ശ്രീനാരായണഗുരു, ശിവലിംഗം അല്ലെങ്കിൽ ഹിന്ദുക്കളുടെ ഏതെങ്കിലും ദേവന്റെ സങ്കല്പ ഫോട്ടോ, മക്കയിലെ പള്ളി ഇതെല്ലാം ഒരുമിച്ച് നിരയായി വെച്ച് മാലയിട്ടിരിക്കുന്നതും, വിളക്കോ പ്രത്യേകതരം ബൾബോ ഇട്ട് വെച്ചിരിക്കുന്നതും കാണാറുണ്ട്. കടക്കാർക്ക് എല്ലാ മതത്തിലും പെട്ടവർ വന്ന് തങ്ങളുടെ കടയിൽനിന്നും സാധനങ്ങൾ വാങ്ങണം എന്ന താല്പര്യമേ അതുകൊണ്ടുള്ളു. ഈ പടങ്ങൾ വെച്ചതുകൊണ്ട് അടിസ്ഥാനപരമായി അവരുടെ മതചിന്താഗതി മാറുന്നില്ല. പൊതുജനത്തെ അവർ വിഡ്ഢികളാക്കുന്നുവെന്നുമാത്രം.

പള്ളികളിലും ഭവനങ്ങളിലും, കൂടാതെ കഴുത്തിലണിയുന്ന മാലയുടെ അറ്റത്തുമെല്ലാം കുരിശ് കാണാറുണ്ട്. ഇത്തരം കുരിശിലാണ് കർത്താവിനെ ക്രൂശിച്ചത് എന്ന് യാതൊരു തെളിവും ഇതുവരെയും ഇല്ല. ഒരു കുരിശ് വെച്ച് അതിന്റെ മുമ്പാകെ വിളക്കു കത്തിച്ചാൽ പ്രസ്തുത വ്യക്തി കുരിശിനെ ആരാധിക്കുന്നു എന്നാണ് അർത്ഥം. യഥാർത്ഥത്തിൽ അത് വിഗ്രഹാരാധനയാണ്. കുരിശ് കർത്താവായ യേശുക്രിസ്തുവിനെ കൊല്ലുവാൻ ഉപയോഗിച്ച ആയുധമാണ്. ഗാന്ധിജിയെ കൊല്ലുവാൻ ഉപയോഗിച്ച തോക്കിനെ ആരും പൂജിക്കയില്ല. പൂജിച്ചാൽ ആ വ്യക്തിയെ പൊതുജനം പരിഹസിക്കും. അഥവാ എന്റെ അപ്പനെ ആരെങ്കിലും കത്തിക്കു കുത്തിക്കൊല്ലുകയായിരുന്നു എന്നു കരുതുക. പ്രസ്തുത കത്തിയോ അതുപോലെ വേറൊരു കത്തിയോ എന്റെ ഭവനത്തിൽ വെച്ച് അതിന് പൂമാലയും ഇട്ട് ചന്ദനത്തിരിയും നിലവിളക്കും കത്തിച്ചാൽ പൊതുജനം എന്നെ ഭ്രാന്തൻ എന്നു തന്നെ വിളിക്കും സംശയമില്ല.

യേശുകർത്താവിന്റെ ഫോട്ടോ ആരും എടുത്തിട്ടില്ല. കണ്ടിട്ടുള്ളവർ പടം വരച്ചിട്ടില്ല. പിന്നെയെങ്ങനെ ഫോട്ടോ യേശുവിന്റേതാകും? അങ്ങനെ കണ്ടു വരക്കുകയോ പ്രതിമ നിർമ്മിക്കുകയോ ചെയ്താൽ തന്നെയും അത് വിഗ്രഹാരാധനയായി ഗണിക്കപ്പെടും നിശ്ചയം. എന്നാൽ കാണാത്ത ഒരാളിന്റെ ഫോട്ടോ അനുമാനത്തിൽ വരച്ചാൽ അത് യേശുവിന്റെ പടമാകുമോ. മകന് ഓർമ്മ വെക്കുന്നതിനു മുമ്പ് അവന്റെ അപ്പനുമമ്മയും മരിച്ചു എന്നു കരുതുക. മകൻ പ്രായമായപ്പോൾ ഏതോ ഒരു പുരുഷന്റെയും സ്ത്രീയുടെയും ഫോട്ടോ വീട്ടിൽ വെച്ചിട്ട് അത് എന്റെ അപ്പനുമമ്മയുമാണ് എന്നു പറഞ്ഞാൽ അവനെ വിഡ്ഢി എന്നല്ലേ ജനം പറയുകയുള്ളു.

ഇതുതന്നെയാണ് ഇന്നു നടക്കുന്നത്. വിഗ്രഹാരാധനയെ ദൈവം വെറുക്കുന്നു. പത്തു കല്പനകളിൽനിന്നും 'വിഗ്രഹം ഉണ്ടാക്കരുത്' എന്ന കല്പന എടുത്തുമാറ്റിയിട്ട് കത്തോലിക്കർ വേറൊരു കല്പനയെ രണ്ടാക്കി പറഞ്ഞ് എണ്ണം തികച്ച് പഠിപ്പിക്കുന്നു. വചനത്തിനെതിരു പ്രവർത്തിക്കുവാൻ മനുഷ്യന് എന്തൊരു താല്പര്യം.

കെ. ജി. കുര്യച്ചൻ "ആത്മരക്ഷയും ജീവിതവും" എന്ന ചെറുപുസ്തകം പ്രസിദ്ധീകരിച്ചപ്പോൾ അതിന്റെ പുറംചട്ടയിൽ പടങ്ങൾ ഒന്നുമില്ലായിരുന്നു. ഇന്ന് അതിന്റെ പുതിയ പതിപ്പ് ചില ആധുനികർ ഇറക്കിയിട്ടുണ്ട്. അതിൽ യേശുവിന്റെ വ്യാജ പടം അച്ചടിച്ചിട്ടുണ്ട്. പടം ഇല്ലാത്തതു കൊണ്ടായിരുന്നു ഇതുവരെ ആരും പുസ്തകം വായിക്കാഞ്ഞത് എന്നായിരുന്നിരിക്കണം പ്രസാധകരുടെ ചിന്ത. വേർപാടുകാരെ എരുത്തിലിൽ കെട്ടരുതേ എന്ന് കുത്തകക്കാരോട് ഒരു അപേക്ഷയുണ്ട്. ●

അമ്പലംകുന്ന്/വാഴൂർ ഭാഗത്ത് ബുധനാഴ്ചതോറും നടത്തിവന്നിരുന്ന സുവിശേഷപ്രവർത്തനം ആഗസ്റ്റ് 11-ാം തീയതി നടക്കുന്നതിനിടയിൽ ട്രാക്റ്റ് വാങ്ങിയ ഒരാൾ പെട്ടെന്ന് പ്രകോപിതനാവുകയും ജോസ് അഞ്ചൽ, ബിജു വേങ്ങൂർ, പീറ്റർ ചണ്ണപ്പേട്ട എന്നിവരെ ഉപദ്രവിക്കുകയും, നിങ്ങൾ മതം മാറ്റുന്നവരാണ് എന്നു പറഞ്ഞുകൊണ്ട് ബൈബിളും കണ്ണാടിയുമെല്ലാം വലിച്ചെറിയുകയും, ട്രാക്റ്റ് കൊടുത്ത സഹോദരന്മാർക്കെതിരെ കേസ്സുകൊടുക്കുകയും ചെയ്തിരിക്കയാണ്. ദയവായി പ്രിയപ്പെട്ട സഹോദരന്മാരെയും കേസ്സുകൊടുത്ത പ്രിയപ്പെട്ടവരെയും ഓർത്ത് പ്രാർത്ഥിക്കേണമേ.

## പരിശുദ്ധാത്മസ്നാനവും അന്യഭാഷയും

| | | |
|---|---|---|
| പാസ്റ്റർ | : | നിങ്ങൾ രക്ഷിക്കപ്പെട്ടു എന്നു പറയുന്നു. എന്നാൽ പരിശുദ്ധാത്മ സ്നാനം പ്രാപിച്ചതാണോ? |
| വിശ്വാസി | : | അതെ. |
| പാസ്റ്റർ | : | എന്നിട്ട് നിങ്ങൾ അന്യഭാഷയിൽ സംസാരിക്കുന്നുണ്ടോ? |
| വിശ്വാസി | : | അന്യഭാഷ നിന്നുപോയതുകൊണ്ട് ഇപ്പോൾ ആരും അന്യഭാഷയിൽ സംസാരിക്കുന്നില്ല |
| പാസ്റ്റർ | : | അന്യഭാഷ നിന്നുപോകും എന്നല്ലാതെ നിന്നുപോയി എന്നു പറഞ്ഞിട്ടുണ്ടോ? നിന്നു പോയെങ്കിൽ എന്നാണ് നിന്നുപോയത് എന്നു പറയാമോ? |
| വിശ്വാസി | : | ആദിമസഭയിൽ അന്യഭാഷാവരം ലഭിച്ചിരുന്നവർ അന്യഭാഷയിൽ സംസാരിച്ചിരുന്നു. ഇപ്പോൾ ആരും സംസാരിക്കുന്നില്ല. അതുകൊണ്ട് അത് നിന്നുപോയി. |
| പാസ്റ്റർ | : | എന്നു നിന്നുപോയി എന്ന് നിങ്ങൾക്ക് പറയുവാൻ സാധിക്കാത്തിടത്തോളം അന്യഭാഷ നിന്നുപോയി എന്നു പറയുക സാധ്യമല്ല. |
| വിശ്വാസി | : | ആകട്ടെ, പരിശുദ്ധാത്മസ്നാനം എന്നാണ് നടന്നത് |
| പാസ്റ്റർ | : | അത് പെന്തക്കോസ്ത് ദിനത്തിലാണ് ആരംഭിച്ചത്. |
| വിശ്വാസി | : | അങ്ങനെ എവിടെയെങ്കിലും എഴുതിയിട്ടുണ്ടോ? |
| പാസ്റ്റർ | : | എഴുതിയിട്ടില്ലെങ്കിലും നമുക്ക് അറിയാവുന്ന കാര്യമാണ് |
| വിശ്വാസി | : | എന്നാൽ പരിശുദ്ധാത്മസ്നാനം പെന്തക്കോസ്തിൽ നടന്നു എന്ന് എഴുതാതെ അറിയാവുന്നതുപോലെ അന്യഭാഷ നിന്നുപോയി എന്ന് അന്യഭാഷ പറയാത്തതുകൊണ്ട് അറിയാം. |

## വാക്കും വചനവും

1. *അടുത്ത ഞായറാഴ്ച നമ്മുടെ മീറ്റിംഗ് ഇന്നത്തേതുപോലെ കൃത്യം പത്തുമണിക്കുതന്നെ ആരംഭിക്കുന്നതാണ്.*
**കഷ്ടം. കർത്താവ് ഏതുനിമിഷവും വരാം. കർത്താവു വന്നാൽ നാം കർത്താവിനോടുകൂടെ എടുക്കപ്പെടും എന്ന് ഇവർ പഠിപ്പിക്കുന്നെങ്കിലും അതു വിശ്വസിക്കുന്നില്ല എന്നു വ്യക്തമായില്ലേ. അതുകൊണ്ടല്ലേ കർത്താവ് വരാൻ താമസമെങ്കിൽ അടുത്തയാഴ്ചത്തെ മീറ്റിംഗ് കൃത്യം പത്തു മണിക്ക് ആരംഭിക്കും എന്നു പറയാഞ്ഞത്. അവരുടെ ഹൃദയത്തിന്റെ അടിത്തട്ടിൽ ഇനി കർത്താവൊന്നും വരാൻ പോകുന്നില്ല എന്ന ചിന്തയാണുള്ളത്. ഇത്തരക്കാരെ വിശേഷാൽ ശ്രദ്ധിക്കുക.**

2. *ഇനി നമുക്ക് ഈ സഹോദരനെക്കൊണ്ട് ബൈബിൾ ക്ലാസ്സ് എടുപ്പിക്കേണ്ട. അയാൾ പെന്തക്കോസ്തരുടെ പഠിപ്പിക്കൽ തെറ്റാണ് എന്നു ഇന്നു പഠിപ്പിച്ചതുകേട്ടില്ലേ*
**വേർപാടുകാരുടെ ബൈബിൾ ക്ലാസ്സിൽ വേർപാട് ഉപദേശം തെറ്റാണ് എന്നു പഠിപ്പിച്ചിരുന്നെങ്കിൽ എല്ലാവർക്കും വലിയ സന്തോഷമാകുമായിരുന്നു. അതാണ് പലരും ആഗ്രഹിക്കുന്നത്. ബ്രന്തിക്കോസ്തുകാർ പെരുകുന്നു**

3. *ആറു മാസം പ്രായമുള്ള സഹോദരന്റെ കുഞ്ഞ് ഹൃദയസംബന്ധമായ രോഗത്താൽ ഭാരപ്പെടുന്നു - ഒരു പ്രാർത്ഥനയ്ക്കുള്ള അപേക്ഷ*
**അത്ഭുതമായിരിക്കുന്നു. ആറുമാസം പ്രായമുള്ള സഹോദരന് മക്കളുണ്ടാവുക എന്നത് ചിന്തിക്കുവാൻപോലും സാധിക്കുന്നില്ല.**

4 **ഒരു പ്രസംഗകൻ:** ഇവിടെയുള്ള വേർപാടുകാരാണ് സിലോൺ പെന്തക്കോസ്ത് സമൂഹത്തിന് വേണ്ട സഹായസഹകരണങ്ങൾ ആദ്യകാലഘട്ടങ്ങളിൽ നൽകി അവരെ വളർത്തിയത്. ഇന്ന് നമ്മുടെ നല്ല പങ്ക് ആളുകളും അവരുടെ കൂടെ പോയി എന്നു മാത്രമല്ല നമ്മെ ദുരുപദേശക്കാർ എന്ന് പറഞ്ഞ് ദുഷിക്കയും ചെയ്യുന്നു.
**അവിടുത്തെ വേർപാട് സഭക്കാർ:** ഇനി മേലിൽ നിങ്ങൾ ഇവിടെ പ്രസംഗിക്കേണ്ട

5 കോളേജിൽ പഠിക്കുന്ന ഒരു വേർപാടുകാരൻ പയ്യന് പ്രണയജ്വരം പിടിപെട്ടു. ഉപദേശിയെ വിളിച്ച് പ്രാർത്ഥിപ്പിക്കാം വീട്ടുകാർ പറഞ്ഞു. ഉപദേശി വീട്ടിൽ ചെന്ന് കുറച്ച് ഉപദേശവും കൊടുത്ത് പ്രാർത്ഥിച്ചു മടങ്ങി. പയ്യന് യാതൊരു വ്യത്യാസവുമില്ല. വീട്ടുകാർ അടുത്ത പ്രതിവിധി അന്വേഷിച്ചു. നമുക്ക് പെന്തക്കോസ്ത് പാസ്റ്ററെ വിളിച്ച് പ്രാർത്ഥിപ്പിക്കാം. പാസ്റ്റർ വന്ന് രണ്ടു ദിവസത്തെ ഉപവാസപ്രാർത്ഥന പ്രഖ്യാപിച്ചു. പ്രാവാചകന്മാരും പ്രവാചകിമാരും അന്യഭാഷക്കാരും എല്ലാം വന്നു കാര്യങ്ങൾ തകൃതിയായി നടന്നു. ഇപ്പോൾ പയ്യന് പ്രണയവും ഇല്ല ഒന്നുമില്ല. കോളേജിൽ പോകാതെ ഒരു മാനസികരോഗിയായി വീട്ടിൽ ആരോടും മിണ്ടാതെ കഴിയുന്നു. ഇടക്കിടെ പറയും പെന്തക്കോസ്തുകാരല്ലേ നമ്മളേക്കാൾനല്ലവർ.

## ചിന്താധാര

# ചെമ്പാണികൾ

*P.S. Ninan- 9446004619*

**"ഞാ**ൻ മിണ്ടാതിരുന്നപ്പോൾ, നിത്യമായ ഞരക്കത്താൽ എന്റെ അസ്ഥികൾ ക്ഷയിച്ചുപോയി" (സങ്കീ.32:3) ഈ വാക്യത്തെ അടിസ്ഥാനമാക്കി തങ്ങളുടെ പാപങ്ങൾ ദൈവസന്നിധിയിൽ ഏറ്റു പറയണം എന്ന സത്യത്തിന് ഊന്നൽ കൊടുത്ത് ഒരു ദൈവദാസൻ ഒരിക്കൽ പ്രസംഗിച്ചു. പ്രസംഗത്തിനുശേഷം ഒരു വിശ്വാസി തന്റെ അടുക്കൽ വന്ന് ഇങ്ങനെ പറഞ്ഞു. 'എന്റെ യജമാനൻ വള്ളം ഉണ്ടാക്കി വില്ക്കുന്ന ഒരു വ്യവസായിയാണ്. പണിക്കായി ധാരാളം ചെമ്പാണികൾ വാങ്ങാറുണ്ട്. വീട്ടിലെ പല ആവശ്യങ്ങൾക്കായി പലപ്പോഴായി ഞാൻ ഈ ആണികൾ കൊണ്ടുപോകാറുണ്ട്. മുതലാളിയോടു ചോദിച്ചാൽ തരികയില്ല. താൻ ഒരു അവിശ്വാസിയാണ്. പലപ്രാവശ്യം തന്നോടു ഞാൻ സുവിശേഷം സംസാരിച്ചിട്ടുണ്ട്. എങ്കിലും താൻ പുച്ഛിച്ചിട്ടുതള്ളുകയാണുണ്ടായത്. ഈ പ്രസംഗം കേട്ടതുമുതൽ എന്റെ മനസ്സാക്ഷി വല്ലാതെ കുത്തുന്നു. സത്യം ഏറ്റുപറഞ്ഞാൽ എന്നെ ഒരു കപടഭക്തനായി കണക്കാക്കില്ലേ. ഞാൻ ചെയ്തതു മോഷണമായതുകാരണം ഏറ്റുപറഞ്ഞില്ലെങ്കിൽ അതു വലിയ പാപമല്ലേ? ദൈവദാസൻ ഒന്നും പറഞ്ഞില്ല. ആഴ്ചകൾ കഴിഞ്ഞു വീണ്ടും ഇവർ തമ്മിൽ കണ്ടുമുട്ടുവാനിടയായി. വിശ്വാസി അടുത്തു ചെന്നു പറഞ്ഞു "എല്ലാം ശരിയായി. സമാധാനമായി" വളരെ ആകാംഷയോടെ ദൈവദാസൻ ചോദിച്ചു 'എങ്ങനെ' മുതലാളിയുടെ മുമ്പിൽ ഞാൻ സർവ്വതും തുറന്നു പറഞ്ഞു. താൻ പറഞ്ഞു "ജോർജ്ജ്, ഞാൻ വിചാരിച്ചു നീ ഒരു കപടഭക്തനാണെന്ന്. നിന്റെ വിശ്വാസം ഞാൻ മനസ്സിലാക്കിയതിലും വലുതാണ്. ഒരു തൊഴിലാളിയെ മനക്കുത്തലുണ്ടാക്കി പശ്ചാത്തപിക്കുവാൻ പ്രേരിപ്പിക്കുന്ന വിശ്വാസം എത്ര വലുതാണ്. ആ വിശ്വാസം എനിക്കും വേണം. ഇപ്പോൾ ഞങ്ങൾ ഒരുമിച്ച് ആരാധനക്ക് പോകുന്നു.

നമ്മുടെ ജീവിതത്തിലും അവിശ്വസ്തതകൾ ഉണ്ടായിട്ടില്ലെ? ആ ഭാരവും പേറിക്കൊണ്ട്നാം ദിനവും ജീവിക്കയല്ലേ? പരിഹാരം തേടുക. പശ്ചാത്തപിച്ച് ഏറ്റു പറയുക. നമുക്കുവേണ്ടി ഇടനില നിൽക്കുന്ന ഒരു കാര്യസ്ഥൻ ഉയരത്തിലുണ്ട് (1 യോഹ.2:1). ●

# കാവൽക്കാരൻ കൊള്ളക്കാരനായാൽ

''മനുഷ്യപുത്രാ ഞാൻ നിന്നെ യിസ്രായേലിനു കാവല്ക്കാരനാക്കിയിരിക്കുന്നു." കാവൽക്കാരന്റെ ജോലി യിസ്രായേലിന്റെ ശത്രുക്കളും നാശകരും വരുന്നോ എന്ന് സൂക്ഷ്മ നിരീക്ഷണം നടത്തിക്കൊണ്ടിരിക്കയാണ്. അവന് ഉറങ്ങുവാനോ അലസനായിരിപ്പാനോ, സ്വന്തകാര്യത്തിന് സമയം ചിലവഴിക്കാനോ സാധ്യമല്ല. ശത്രു അകത്തു കടന്നാൽ ആദ്യം കാവൽക്കാരന്റെ നാശമായിരിക്കും സംഭവിക്കുക. പിന്നീടു മാത്രമേ യിസ്രായേൽ ജനം നശിക്കയുള്ളു. എന്നാൽ കാവൽക്കാരൻ തന്നെ കൊള്ളക്കാരനായാലോ? ചിന്തിക്കുക.

വടക്കേ ഇൻഡ്യയിൽ നിന്നും ലഭിക്കുന്ന വിവരമനുസരിച്ച് ഒരു സുവിശേഷ പ്രവർത്തകൻ അവിടെയുള്ള ഒരു സഹോദരിയോട് ചെയ്യരുതാത്തത് ചെയ്തു എന്നറിഞ്ഞു. ഈ വിവരം നെറ്റിൽ വിശദമായി എഴുതിയത്രെ. എന്നാൽ തന്റെ കൂടിവരവിലെ ഒരു വിഭാഗം തനിക്ക് അനുകൂലമായി നിൽക്കുകയും അനേകലക്ഷം മുടക്കി പ്രശ്നം ഒതുക്കിതീർക്കുകയും ചെയ്തു. മറ്റൊരു സുവിശേഷപ്രവർത്തകന്റെ കാര്യവും ഇങ്ങനെതന്നെ. 15-18 ലക്ഷം രൂപ മുടക്കിയാണ് വേലക്കാരത്തിയെ ഒഴിവാക്കിയത് എന്നറിഞ്ഞു. നാലുലക്ഷം മുടക്കി കേസ് ഒതുക്കിയ ആളെയും കുറിച്ച് കേട്ടിട്ടുണ്ട്. മറ്റു പല കേസുകളും ഇതുപോലെ കേൾക്കുന്നുണ്ട്. ഇത്തരം കേസുകളിലും ധൂർത്തു കല്യാണങ്ങളിലും സുവിശേഷവേലക്കാരുടെ പേരുകളാണ് ഉയർന്നുകേൾക്കുന്നത്. ഇതൊക്കെ മാസികയിൽ എഴുതുന്നതും പ്രസിദ്ധീകരിക്കുന്നതും യോഗ്യമോ എന്നു പലരും ചോദിച്ചേക്കാം. നമ്മുടെ സമൂഹത്തിൽ ഞരമ്പുരോഗം പടർന്നുപിടിച്ച് നാം സോദോമിനു തുല്യം നശിച്ചുപോകരുത് എന്ന ആഗ്രഹം കൊണ്ട് എഴുതിപ്പോകുന്നതാണ്. ഇപ്പോൾ വളരെയധികം കേസുകൾ ഇങ്ങനെ ഉണ്ട്. ചിലർ യാതൊരു ചിന്തയുമില്ലാതെ ഇത്തരക്കാരെ അനുകൂലിക്കുന്നു എന്നതാണ് ദുഃഖകരം.

യാതൊരു കാരണവശാലും ഇത്തരക്കാരെക്കൊണ്ട് എന്തെങ്കിലും ശുശ്രൂഷ ചെയ്യിക്കയോ, അവരെ ശുശ്രൂഷക്ക് വിളിക്കുകയോ ചെയ്യരുത്. നിങ്ങൾ ദൈവസഭയെ നശിപ്പിക്കുവാൻ പിശാചിനോട് ചേരരുത്. തിന്മയോട് എതിർത്തു നില്ക്കുക. നിശ്ചയമായും നിങ്ങൾ ദൈവമുമ്പാകെ കണക്കു കൊടുക്കേണ്ടിവരും. ❍

### സഹജീവിശബ്ദം

ഏതാണ്ട് പത്തുവർഷം മുമ്പ് വിശ്വാസികളും സുവിശേഷകരും പറഞ്ഞുകേട്ട ഒരു സംഭവം ഓർമ്മയിൽ വരുന്നു. ബാങ്കിൽ കൂടുതൽ പണം നിക്ഷേപിക്കുന്ന ആൾക്കാരെ ഓരോ വർഷവും ബാങ്കുകാർ വിളിച്ച് അനുമോദിക്കുക സാധാരണയാണ്. ഒരിക്കൽ അവർ വിളിച്ചത് ഒരു സുവിശേഷകനെയാണ്. അദ്ദേഹത്തിന്റെ ബുദ്ധിയിൽനിന്നും എഴുതിയിരിക്കുന്ന പ്രത്യാശാനിർഭരമായ പാട്ടുകൾ ഞങ്ങൾ പാടാറില്ല എന്നും അവർ (വിശ്വാസികൾ) പറയുന്നതു കേട്ടു. *സുവിശേഷകൻ ആഗസ്റ്റ് 2016*

# പുസ്തകങ്ങൾ

**TABERNACLE** - Rs. 100 (English)

**ആവശ്യപ്പെടേണ്ട വിലാസം**

Samson Henry
Zion, Aradhana Nagar - 22
Behind Sankers Hospital
Kollam, Mob: 9447410769

1. **പഴയപാതകൾ – വില Rs. 60**

*(പത്തുരൂപയുടെ സ്റ്റാമ്പ് അയക്കുന്നവർക്ക് ഒരു കോപ്പി സൗജന്യമായി ലഭിക്കും)*

2. **സത്യസഭ**

*ഇതരസഭാവിഭാഗത്തിലുള്ള സത്യാന്വേഷകർക്ക് സൗജന്യമായി വിതരണം ചെയ്യുവാൻ താല്പര്യമുള്ളവർ ആവശ്യപ്പെട്ടാൽ കുറച്ച് കോപ്പികൾ അയച്ചുകൊടുക്കുന്നതാണ്.*

**ആവശ്യപ്പെടേണ്ട വിലാസം**

N.G. John
106 Kamal Kunju
Near Godrej hall
Fatehganj, Baroda
Gujarat State - 390002
Mob: 09426370676

1. യഹോവാസാക്ഷികൾ ക്രിസ്ത്യാനികളോ? Rs. 150
2. അന്യഭാഷ ഒന്നാം നൂറ്റാണ്ടിലും ഈ നൂറ്റാണ്ടിലും – Rs. 100 ($6^{th}$ Edition)
3. ആത്മാവിലും സത്യത്തിലും കഴിക്കുന്ന ആരാധന – Rs. 100

*ഒന്നാമത്തെ പുസ്തകം സ്റ്റോക്ക് ഉണ്ട്. രണ്ടാമത്തേതും മൂന്നാമത്തേതും പ്രിന്റിംഗിനുള്ള ക്രമീകരണങ്ങൾ നടക്കുന്നു.*

**നിങ്ങളുടെ കോപ്പികൾ ബുക്കു ചെയ്യുക**

**P. James Samuel Ph: 8592019064**

For private Circulation only

**BOOK POST**
**PRINTED MATTER ONLY**

**To**

IF NOT DELIEVERED
PLEASE RETURN TO

P. JAMES SAMUEL
THONDIYATHU VEETTIL
KALLISSERY P.O.
CHENGANNUR
KERALA - 689124

Printed and published by P. James Samuel, Thondiyathu Veettil, Kallissery 689124, Kerala
Layout by Johnsons Computers, Printed at Evangel Press Tiruvalla